# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ജൂൺ 16 | ദീപം 55 | നാളം 15 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


# ഹൃദയംകൊണ്ടു കേൾക്കുക

## ആഗോള മാധ്യമദിനമായ ജൂൺ 5 ന് ഫ്രാൻസിസ് പാപ്പാ നല്കിയ സന്ദേശത്തിൽനിന്ന്

മനുഷ്യകുലത്തിനേറ്റവും അത്യാവശ്യമുള്ളതെന്താണ് എന്ന് വളരെ പ്രശസ്തനായ ഡോക്ടറോടു ചോദിച്ചതിനുള്ള ഉത്തരമായി അദ്ദേഹം പറഞ്ഞത്, ശ്രവിക്കപ്പെടണം എന്ന അതിരുകളില്ലാത്ത ആഗ്രഹമായിരുന്നു. മനസ്സുകളിലേൽക്കുന്ന മുറിവുണക്കുന്നതിൽ പ്രാവീണ്യമുള്ള ഒരു ഡോക്ടറായിരുന്നു അദ്ദേഹം. ഇത്ര അദമ്യമായ ആഗ്രഹം പലപ്പോഴും ഒളിഞ്ഞുകിടക്കുകയാണു പതിവ്. പക്ഷേ, ഒളിഞ്ഞുകിടക്കുന്ന ഞാൻ ശ്രദ്ധിക്കപ്പെടണം, ഞാൻ പറയുന്നതു കേൾക്കണം എന്ന ആഗ്രഹം, പലർക്കും ഒരു വെല്ലുവിളിയാവുകയാണ്. പ്രത്യേകിച്ചു മാതാപിതാക്കൾ, അധ്യാപകർ, അജപാലകർ എന്നിങ്ങനെയുള്ള സാമൂഹികമോ രാഷ്ട്രീയപരമോ ആയ തൊഴിൽത്തുറകളിലുള്ളവർക്ക്. സാമൂഹിക വിനിമയ സമ്പർക്ക മേഖലകളിലുള്ളവർക്കു പ്രത്യേകിച്ചും.

### ഹൃദയമാകുന്ന ചെവികൊണ്ടുള്ള ശ്രവണം

വിശുദ്ധ ലിഖിതങ്ങളിൽനിന്നു നമുക്കു മനസ്സിലാവുന്നത്, ശ്രവിക്കുക എന്നത് ശബ്ദത്തെക്കുറിച്ചുള്ള ഗ്രാഹ്യം മാത്രമല്ല; മറിച്ച്, ദൈവവും മനുഷ്യകുലവും തമ്മിലുള്ള ഒരു സംഭാഷണസംവേദനത്തിലധിഷ്ഠിതമായുള്ള ഒരു ബന്ധംകൂടിയാണ് - ഒരു ഹൃദയബന്ധം. 'ശ്രവിക്കുക ഇസ്രായേലേ' (നിയമാ. 6:4) എന്ന തോറയുടെ ആദ്യകല്പനയുടെ തുടക്കം തന്നെ പലപ്പോഴും വി. ഗ്രന്ഥത്തിൽ അടിവരയിടുന്നതാണ്. വി. പൗലോസ് റോമാക്കാരോടു പറയുന്നതുതന്നെ, വിശ്വാസം വരുന്നത് ശ്രവിക്കുന്നതിലൂടെയാണ് എന്നാണ് (റോമ. 10:17). ഇതിനു പ്രാരംഭം കുറിച്ചതും മുൻകൈ എടുത്തതും ദൈവമാണെങ്കിലും നമ്മൾ അവനെ ശ്രവിച്ചു സമുചിതമായി പ്രതികരിക്കുന്നു. ഈ ശ്രവണം എന്ന അനുഗ്രഹവും സ്രഷ്ടാവിന്റെ പ്രസാദവരത്തിൽനിന്നുതന്നെ ഉദ്ഭവിക്കുന്നതാണെന്ന് ഒരു നവജാതശിശു തന്റെ മാതാപിതാക്കളുടെ ശബ്ദം തിരിച്ചറിയുന്നതിലൂടെ നമുക്കു പെട്ടെന്നു മനസ്സിലാവും. നമ്മുടെ പഞ്ചേന്ദ്രിയങ്ങളിലേറ്റവും ശ്രേഷ്ഠമായതും സ്രഷ്ടാവിനു പ്രിയപ്പെട്ടതും ശ്രവണശക്തിയാവണം. കാരണം, അതു മനുഷ്യന് ഏറ്റവും സ്വാതന്ത്ര്യം നൽകുന്നതും അവധാനപൂർവമായതും എതിരേയുള്ളവരെ കടന്നുപിടിക്കാത്തതും ആകുന്നു. ശ്രവിക്കുന്നതും ശ്രവണശക്തിയും ദൈവത്തിന്റെ വിനയസ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നതാണ്. സ്രഷ്ടാവായ ദൈവം തന്നെത്തന്നെ അനാവരണം ചെയ്തുകൊണ്ട് തന്റെതന്നെ പ്രതിച്ഛായയിൽ മനുഷ്യനെ പുരുഷനായും സ്ത്രീയായും സൃഷ്ടിക്കുകയും അതിനുശേഷം അവരെ ശ്രവിക്കുന്നതിലൂടെ തന്റെ ആശയവിനിമയത്തിൽ പങ്കാളികളാക്കുകയും ചെയ്യുന്നു. മനുഷ്യകുലത്തെ സ്നേഹിക്കുന്നതിനാലാണ്, സ്രഷ്ടാവായ ദൈവം തന്റെ വചനം അവർക്കു നൽകുന്നതും അവരെ ശ്രവിക്കാനായി തന്റെ ചെവികൾ നൽകുന്നതും.

ഇതിനു കടകവിരുദ്ധമായി, മനുഷ്യൻ ഈ മധുരോദാരമായ ബന്ധത്തിൽനിന്ന് ഓടിയൊളിക്കാനായി ശ്രമിക്കുന്നു. പുറംതിരിഞ്ഞു നിൽക്കുകയും ചെവി കൊട്ടിയടച്ചുകൊണ്ടു ശ്രവിക്കേണ്ട ഉത്തരവാദിത്വത്തിൽനിന്നു മാറിനിൽക്കുകയും ചെയ്യുന്നു. ഈ മാറിനിൽക്കൽ പലപ്പോഴും മറ്റുള്ളവരോടുള്ള കയ്യേറ്റവും സമാധാനലംഘനവുമാകുന്നു. സ്റ്റീഫൻ ധീക്കനോടു ചെവി കൊട്ടിയടച്ച് അക്രമോത്സുകരായി ചെന്നവരെപ്പോലെ (അപ്പ.7:57) പരസ്പരസമാധാനം ലംഘിച്ചു വർത്തിക്കുന്നു. എപ്പോഴും സ്രഷ്ടാവായ ദൈവം തന്നെത്തന്നെ അനാവരണം ചെയ്യുന്നത് നമ്മളോടു കെട്ടുപാടുകളില്ലാതെ ആശയവിനിമയം ചെയ്തിട്ടാണ്.

വ്യക്തമായും സ്പഷ്ടമായും നാഥൻ മനുഷ്യരായ നമ്മെ സ്നേഹത്തിന്റെ ഉടമ്പടിയിലേക്കു ക്ഷണിക്കുന്നുണ്ട്. അടിസ്ഥാനപരമായി ശ്രവിക്കാനുള്ള സന്നദ്ധത സ്നേഹത്തിന്റെ അളവും മാനവുമാണ്. സ്നേഹത്തിന്റെ ഉടമ്പടിയിലേക്കുള്ള ആ ക്ഷണം അങ്ങനെ നമുക്കു നമ്മളാവാനുള്ള സാധ്യതയാണ്. അവരവർക്കുള്ള സ്ഥാനങ്ങളും അധികാരങ്ങളും വിട്ടുകൊടുക്കുമ്പോഴാണ് നമ്മൾ മനുഷ്യർ, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാകുന്നത്.

'ആകയാൽ, നിങ്ങൾ എങ്ങനെ കേൾക്കുന്നു എന്നു സൂക്ഷിച്ചുകൊൾവിൻ'' (ലൂക്കാ 8:18). വിതക്കാരന്റെ ഉപമ വിവരിച്ചതിനുശേഷം ഇങ്ങനെ യേശുക്രിസ്തു പരസ്യമായി ആഹ്വാനം ചെയ്തതു വെറുതെ കേൾക്കുന്ന കേൾവിക്കാരനാവാനല്ല; മറിച്ച്, നല്ലപോലെ ശ്രദ്ധിച്ചു ശ്രവിച്ചു മനസ്സിലാക്കാൻവേണ്ടിക്കൂടിയാണ്. സത്യസന്ധവും നല്ലതുമായ ഹൃദയഭാവത്തോടെ വചനം സ്വീകരിക്കുന്നവർക്കേ അതു കാത്തുസൂക്ഷിക്കാനും പ്രതീക്ഷിച്ച സദ്ഫലങ്ങൾ - ജീവന്റെയും രക്ഷയുടെയും - അനുഭവിക്കാനും സാധിക്കൂ (വി. ലൂക്കാ 8:15). ആരെയാണു നമ്മൾ ശ്രവിക്കുന്നതെന്നും എന്താണു ശ്രവിക്കുന്നതെന്നും എങ്ങനെയാണു ശ്രവിക്കുന്നതെന്നും ശ്രദ്ധിച്ചാലേ ആശയവിനിമയം എന്ന കലയിൽ നമുക്ക് അഭിവൃദ്ധി പ്രാപിക്കാൻ സാധിക്കൂ. ഇത് ഒരു സിദ്ധാന്തമോ പരിജ്ഞാനമോ സാങ്കേതികശക്തിയോ അല്ല; മറിച്ച്, വെറും അടുപ്പം സാധ്യമാക്കുന്ന ഹൃദയങ്ങളുടെ തുറവുമാത്രമാണ് (സുവിശേഷത്തിന്റെ സന്തോഷം, 171 (2003).

നമുക്കു ചെവികളുണ്ടെങ്കിൽപ്പോലും, പലപ്പോഴും നല്ല ശ്രവണശക്തിയുള്ളവർക്കുപോലും പരസ്പരം കേൾക്കാൻ പറ്റാതാവുന്നുണ്ട്. ശാരീരികമായ ബധിരതയെക്കാൾ ഇതിനു കാരണം ഹൃദയംകൊണ്ടും മനസ്സുകൊണ്ടും കേൾക്കാനുള്ള സന്നദ്ധതയില്ലായ്മയാണ്. വെറുതെ ശ്രവിക്കുക എന്ന ബാഹ്യമായ ശാരീരിക കഴിവിനെക്കാൾ കേൾക്കുക എന്നത് മനുഷ്യസ്വത്വത്തെയാകെ ബന്ധപ്പെട്ടുകിടക്കുന്നതാണ്.



ശ്രവിക്കുന്നതിന്റെ അടിസ്ഥാനം ഹൃദയത്തിലാണ്. സോളമൻ രാജാവ് തീരെ ചെറുപ്പമായിരുന്നു, എങ്കിൽക്കൂടി വളരെ ബുദ്ധിയോടെ നാഥനോടപേക്ഷിച്ചത് തനിക്കു ശ്രവിക്കാൻ തയ്യാറുള്ള ഒരു ഹൃദയം നൽകണം (1 രാജാ. 3:9) എന്നായിരുന്നു. വിശുദ്ധ ആഗസ്തീനോസ് പറഞ്ഞിരുന്നത്, പുറമേയുള്ള ചെവികൾകൊണ്ടല്ല അകമേയുള്ള ഹൃദയം കൊണ്ടു ശ്രവിക്കാനായിരുന്നു. അസ്സീസിയിലെ വി. ഫ്രാൻസിസ് ആഹ്വാനം ചെയ്തത് ചെവികളിലല്ല ഹൃദയം വേണ്ടത്, ചെവിയുള്ള ഹൃദയമാണു വേണ്ടത് എന്നായിരുന്നു.

ആകയാൽ, സത്യസന്ധമായ ആശയവിനിമയം വീണ്ടെടുക്കേണ്ടതിനു ചെയ്യേണ്ടത് നമ്മൾ നമ്മളെത്തന്നെ ശ്രവിക്കുക എന്നതാണ്. ഏറ്റവും ആവശ്യമായ ആവശ്യങ്ങളിലേക്ക്... നമ്മുടെ ഉള്ളിന്റെയുള്ളിൽ എഴുതപ്പെട്ടിരിക്കുന്ന ഏറ്റവും അടിസ്ഥാനപരമായ ആവശ്യങ്ങളെ ശ്രവിക്കണം.

▶13

# മതേതരത്വത്തിന്റെ സൂര്യശോഭ

**ഈയിടെ അന്തരിച്ച ദാമോദരസിംഹർ ഭാസ്കരൻ കർത്തായെ ഡോ. സിറിയക് തോമസ് അനുസ്മരിക്കുന്നു.**



**ഡോ. സിറിയക് തോമസ്**

**ക**ഴിഞ്ഞ നാളിൽ നാടുനീങ്ങിയ രാജശ്രീ ദാമോദരസിംഹർ ഭാസ്കരൻ കർത്താ എന്ന മീനച്ചിൽ രാജകുടുംബസ്ഥാനീയൻ കർത്താക്കന്മാരുടെ കർത്താവായിരുന്നെന്നു നിസ്സംശയം പറയാം. ദീർഘായുസ്സുകൊണ്ടും രാജഗുണങ്ങൾകൊണ്ടും മുക്കാൽ നൂറ്റാണ്ടുകാലം മീനച്ചിൽ പ്രദേശത്തു ഭാസ്കരൻ കർത്താ എന്ന മീനച്ചിൽ കർത്താ സർവാദരണീയനായി വിരാജിച്ചശേഷമാണ് നൂറ്റിയൊന്നാം വയസ്സിൽ കാലത്തെ കടന്നുപോയത്. രാജഭരണകാലത്തെയും ജനാധിപത്യയുഗത്തെയും തമ്മിൽ ഗാഢമായി ബന്ധിപ്പിച്ച ചരിത്രത്തിന്റെ പാലമായിരുന്നു ഭാസ്കരൻ കർത്താ. സൗമ്യമായ വാക്കുകളും പ്രൗഢമായ ഇടപെടലുകളുംകൊണ്ട് അദ്ദേഹം നാനാ ജാതിമതസ്ഥരുടെയും മനസ്സുകളിൽ ഇടം നേടി. ആത്മീയാചാര്യൻമാർപോലും അദ്ദേഹത്തിന്റെ സമീപത്ത് ആദരവോടെ വണങ്ങിനിന്നു എന്നതുതന്നെ അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവത്തിന്റെ സാക്ഷ്യമായിരുന്നു.

സ്വാതന്ത്ര്യംകിട്ടി നമ്മുടെ രാജ്യത്തിനു നിയതമായ നിയമവ്യവസ്ഥയോടുകൂടിയ ഒരു ഭരണഘടന നിലവിൽവന്നിട്ടു മുക്കാൽ നൂറ്റാണ്ടാവുന്നതേയുള്ളൂ. ഭരണഘടനയുടെ മഹത്തായ മൂല്യമായി നമ്മളെല്ലാവരും കൊണ്ടാടുന്നത് ഭരണഘടന നമുക്ക് ഉറപ്പുനൽകുന്ന മതേതരവ്യവസ്ഥയെയാണ്. എന്നാൽ, ഈ സംവിധാനവും സങ്കല്പവും സംസ്കാരവും ഭരണഘടന നിലവിൽ വരുന്നതിനു നൂറ്റാണ്ടുകൾമുമ്പും ഭാരതത്തിന്റെ 'ഭരണസംസ്കാരം' ഇവിടെ നിലനിറുത്തിയിരുന്നുവെന്ന തിരിച്ചറിവു നമുക്കുണ്ടാകേണ്ടതുണ്ട്. അതിന് രാജ്യത്തു നിരവധി ഉദാഹരണങ്ങളും ചരിത്രയാഥാർത്ഥ്യങ്ങളുമുണ്ട്. അക്കൂട്ടത്തിൽ തിളങ്ങിനില്ക്കുന്ന ഒരു മതേതരപ്രതീകമാണ് പാലാ വലിയ പള്ളി എന്ന പാലായിലെ കത്തീഡ്രൽ.



ആയിരം വർഷംമുമ്പാണ് പാലാ വലിയ പള്ളി സ്ഥാപിതമായതെന്നാണു ചരിത്രത്തെളിവുകളും വിശ്വാസവും. അന്നു പാലാപ്രദേശത്ത് അഞ്ചോ ആറോ ക്രൈസ്തവകുടുംബങ്ങൾ മാത്രമാണുണ്ടായിരുന്നത്. ഭരണഘടനാഭാഷ ഉപയോഗിച്ചാൽ ക്രൈസ്തവ'ന്യൂനപക്ഷം'. പാലായിൽ ആരാധനാലയം ഇല്ലാതിരുന്നതുകൊണ്ട് ഞായറാഴ്കളിൽ കുറവിലങ്ങാടുപള്ളിയിലായിരുന്നുവത്രേ അവരൊക്കെ പ്രാർത്ഥനയ്ക്കു പോയിരുന്നത്. ഹൈന്ദവസഹോദരങ്ങളുടെ ഭാഷയിൽ 'ദർശനത്തിന്' പോയിരുന്നത്! ഇക്കാര്യം എപ്പോഴോ അന്നു മീനച്ചിൽ ഭരണാധികാരിയായിരുന്ന ക്ഷത്രിയസ്ഥാനീയൻ മീനച്ചിൽ കർത്തായുടെ ശ്രദ്ധയിൽവന്നു. തന്റെ പ്രജകളിൽപ്പെട്ട ഒരു വിഭാഗത്തിന് അവരുടെ വിശ്വാസപ്രകാരം ആരാധനയ്ക്ക് അവസരമില്ലെന്ന അറിവിലാണ് ഭൂമിയും പള്ളി പണിയാനുള്ള തടിയും സൗജന്യമായി നൽകി പാലാപ്പള്ളി സ്ഥാപിച്ചത്. തന്റെ പ്രജകളിൽത്തന്നെയുള്ള ചിലർ പള്ളിപണി തടസ്സപ്പെടുത്താൻ ശ്രമിക്കുന്നുവെന്നറിഞ്ഞപ്പോൾ കർത്താ നേരിട്ടെത്തി അവിടെത്തന്നെ ശ്രാമ്പി (ഷെഡ്) കെട്ടി താമസിച്ചു പള്ളിപണി പൂർത്തിയാക്കിക്കൊടുക്കുകയായിരുന്നുവെന്നും കഥയുണ്ട്. അതിന്റെ സാധ്യതയും തള്ളിക്കളയാനാവില്ല. പള്ളിപണി പൂർത്തിയാക്കി കർത്താ മടങ്ങിയപ്പോൾ ആ ശ്രാമ്പിയിൽ താമസിച്ചവരാണത്രേ പിന്നീട് 'ശ്രാമ്പിക്കൽ'ക്കാരായതെന്നും വ്യാഖ്യാനമുണ്ടല്ലോ.

പുതിയ കത്തീഡ്രൽ പണി പൂർത്തിയാക്കി കൂദാശ ചെയ്യുന്ന ദിവസം പാലായുടെ ആദ്യ ബിഷപ്പായിരുന്ന മാർ സെബാസ്റ്റ്യൻ വയലിൽ കുമ്പാനി മഠത്തിൽച്ചെന്ന് ശ്രീ ഭാസ്കരൻ കർത്തായെക്കണ്ട് ഒരു ഓട്ടുവിളക്കു സമ്മാനിച്ചതും പാലാപ്പള്ളിക്ക് തേക്കിന്റെ ഒരു കൊടിമരം കർത്താക്കന്മാർ സംഭാവന ചെയ്തതും മീനച്ചിൽ താലൂക്കിന്റെ മതസാഹോദര്യത്തിന്റെയും പഴയകാല ഭരണാധികാരികളുടെ 'മതേതര'മനസ്സിന്റെയും തിളക്കമാർന്ന തെളിവുകൾതന്നെ. പില്ക്കാലത്ത് പള്ളിക്കാപറമ്പിൽ പിതാവും കല്ലറങ്ങാട്ടു പിതാവും മുരിക്കൻപിതാവുമൊക്കെ വയലിൽപ്പിതാവിന്റെ മാതൃകയാണു സ്വീകരിച്ചതും. സ്വാതന്ത്ര്യലബ്ധിക്കുശേഷം പ്രാദേശിക ഭരണസംവിധാനത്തിന്റെ ഭാഗമായി പഞ്ചായത്തുകൾ നിലവിൽവന്നപ്പോൾ മുത്തോലി പഞ്ചായത്തിന്റെ പ്രസിഡന്റായി ശ്രീ ഭാസ്കരൻ കർത്താ തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. ജനാധിപത്യകാലത്തും കർത്താക്കന്മാർ 'പ്രജകൾ'ക്കൊപ്പംതന്നെ നിന്നുവെന്നു സാരം.


നൂറു വയസ്സുവരെ ജീവിച്ചുവെന്നതല്ല, നൂറാം വയസ്സിലും മനസന്തോഷത്തോടെയും മുഖപ്രസാദത്തോടെയും ജനങ്ങളെ സ്നേഹിച്ചും അവരുടെ ആവശ്യങ്ങളിൽ അവർക്കൊപ്പം നിന്നും അവരെ അന്വേഷിച്ചും നാടിന്റെ സ്പന്ദനങ്ങളറിഞ്ഞും ജീവിച്ചുവെന്നതാണ് ഭാസ്കരൻ കർത്തായെ വ്യത്യസ്തനാക്കുന്നത്. ഏതു ഭരണവ്യവസ്ഥയും ജനങ്ങൾക്കു നന്മയായി ഭവിക്കണമെങ്കിൽ ഭരണകർത്താക്കളുടെ മനസ്സ് ജനങ്ങളോടുള്ള പ്രതിബദ്ധതയിലാണു നിലനില്ക്കേണ്ടതെന്ന വലിയ പാഠമാണു മീനച്ചിൽ കർത്താക്കന്മാരുടെ ചരിത്രസാക്ഷ്യം. അതിന്റെ ഏറ്റവും വലിയ താരശോഭയിലാണ് ദാമോദരസിംഹർ ഭാസ്കരൻ കർത്താ നമ്മെ കടന്നുപോയത്.

■


## വായന

### ഗുരുസ്മരണകൾ

ഗ്രന്ഥകർത്താ : ജോർജ് കുളങ്ങര
പ്രസാധനം : ദീപനാളം പബ്ലിക്കേഷൻസ്, പാലാ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 200 രൂപ




താൻ കടന്നുപോന്ന കാലത്തെയും തന്റെ നിത്യഹരിതമായ അനുഭവങ്ങളെയും ശ്രീ ജോർജ് കുളങ്ങ തന്റെ 'ഗുരുസ്മരണ'കളിലൂടെ ഭംഗിയായി വരച്ചുകാണിക്കുകയാണ്. ജീവിതത്തിലേക്കുള്ള ഒരു തിരിഞ്ഞുനടത്തമാണിത്. വായനക്കാർക്ക് ഉൾക്കാഴ്ചയും കാഴ്ചയും നൽകുന്ന അനുഭവക്കുറിപ്പുകളാണിതിൽ.




# ഹരിതസമൃദ്ധി ഇന്നിന്റെ ആവശ്യം

## മാർ പീറ്റർ കൊച്ചുപുരയ്ക്കൽ


പാലാ: മാനവരാശിയുടെ നിലനില്പിനു ഹരിതസമൃദ്ധി അനിവാര്യമാണെന്നും കാർബൺ വ്യാപനം തടയുന്നതിനു സഹായകമായ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമാണെന്നും പാലക്കാട് രൂപതാധ്യക്ഷൻ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ അഭിപ്രായപ്പെട്ടു. ലോകപരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി എസ്എംവൈഎം രൂപതാസമിതിയുടെ സഹകരണത്തോടെ സംഘടിപ്പിച്ച പരിസ്ഥിതിദിനാചരണം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്.



*പാലാ രൂപത സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെയും എസ്എംവൈഎം പാലാ രൂപതയുടെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിസ്ഥിതി ദിനാചരണപരിപാടിയിൽ പാലാ രൂപതാമെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ടും പാലാക്കാട് രൂപതാമെത്രാൻ മാർ പീറ്റർ കൊച്ചുപുരയ്ക്കലും ചേർന്നു വൃക്ഷത്തൈ നടുന്നു.*

പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. പിഎസ്ഡബ്ളിയുഎസ് ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോർജ് വടക്കേത്തൊട്ടി, എസ്എംവൈഎം രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി തുടങ്ങിയവർ പ്രസംഗിച്ചു. രൂപതയിലെ പള്ളികൾ, മഠങ്ങൾ, സ്കൂളുകൾ തുടങ്ങി വിവിധ സ്ഥാപനങ്ങളിലേക്കും കർഷകകുടുംബങ്ങളിലേക്കുമുള്ള ഫലവൃക്ഷത്തൈകൾ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് വിതരണം ചെയ്തു. ഹൈബ്രീഡ് പച്ചക്കറിത്തൈകളും വിവിധയിനം ഫലവൃക്ഷത്തൈകളും ഹരിതസമൃദ്ധമാസാചരണത്തിന്റെ ഭാഗമായി രൂപതയിലുടനീളം വിതരണം ചെയ്യുമെന്ന് ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ അറിയിച്ചു.

# പുസ്തകങ്ങളുടെ പകൽ അസ്തമിക്കുന്നില്ല



രാജേഷ് കെ. പുതുമന



എനിക്കെന്തു കിട്ടും എന്ന ചോദ്യം ഏതു രംഗത്തും സാധാരണമായിരിക്കുന്ന വർത്തമാനകാലത്തിൽ അതു വായനയ്ക്കു ബാധകമായിരിക്കുന്നു. ഞാനെന്തിനു വായിക്കണം, ആ പുസ്തകം വായിക്കുന്നതിലൂടെ എനിക്കെന്തു ലാഭമുണ്ടാകാനാണ് എന്ന ചോദ്യം എല്ലാ തലമുറയിലുംപെട്ടവർ ആവർത്തിക്കുന്നു. അഞ്ച് + രണ്ട് = ഏഴ് എന്ന രീതിയിൽ ഒതുക്കി ഒരു ഉത്തരം പറയാനാകാത്ത ചോദ്യം. പറയാനാണെങ്കിലോ സാഗരസമാനമായ തലത്തിൽ വിശാലവുമാണത്. അനുഭവിച്ചറിയേണ്ട ശരിയുത്തരത്തെ ചെറുകഷണങ്ങളായെങ്കിലും ഓർത്തെടുക്കാൻ വായനദിനം ഓരോ വർഷവും വന്നുപോകുന്നു.

ഗ്രന്ഥശാലാസംഘമെന്ന മഹാപ്രസ്ഥാനത്തിന്റെ കാരണക്കാരനെ ഓർമിച്ചെടുക്കുന്ന വായനശാലകൾപോലും പുത്തൻ പുസ്തകങ്ങളുടെ ഗന്ധം വീർപ്പുമുട്ടി നില്ക്കുന്ന കണ്ണാടിയലമാരകളുടെ മോർച്ചറികളായി രൂപാന്തരപ്പെട്ടിരിക്കുന്നു. സംസ്കരിക്കാതെ ഉപേക്ഷിച്ച കുറെ പുസ്തകങ്ങളും മാസിക, വാരികകളും അസ്ഥിക്കഷണങ്ങളായി ഷെൽഫുകൾക്കുള്ളിൽ ചിതറിത്തെറിച്ചു കിടക്കുന്നു. പൊതുസമൂഹം പുറത്തുനിന്നു ചോദ്യം ആവർത്തിക്കുന്നു: 'വായന മരിച്ചോ?'

യുക്തിയുടെ വഴിയിലൂടെ ദീർഘദൂരം സഞ്ചരിച്ചു തർക്കവിതർക്കങ്ങളുടെ ഉത്തരങ്ങൾ സ്വാംശീകരിച്ചു വസ്തുനിഷ്ഠമായ അറിവിലെത്തുമ്പോൾ മാത്രമേ യഥാർത്ഥ അറിവുനേടിയെന്ന അഭിമാനത്തിൽ ഒരുവൻ തൃപ്തി നേടുന്നുള്ളൂ. എന്നാൽ, അമ്മയുടെ സ്നേഹവും പൂവിന്റെ ഗന്ധവും നീരിന്റെ തണുപ്പും നമ്മൾ ഏറ്റുവാങ്ങുന്ന അറിവുകൾതന്നെയാണ്. പരീക്ഷണശാലകളിലൂടെ സ്ഥാപിച്ചെടുക്കാൻ കഴിയാത്ത ഇത്തരം അനുഭവങ്ങളെ ആത്മനിഷ്ഠമായ അറിവാക്കി പരിഗണിച്ചേ പറ്റൂ.

പുസ്തകവും അതിന്റെ വായനയും വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ അറിവുകളുടെ മൂല്യമാർന്ന തലങ്ങളിലേക്കു മനുഷ്യനെ ഉണർത്തിയുയർത്തും എന്നത് അനുഭവസ്ഥരുടെ ആർജിതാസ്തിതന്നെയാണ്, അതു മറ്റുള്ളവർക്കു നിസ്സാരമെന്നു തോന്നുമെങ്കിൽപ്പോലും.

അക്ഷരങ്ങൾ വിജയിച്ചപ്പോൾ ആയുധങ്ങൾ പരാജയപ്പെട്ടുവെന്ന വാദം ആധുനികലോകത്തിന്റെ ഒരു കോണിലും ഇന്ന് അവതരണയോഗ്യമല്ല. ആയുധമെടുക്കുന്നവർ ശബ്ദങ്ങളെയും വാക്യങ്ങളെയും അറുത്തുമുറിച്ചെറിയുന്ന നിത്യസംഭവങ്ങൾക്കിടയിൽ 'മാ നിഷാദ' അമർന്നുപോകുന്നു. അപ്പോഴും അക്ഷരക്കൂട്ടുകൾ അച്ചടിമഷി പുരണ്ടു പുറത്തുവന്നുകൊണ്ടിരിക്കുന്നുവെന്നതും ആ വാക്കുകളും വരികളും നിശ്ശബ്ദതയ്ക്കും നിസ്സഹായതയ്ക്കും ശബ്ദമായി മാറുന്നുവെന്നതും പ്രതീക്ഷയും ആശ്വാസവും നല്കുന്ന സംഗതികൾ തന്നെയാണ്.

കണ്ടാൽ, കേട്ടാൽ, വായിച്ചാൽ ചിതലരിക്കാൻ തുടങ്ങിയ ചിന്താപദ്ധതികൾ വീണ്ടും ശരിയറിയാൻ തുടങ്ങും. സ്വാർത്ഥതയുടെ പര്യായങ്ങൾ സഹജീവികളെ കാണാൻ തുടങ്ങും. അതാണ് യഥാർത്ഥ ലാഭമെന്ന സത്യത്തിലേക്കു മനുഷ്യനായി അവൻ മടങ്ങും. അതുകൊണ്ടുതന്നെ, കൂടുതൽ ശരിയിലേക്കുള്ള മടക്കയാത്രയോ യാത്രത്തുടക്കമോ ആകട്ടെ ഓരോ വായനദിനവും.

എന്തു വായിക്കണമെന്നത് തികച്ചും യുക്തിപരമായ നയമാണ് എന്നതിൽ തർക്കമില്ല. എന്തും വായിക്കാമെന്നതും മറ്റൊരു വാസ്തവംതന്നെ. പക്ഷേ, ഒന്നുണ്ട്, ജാതി, മതം, രാഷ്ട്രീയം എന്നിങ്ങനെയുള്ള മേഖലകളിൽ മിക്കപ്പോഴും സാഹചര്യങ്ങളെ അനുകൂലമാക്കാൻ നടത്തുന്ന ചരിത്രാവതരണങ്ങളും വ്യാഖ്യാനങ്ങളും പുത്തൻ നിർവചനങ്ങളും ആയുധവ്യാപാര ഉടമ്പടികളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ, യാഥാർത്ഥ്യമെന്തെന്നറിയുക എന്ന അനിവാര്യതയുടെ ആഹ്വാനവുമായി ചില പുസ്തകങ്ങൾ കൺമുന്നിലെത്തും. തീർച്ചയായും വായിക്കപ്പെടേണ്ടവ. അവയെ കാണാൻ കാലത്തിനു കാതുകൊടുത്താൽ മാത്രം മതി. ഒരളവുവരെ സത്യം ബോധ്യപ്പെടാനും കൂടുതൽ സത്യാന്വേഷണം നടത്താനും ആ എഴുത്തുകൾ ഉപകരിക്കുമെന്നതിൽ സംശയമില്ല.

ജീവചരിത്രങ്ങൾ മാറ്റിയെഴുതപ്പെട്ടുകൊണ്ടിരിക്കുമ്പോൾ, ആത്മകഥകൾ മറ്റുള്ളവരാൽ തയ്യാറാക്കപ്പെട്ടുകൊണ്ടിരിക്കുമ്പോൾ, തുടർവായനയും പുനർവായനയും സത്യം തേടുന്നവന് ശ്വാസോച്ഛ്വാസം പോലെയാകുന്നു. അവിടെ വായന മരിക്കുന്നില്ല എന്നു മാത്രമല്ല, പ്രകാശം പരത്തുക എന്ന ധർമം കൂടുതൽ ഓജസ്സോടെ നിർവഹിക്കുന്ന ദീപങ്ങളായി പുസ്തകങ്ങൾ മാറുകയുമാണു ചെയ്യുന്നത്.

പുസ്തകവായനകൊണ്ടുണ്ടാകുന്ന മാനസാന്തരമോ പുത്തൻ തിരഞ്ഞെടുപ്പുകളോ സാധാരണമല്ല. എന്നിരുന്നാലും, വിചാരബുദ്ധിയുടെ ഉരകല്ലിൽ തനിത്തങ്കവും മുക്കുപണ്ടവും തിരിച്ചറിയാൻ വായന ഉപകരിക്കുമെന്നതു വാസ്തവംതന്നെ.

അറിവന്വേഷണത്തിന്റെ ബാല്യകൗമാരങ്ങളെത്തുടർന്ന് യാഥാർത്ഥ്യബോധത്തിന്റെ വെളിച്ചത്തിലേക്കു വായന തുടരാനാകണം. അതിനു പ്രേരണയും പ്രോത്സാഹനവും കുട്ടിക്കാലത്തേ ലഭിക്കണം. സ്കൂൾ വിദ്യാഭ്യാസഘട്ടം മുതൽക്കേ ലഭിക്കുന്ന വായനപരിശീലനം അഥവാ, പുസ്തകങ്ങളെ പരിചയപ്പെടൽ കരുത്തരായി ജീവിച്ചു മുന്നേറാനും ചോദ്യങ്ങൾ ചോദിച്ച് സംശയങ്ങൾ തീർത്ത് അറിവു നിർമിച്ച് ആത്മനിന്ദയില്ലാതെ പൊതുജീവിതം നയിക്കാനും ഒരുവനെ പ്രാപ്തനാക്കും. പക്ഷേ, സ്കൂൾ ലൈബ്രറികൾ ഇന്നും വിദ്യാർത്ഥികൾക്ക് അന്യമാണ്. ശ്വാസം മുട്ടിക്കഴിയുന്ന പുസ്തകക്കൂമ്പാരത്തെ തട്ടിയുണർത്തി സ്റ്റാഫ്റൂമിലും പരിസരത്തും പൊടിപടർത്താൻ മിക്കയിടത്തും ആരും തയ്യാറാവുന്നില്ല. സ്കൂൾ ലൈബ്രറി കൈകാര്യം ചെയ്യാൻ പ്രത്യേക വ്യക്തിയെ നിയോഗിക്കാൻ നിയമവുമില്ല. വർഷത്തിൽ ഒന്നോ രണ്ടോ തവണ കുട്ടികൾക്കു പുസ്തകം അധ്യാപകർ തന്നെ നല്കും. അവരുടെ ഇഷ്ടങ്ങൾക്ക് ഒരു പരിഗണനയും കിട്ടാറുമില്ല. എല്ലാം വായിക്കാനുള്ളതാണെന്ന ഗുരുവിന്റെ മഹാവാക്യത്തിന്റെ ഗുരുലഘുക്കൾക്കിടയിൽ അമർന്ന് പഠിതാവ് കിട്ടിയതുംകൊണ്ടു പോവുകയും ചെയ്യും. വാസ്തവത്തിൽ, വായനയോടുള്ള വെറുപ്പും അകലവും ഇവിടെ തുടങ്ങുകയാണ്. ഹൈസ്കൂൾ, ഹയർസെക്കൻഡറി തലങ്ങളിലെങ്കിലും ലൈബ്രേറിയന്റെ തസ്തിക സൃഷ്ടിക്കപ്പെടണം. പുസ്തകം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം വിദ്യാർത്ഥികൾക്കു കിട്ടണം. അവർ വായിക്കട്ടെ, വളരട്ടെ. ഈ വായനദിനത്തിൽ അങ്ങനെയൊരു ചിന്തയുണ്ടാവട്ടെ.

■

# തുറന്ന ചർച്ചകൾ സഭയ്ക്കു കരുത്തേകും

## മാർ ജോസഫ് കല്ലറങ്ങാട്ട്



*പാലാ രൂപത സിനഡൽ അസംബ്ലിക്കു മുന്നോടിയായി നടന്ന ആലോചനാസമിതിയോഗത്തിൽ പങ്കെടുത്ത പാസ്റ്ററൽ കൗൺസിലിലെ വിവിധ കമ്മീഷൻ ചെയർമാൻമാർ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിനൊപ്പം*

പാലാ: തുറന്ന ചർച്ചകളും വ്യക്തമായ നിലപാടുകളും സഭയ്ക്കു കരുത്തേകുമെന്നു പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്. പാലാ രൂപത സിനഡ് അസംബ്ലിക്കു മുന്നോടിയായി വിവിധ കമ്മീഷനുകളുടെ ചെയർമാന്മാരുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു സന്ദേശം നൽകുകയായിരുന്നു ബിഷപ്.

ആഗോളസഭയിലെ സിനഡിനു മുന്നോടിയായി പാലാ രൂപത സിനഡൽ അസംബ്ലി ജൂൺ 20നു പാലാ ചൂണ്ടച്ചേരി എൻജിനീയറിങ് കോളജിൽ ചേരും. സിനഡിനു മുന്നോടിയായി രൂപതയിലെ ഇടവകകളിലും സന്ന്യാസിനീഭവനങ്ങളിലും സ്ഥാപനങ്ങളിലും ചർച്ചകൾ നടത്തി ആശയരൂപീകരണം നടത്തിയിട്ടുണ്ട്.

വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ, പാസ്റ്ററൽ കൗൺസിൽ ചെയർമാൻ ഡോ. കെ.കെ. ജോസ്, സെക്രട്ടറി സിജു സെബാസ്റ്റ്യൻ, രൂപത ചാൻസലർ റവ. ഡോ. ജോസ് കാക്കല്ലിൽ എന്നിവർ പ്രസംഗിച്ചു.

വിവിധ കമ്മീഷനുകളുടെ ചെയർമാന്മാരായി ഫാ. ജേക്കബ് വെള്ളമരുതുങ്കൽ (ഇവാഞ്ചലൈസേഷൻ), റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ (ലിറ്റർജി), ഷിബി തോമസ് ഈരൂരിക്കൽ (മതബോധനം), ഫാ. ഏബ്രഹാം കൊല്ലിത്താനത്തുമലയിൽ (ഇടവകസമൂഹം), ഡോ. ആൻസി ജോർജ് വടക്കേചിറയാത്ത് (കുടുംബക്ഷേമം), സാജു അലക്സ് തെങ്ങുംപള്ളിക്കുന്നേൽ (യുവജനക്ഷേമം), ജസ്റ്റിൻ കുന്നുംപുറം (ദളിത് ക്ഷേമം), ഡോ. വി.വി. ജോർജുകുട്ടി ഒട്ടലാങ്കൽ (വിദ്യാഭ്യാസം), ഡാന്റീസ് കൂനാനിക്കൽ (സാമൂഹികപ്രവർത്തനം), ബെന്നി കോച്ചേരി (മാധ്യമം), ഫാ. ജോസ് കീരഞ്ചിറ (ആരോഗ്യം), റോയി ജെ. കല്ലറങ്ങാട്ട് (പരിസ്ഥിതി), ഡോ. ബ്രിൻസി മാത്യു പുതിയിടത്തുചാലിൽ (സ്ത്രീശക്തീകരണം), ഡോ. ടി.ടി. മൈക്കിൾ (ന്യൂനപക്ഷക്ഷേമം) എന്നിവരെ നിയമിച്ചു.




# ആഘോഷത്തിനുമുണ്ട് അതിർവരമ്പുകൾ



ജസ്റ്റിൻ തോമസ്

**ആഘോഷങ്ങളിൽ** പങ്കെടുക്കുന്നതും കുടുംബത്തിലും ചുറ്റുവട്ടങ്ങളിലും ആഘോഷങ്ങൾ സംഘടിപ്പിക്കുന്നതും ശാരീരികമാനസിക ഉല്ലാസത്തിനും ഒത്തൊരുമയ്ക്കും പങ്കുവയ്ക്കലിനും അനുസ്മരണത്തിനും ബന്ധങ്ങൾ കൂട്ടിയിണക്കുന്നതിനുമൊക്കെ അത്യന്താപേക്ഷിതം തന്നെ. ആഘോഷങ്ങൾ ഒരിക്കലും ആഘോഷങ്ങൾക്കുവേണ്ടിയല്ല; മറിച്ച്, അവ മനുഷ്യനുവേണ്ടിയാണ് എന്ന തിരിച്ചറിവ് അനിവാര്യമാണുതാനും.

'കാണം വിറ്റും ഓണം ഉണ്ണണം' എന്ന ചൊല്ല് ഓർമിപ്പിക്കുന്നത് നാം ഏതവസ്ഥയിലാണെങ്കിലും നമ്മാൽ ആകുംവിധം ആഘോഷങ്ങൾ സംഘടിപ്പിക്കണം എന്നതാണ്. ആഘോഷങ്ങൾ അനിവാര്യമാണെങ്കിലും 'കൊക്കിനുതകുന്നതേ കൊത്താവൂ' എന്ന ഓർമപ്പെടുത്തൽ വിചിന്തനവിധേയമാക്കേണ്ടതുതന്നെ.

### എപ്പോഴാണ് ആഘോഷങ്ങൾ ആഘോഷങ്ങൾക്കുവേണ്ടിയാകുന്നത്?

പരിസ്ഥിതിക്ക് ഇണങ്ങാതെ, ചുറ്റുമുള്ള 'ലാസറന്മാരെ' കാണാതെ, വർജിക്കേണ്ടതും ഒഴിവാക്കേണ്ടതുമായവയെ അകറ്റിനിർത്താതെ ആഘോഷങ്ങൾ നടക്കുമ്പോൾ അവ ആഘോഷങ്ങൾക്കു വേണ്ടിയുള്ള ആഘോഷങ്ങളായിത്തീരുന്നു. ഇത്തരം ആഘോഷങ്ങളുടെ പൊതുസ്വഭാവം ചുവടെ ചേർക്കാം:

ധൂർത്ത്, മത്സരം, അഹംഭാവപ്രകടനം, അധികാരപ്രകടനം, വ്യക്തികളെ തരംതിരിച്ചുള്ള ക്ഷണം, മദ്യം മുതലായവയുടെ അമിതോപയോഗം.

ആഘോഷങ്ങൾ മനുഷ്യനുവേണ്ടിയാകുമ്പോൾ അത്തരം ആഘോഷങ്ങളിൽ താഴെപ്പറയുന്ന ഗുണഗണങ്ങൾ നിഴലിക്കും. സ്നേഹം, ഒരുമ, എല്ലാവരെയും ഉൾപ്പെടുത്തൽ, സന്തോഷം, മിതത്വം, എളിമ, കരുതൽ ഇവയൊക്കെ നിറഞ്ഞുനിൽക്കുമ്പോൾ ആഘോഷങ്ങൾ മനുഷ്യർക്കുവേണ്ടിയുള്ള ഒന്നായി മാറും.

### കുടുംബത്തിലെ ആഘോഷങ്ങളും അനുഗ്രഹവും

ആഘോഷങ്ങൾ കുടുംബത്തിൽ നടക്കുമ്പോൾ അത് മറ്റുള്ളവരുടെ അനുഗ്രഹങ്ങൾ നേടാനുള്ള ഒരു അവസരമാണ്. അനുഗ്രഹങ്ങൾ എന്നത് സമ്മാനങ്ങളല്ല; മറിച്ച്, ആഘോഷങ്ങളിൽ പങ്കെടുക്കുന്നവരുടെ മനസ്സുനിറഞ്ഞ ആശംസയാണ്. ഈ നന്മയുടെ ചിന്ത നല്കാനും വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും അതു പ്രകടിപ്പിക്കാനും ആഘോഷങ്ങളിൽ പങ്കെടുന്നവർക്കു കഴിയണം. ഇന്നത്തെ ആഘോഷങ്ങളിൽ 'തീറ്റയും കുടിയും' പ്രമുഖസ്ഥാനം നേടുന്നു. തീറ്റയുടെയും കുടിയുടെയും അടിസ്ഥാനത്തിൽ ആഘോഷങ്ങളെ വിലയിരുത്തുമ്പോൾ




ചിലർക്കുമാത്രം പ്രാപ്യമായ ഒന്നായി ആഘോഷങ്ങൾ ചുരുങ്ങും. ഇത് ചില കുടുംബങ്ങളിലെങ്കിലും അപകർഷതാബോധം ജനിപ്പിക്കാം. ഇത്തരം അപകർഷതാബോധം 'ഇല്ലാത്തതുണ്ട്' എന്നു നടിച്ച് ആഘോഷങ്ങൾ നടത്താൻ അവരെ പ്രേരിപ്പിക്കാം. ഇതു താഴെപ്പറയുന്ന പ്രശ്നങ്ങളിലേക്കു കുടുംബങ്ങളെ എത്തിക്കാം: കടം (സാമ്പത്തികബാധ്യത), മാനസികസംഘർഷം, കുടുംബൈക്യം തകരൽ.

സാമ്പത്തികമായി ഭദ്രതയില്ലാത്ത കുടുംബങ്ങളിലെ ആർഭാടപൂർവമായ ആഘോഷം നിരുത്സാഹപ്പെടുത്താൻ ചുറ്റുമുള്ളവർക്കു കടമയുണ്ട്. ഒപ്പം, അത്തരം കുടുംങ്ങളിൽ മാന്യമായ ആഘോഷങ്ങൾ നടക്കുന്നുവെന്ന് ഉറപ്പുവരുത്താനും നമുക്കു കഴിയണം. ഇത്തരം പ്രവൃത്തികൾ സമൂഹജീവിതത്തിന്റെ കാതലാണ്. ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനാണെങ്കിൽ അവന്റെ കുടുംബത്തിൽ സന്തോഷം നിറയ്ക്കാൻ ഞാൻ ബാധ്യസ്ഥനാണ് എന്ന ചിന്ത ഒത്തൊരുമയെ വളർത്തും. അന്യനു സന്തോഷം നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വ്യക്തികളും കുടുംബങ്ങളും ഭൂമിയിൽ സ്വർഗം സൃഷ്ടിക്കുന്നു. ■

---

# സമാധാനം



സി. എൽ. ജോസ്

**കു**റെ വർഷംമുമ്പ് ആഗോളതലത്തിൽ ഒരു ചിത്രരചനാമത്സരം നടന്നു. ഇതിന്റെ സംഘാടകർ അഖിലലോകനിലവാരത്തിൽ പലവിധ മത്സരങ്ങൾ നടത്തി പേരും പ്രശസ്തിയും നേടിയവരാണ്. സമ്മാനത്തുക ഭീമമായ സംഖ്യയും ആകർഷകമായ ശില്പവും പ്രശസ്തിപത്രവും. അതിനു പുറമേ സമ്മാനാർഹമായ ചിത്രങ്ങൾ ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള ആർട്ടുഗാലറിയധികാരികൾ കൊതിപ്പിക്കുന്ന വിലകൊടുത്ത് അല്ലെങ്കിൽ ലേലത്തിൽ പങ്കെടുത്തു സ്വന്തമാക്കും.

ചിത്രരചനയ്ക്കു കൊടുത്ത വിഷയം 'സമാധാനം.' ലോകപ്രശസ്തരായ അനേകം ചിത്രകാരന്മാർ അതിൽ പങ്കെടുത്തു. സമാധാനം എന്ന വിഷയത്തെ ആസ്പദമാക്കി ഓരോരുത്തരും അവരവരുടെ പ്രതിഭയ്ക്കും ഭാവനയ്ക്കുമനുസരിച്ച് വ്യത്യസ്തങ്ങളായ ചിത്രങ്ങൾ അയച്ചുകൊടുത്തു. എല്ലാ ചിത്രങ്ങളും സംഘാടകർ വലിയൊരു ആർട്ടുഗാലറിയിൽ പ്രദർശിപ്പിച്ചു.

ചിത്രകലാസ്നേഹികളായ ഒട്ടനവധി ജനങ്ങൾ ഓരോ ദിവസവും ചിത്രങ്ങൾ കാണാനെത്തി. ഓരോരുത്തരും അവരവരുടെ മനസ്സുകൊണ്ട് സമ്മാനാർഹമായ ചിത്രം ഇന്നതായിരിക്കുമെന്ന് ഊഹിച്ചു.

സമ്മാനം നിശ്ചയിക്കേണ്ട ദിവസം സമാഗതമായി. പ്രദർശനത്തിനെത്തിയ ചിത്രങ്ങളെ മുഴുവൻ വിലയിരുത്താനും സമ്മാനം നിശ്ചയിക്കാനും ചിത്രകലാപണ്ഡിതരും കലാമർമജ്ഞരുമായ വിധികർത്താക്കളെത്തി. അവർ വൈവിധ്യമാർന്ന ചിത്രങ്ങൾ ഓരോന്നും വേണ്ടത്ര സമയമെടുത്ത് സാവകാശം സൂക്ഷ്മമായി പരിശോധിച്ചു.

ചിത്രങ്ങൾ പല തരത്തിലും പല നിറത്തിലുമുള്ളവ. ഭാവനാസമ്പന്നം. വിഷയത്തോടു നീതി പുലർത്തുന്നവ. പച്ചിലക്കൊമ്പു ചുണ്ടിൽകൊത്തിയ സമാധാനത്തിന്റെ പ്രതീകമായ പ്രാവിന്റെ ചിത്രം, മനോഹരമായ മഴവില്ലിന്റെ വർണങ്ങളിൽ വരച്ച പ്രശാന്തരമണീയമായ പ്രകൃതിദൃശ്യം, സായംസന്ധ്യയിലെ വർണോജ്ജ്വലമായ ആകാശവും സ്വച്ഛമായ കായലും അതിലൂടെ തുഴഞ്ഞുപോകുന്ന വള്ളവും, അമ്മയുടെ തോളിൽ സുരക്ഷിതമായി ഉറങ്ങുന്ന ഒരു കൊച്ചുകുഞ്ഞിന്റെ കോമളചിത്രം, ആകാശപ്പരപ്പിൽ മിന്നുന്ന വെള്ളിനക്ഷത്രവും പുഞ്ചിരിക്കുന്ന പൂനിലാവും അതിനു താഴെ കുന്നിൻചെരുവിലുള്ള ഒരാട്ടിൻപറ്റവും, ഇരുണ്ടുമൂടിയ ആകാശവും കറുത്ത മേഘപടലങ്ങളും അലറുന്ന കടലും പൊങ്ങുന്ന തിരമാലകളും പാറക്കെട്ടുകളും വീശിയടിക്കുന്ന കൊടുങ്കാറ്റും ഉൾക്കൊള്ളുന്ന കടുത്ത ചായക്കൂട്ടിൽ വരച്ച ഒരു ചിത്രം – അതിന്റെ ഒരറ്റത്ത് ഒരു മരക്കൊമ്പിലെ പൊത്തിൽ ഒരു പക്ഷിയിരുന്ന് ഉറങ്ങുന്നു. വൃക്ഷലതാദികളും പൂച്ചെടികളും നിറഞ്ഞ വിജനമായ അന്തരീക്ഷത്തിൽ ഉദയസൂര്യന്റെ തങ്കരശ്മിയിൽ മുങ്ങി ധ്യാനനിരതനായി ചമ്രം പടിഞ്ഞിരിക്കുന്ന ഒരു യോഗിവര്യൻ – ഇങ്ങനെ ഒട്ടനവധി മനോഹരചിത്രങ്ങൾ. എല്ലാം ഒന്നിനൊന്നു മെച്ചപ്പെട്ടവ. ഏതിന് ഒന്നാം സമ്മാനം എന്നു നിർണയിക്കാൻ പ്രയാസം.



ദിവസവും പ്രദർശനം കണ്ടാസ്വദിച്ച പ്രേക്ഷകരെ അദ്ഭുതപ്പെടുത്തിക്കൊണ്ട്, അവരുടെ കണക്കുകൂട്ടലുകൾ തെറ്റിച്ചുകൊണ്ട് ഒന്നാം സമ്മാനം നേടിയത് മരക്കൊമ്പിലെ പൊത്തിൽ ശാന്തമായി ഉറങ്ങുന്ന പക്ഷിയുടെ ചിത്രം. അന്തരീക്ഷവും പ്രകൃതിയും ഇത്രമേൽ പ്രക്ഷുബ്ധവും കലുഷിതവും ശബ്ദഭീകരവുമായിരുന്നിട്ടും ആ പക്ഷി ഉറങ്ങുന്നു. മനസ്സിൽ സമാധാനമുണ്ടെങ്കിലേ ഇങ്ങനെ ശാന്തമായി ഉറങ്ങാനാവൂ. അതിനു വേവലാതിയും ഉത്കണ്ഠയുമില്ല. അതെല്ലാം ഉള്ളതു മനുഷ്യനാണ്. അവനു സമാധാനമില്ല, സ്വസ്ഥതയില്ല. മനുഷ്യൻ അവന്റെ ഉത്കണ്ഠകളും വ്യസനങ്ങളും സർവശക്തനായ ദൈവത്തിനു സമർപ്പിച്ചാൽ ശാന്തിയും സമാധാനവും ലഭിക്കുമെന്നു മനുഷ്യൻ മറക്കുന്നു.

സമ്മാനാർഹമായ ചിത്രത്തിലേക്കു വരാം. ഏറെ പ്രക്ഷുബ്ധമായ അന്തരീക്ഷത്തിൽ മരപ്പൊത്തിൽ സ്വസ്ഥമായി ഉറങ്ങുന്ന പക്ഷി. അതിനു മനസ്സിൽ സമാധാനമുണ്ട്. ഒന്നു ധരിക്കുക. മനസ്സിൽ നന്മയുണ്ടെങ്കിൽ ഭയമുണ്ടാവില്ല, ടെൻഷനുണ്ടാവില്ല. ഉള്ളിൽ കരുതലും സ്നേഹവുമുണ്ടെങ്കിൽ മനസ്സിനു സമാധാനമുണ്ടാവും, സ്വസ്ഥതയുണ്ടാവും. ■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



ദൈവമേ, അങ്ങയുടെ കാരുണ്യം എന്നിൽനിന്നും പിൻവലിക്കരുതേ! അവിടുത്തെ സ്നേഹവും വിശ്വസ്തതയും എന്നെ സംരക്ഷിക്കട്ടെ.
സങ്കീർത്തനങ്ങൾ 40:11

## എഡിറ്റോറിയൽ

# മതവിദ്വേഷനാവുകൾക്കു കടിഞ്ഞാണിടണം

മതതീവ്രവാദവും വർഗീയഭ്രാന്തും തഴച്ചുവളരുന്ന ഒരു ലോകക്രമത്തിന്റെ നാലതിരുകൾക്കുള്ളിൽ തളയ്ക്കപ്പെട്ടിരിക്കുകയാണ് ആഗോളജനസമൂഹം. ദൈവത്തിന്റെയും മതത്തിന്റെയും പേരിൽ വാദപ്രതിവാദങ്ങളും സംഘർഷങ്ങളും രക്തച്ചൊരിച്ചിലുകളും രാജ്യത്തിനകത്തും പുറത്തും പലയിടങ്ങളിലായി അരങ്ങേറുന്ന ഭയാനകമായ വാർത്തകൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. വെറുപ്പിന്റെ രാഷ്ട്രീയം മതമൗലികവാദത്തിനും വർഗീയതയ്ക്കും പരമാധികാരം കല്പിച്ചുകൊടുത്തപ്പോൾ, ഹിംസയുടെ പ്രത്യയശാസ്ത്രങ്ങളാണു നാടുഭരിച്ചതെന്ന ചരിത്രവസ്തുതകൾ നാം പാടേ മറന്നുപോകുന്നു. ജാതി, മത, വർഗ, വർണഭേദമെന്യേ സകലമനുഷ്യരും സാഹോദര്യത്തിലും സഹിഷ്ണുതയിലും കഴിയണമെന്ന പ്രാചീനകാല പ്രാർത്ഥനാമന്ത്രധ്വനികൾക്ക് എവിടെയൊക്കെയോ താളം പിഴച്ചിരിക്കുന്നു!

ടെലിവിഷൻ ചർച്ചയ്ക്കിടെ പ്രവാചകൻ മുഹമ്മദ് നബിക്കെതിരേ ബി.ജെ.പി. നേതാക്കൾ നടത്തിയ വിവാദപരാമർശത്തിന്റെ പേരിൽ രാജ്യത്തൊട്ടാകെയും രാജ്യാന്തരതലത്തിലും കത്തിപ്പടർന്ന മതവിദ്വേഷത്തിന്റെ അഗ്നിനാളങ്ങൾ കെട്ടണഞ്ഞിട്ടില്ല. മതനിരപേക്ഷഭാരതത്തിന്റ ബഹുസ്വരതയ്ക്കും, രാജ്യം കാലങ്ങളായി കാത്തുസൂക്ഷിച്ച അടിസ്ഥാന മാനവികമൂല്യങ്ങൾക്കുമാണ് ഒരൊറ്റ പരാമർശത്തിന്റെ പേരിൽ ക്ഷതമേറ്റത്. വർഗീയവിഷനാവുകൾക്കു കടിഞ്ഞാണിടാൻ ഉത്തരവാദിത്വപ്പെട്ട ഭരണാധികാരികൾ തയ്യാറാകണമെന്നു ലോകരാജ്യങ്ങൾ മുറവിളി കൂട്ടുമ്പോൾ, പ്രധാനമന്ത്രി നരേന്ദ്രമോദി മൗനം പാലിക്കുന്നത് അത്യന്തം ഖേദകരവും ഭയാനകവുമാണ്.

വിവാദപരാമർശം നടത്തിയ ബി.ജെ.പി. ദേശീയവക്താവ് നൂപുർ ശർമയെ പാർട്ടി പ്രാഥമികാംഗത്വത്തിൽനിന്നു സസ്പെൻഡു ചെയ്യുകയും, പാർട്ടിയുടെ ഡൽഹി ഘടകം മീഡിയ ഇൻ ചാർജ് നവീൻകുമാർ ജിൻഡലിനെ പുറത്താക്കുകയും ചെയ്തെങ്കിലും മതേതരഭാരതത്തിനുണ്ടായ കളങ്കം ബാക്കിനിൽക്കുന്നു. അച്ചടക്കനടപടിക്കു പിന്നാലെ, വിവാദപരാമർശം നിരുപാധികം പിൻവലിക്കുന്നതായി നൂപുർ ശർമയും, ആരുടെയും മതവിശ്വാസത്തെ വ്രണപ്പെടുത്താൻ ഉദ്ദേശിച്ചിട്ടില്ലെന്ന് നവീൻ കുമാറും അറിയിച്ചത് ആശ്വാസകരംതന്നെയാണ്. മാത്രമല്ല, വിവാദമായ വിദ്വേഷപരാമർശങ്ങൾ ഇന്ത്യയുടെ നയമല്ലെന്നും ചില വ്യക്തികളുടേതുമാത്രമാണെന്നും അവർക്കെതിരെ നടപടിയെടത്തിട്ടുണ്ടെന്നും വിദേശകാര്യമന്ത്രാലയം പ്രസ്താവനയിറക്കിയത് സംഘർഷാന്തരീക്ഷം മയപ്പെടുത്താൻ കാരണമായേക്കാം.

ഉത്തർപ്രദേശിലെ കാൺപുരിൽ ഇതേച്ചൊല്ലി ഇരുവിഭാഗങ്ങൾ തമ്മിലുണ്ടായ വാഗ്വാദങ്ങളും സംഘർഷപൂരിതമായ ഏറ്റുമുട്ടലുകളും രാജ്യാന്തരതലത്തിൽ ചർച്ചയായി. കുവൈത്തും ഖത്തറും ഇന്ത്യൻ സ്ഥാനപതിമാരെ വിളിച്ചുവരുത്തി പ്രതിഷേധം അറിയിച്ചു. സൗദി അറേബ്യ, ഒമാൻ തുടങ്ങിയ രാജ്യങ്ങളിലും പ്രതിഷേധമുയർന്നതോടെ വിവാദം തണുപ്പിക്കാൻ കേന്ദ്രസർക്കാർ തിരക്കിട്ട ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

ഖത്തർ, ഇറാൻ, കുവൈത്ത് എന്നീ രാജ്യങ്ങൾക്കു പിന്നാലെ, യു.എ.ഇയും സൗദി അറേബ്യയും ഒമാനും 57 ഇസ്ലാമികരാജ്യങ്ങളുടെ കൂട്ടായ്മയായ ഓർഗനൈസേഷൻ ഓഫ് ഇസ്ലാമിക് കോ - ഓപ്പറേഷനും (ഒ.ഐ.സി.) സംഭവത്തെ നിശിതമായി വിമർശിച്ചു. ഇന്ത്യയിൽ ഇസ്ലാമിനു നേരേ വർദ്ധിച്ചുവരുന്ന വിദ്വേഷത്തിന്റെ ഭാഗമാണ് വിവാദപരാമർശമെന്നാണ് ഒ.ഐ.സിയുടെ ആരോപണം. ലോകവേദികളിൽ ഇന്ത്യയ്ക്കെതിരേ ആഞ്ഞടിക്കാനുള്ള വെടിമരുന്നെന്നോണം വിവാദവിഷയത്തെ പാക്കിസ്ഥാൻ കൂട്ടുപിടിച്ചിരിക്കുന്നതും നിസ്സാരവത്കരിക്കാനാവില്ല.

അതേസമയം, പാക്-ഒ.ഐ.സി. പ്രസ്താവനകളെ പൂർണമായും തള്ളിയാണ് ഇന്ത്യയുടെ നിലപാട്. ഇന്ത്യൻ സർക്കാരിന് എല്ലാ മതങ്ങളോടും ആദരവാണുള്ളതെന്നും ചില വ്യക്തികൾ നടത്തിയ വിവാദപരാമർശത്തിന്റെ പേരിൽ ഒ.ഐ.സി. സെക്രട്ടറിയേറ്റ് തെറ്റിദ്ധരിപ്പിക്കുന്ന അഭിപ്രായപ്രകടനം നടത്തിയതു ഖേദകരമാണെന്നും വിദേശമന്ത്രാലയം അറിയിച്ചു.

മതേതരത്വവും ബഹുസ്വരതയും ഉറഞ്ഞുകൂടിയ പരിശുദ്ധമായ മണ്ണാണ് ഇന്ത്യയുടേത് എന്നത് കാലങ്ങളായി നാം കാത്തുസൂക്ഷിച്ചുപോന്ന സംസ്കാരമാണ്. മതനിരപേക്ഷതയുടെ മഹനീയത കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കണമെന്ന ദൃഢനിശ്ചയമാണ് ഭരണഘടനാശില്പികൾ അതിനുള്ള ദർശനങ്ങളും സ്വതന്ത്ര സംവിധാനങ്ങളുമൊരുക്കി നമ്മെ പ്രബോധിപ്പിച്ചത്. മതേതരജനാധിപത്യരാജ്യമായി ഇന്ത്യ ലോകോത്തരനിലവാരത്തിലേക്ക് ഉയർന്നതും ഈ അടിസ്ഥാനദർശനത്തിന്റെ ചുവടുറച്ചു വളർന്നതുകൊണ്ടാണ്.

ലോകത്തിനുതന്നെ മാതൃകയാക്കാവുന്ന തരത്തിൽ ഇന്ത്യൻ മതേരത്വത്തിന്റെ പ്രൗഢമായ പാരമ്പര്യത്തിനു കോട്ടംതട്ടുന്ന തരത്തിലുള്ള പ്രസ്താവനകളും നിലപാടുകളും അതേതു ഭാഗത്തുനിന്നുണ്ടായാലും ന്യായീകരിക്കാനാവില്ല. എല്ലാ മതങ്ങളെയും മതവിശ്വാസങ്ങളെയും പരസ്പരം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ചൈതന്യവത്തായ പാരമ്പര്യത്തെ കാത്തുസൂക്ഷിക്കാനും വരുംതലമുറയിലേക്കു പകർത്താനും രാജ്യത്തെ ഓരോ പൗരനും ഉത്തരവാദിത്വമുണ്ട്, അതിന് അവനു വിശാലഹൃദയമുണ്ടായിരിക്കണമെന്നുമാത്രം.

ഒരു മതത്തിലും തീവ്രവാദമോ സങ്കുചിതത്വമനോഭാവമോ പാടില്ല. മതം സ്നേഹത്തിന്റെ സർവകലാശാലയാകണം. മതാചാര്യന്മാർ ഹൃദയവലിപ്പമുള്ളവരാകണം. ഒരു മതവും മതിലുകെട്ടി മനുഷ്യനെ തിരിക്കരുത്. എല്ലാ മതവും ഹൃദയവാതിലുകൾ തുറന്ന് അപരരിലേക്ക് ഇറങ്ങണം. മതാനുയായികൾ എന്നതിനപ്പുറം എല്ലാ മനുഷ്യരെയും ചേർത്തുപിടിക്കുന്ന സാഹോദര്യത്തിന്റെ സന്ദേശവാഹകരാകാൻ മതാചാര്യന്മാരും വിശ്വാസികളും പ്രതിജ്ഞാബദ്ധരായാൽ മതഭ്രാന്തും വർഗീയലഹളകളും നാടുവിട്ടൊഴിഞ്ഞുപോകുമെന്നുറപ്പ്.

എല്ലാ മതങ്ങളെയും ഒറ്റച്ചരടിൽ കോർത്തിണക്കി വ്യത്യസ്തമായ വിശ്വാസങ്ങളും ആചാരങ്ങളും സംരക്ഷിക്കാനുള്ള പ്രാഥമികോത്തരവാദിത്വം സർക്കാരിനാണ്. അസഹിഷ്ണുത വച്ചുപൊറുപ്പിക്കാവില്ലെന്ന് സുപ്രീംകോടതിതന്നെ പറഞ്ഞിട്ടുണ്ട്. സഹിഷ്ണുതയും നാനാത്വത്തിലെ ഏകത്വവുമാണ് ഇന്ത്യൻ ദേശീയതയുടെ ആത്മാവ്. മതസ്പർദ്ധയുണ്ടാക്കുന്ന ഛിദ്രശക്തികൾക്കെതിരേ ഒന്നിച്ചണിനിരക്കാൻ മതനിരപേക്ഷഭാരതത്തിലെ ഓരോ പൗരനും ആത്മശക്തിയും ദൃഢനിശ്ചയവുമുണ്ടായേ പറ്റൂ. ■

# ആത്മവിമർശനത്തിലൂടെ നവീകരണം സാധ്യമാക്കണം

## കർദിനാൾ മാർ ജോർജ് ആലഞ്ചേരി

കൊച്ചി: സഭാസംവിധാനങ്ങളും സംഘടനകളും മെത്രാന്മാരും വൈദികരും സന്ന്യസ്തരും കുടുംബങ്ങളും ആത്മവിമർശനത്തോടെ സ്വയം നവീകരിക്കപ്പെടാൻ അതിയായി ആഗ്രഹിക്കുകയും പ്രാർത്ഥനയോടെ പ്രവൃത്ത്യുന്മുഖരായി സഭയെ നവീകരിക്കുകയും വേണമെന്ന് കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. മൂന്നുവർഷം നീണ്ടുനില്ക്കുന്ന കേരള സഭാനവീകരണകാലം പാലാരിവട്ടം പിഒസിയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കൊവിഡ്കാലം പൊതുസമൂഹത്തിലെന്നതുപോലെ സഭാതലത്തിലും പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കാനിടയാക്കി. കൊവിഡ് പ്രതിസന്ധി പൂർണമായും മാറിയിട്ടില്ലെങ്കിലും ജാഗ്രതയോടെ ഒരുമിച്ചുകൂടുന്നതിനും പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും തടസ്സമില്ലാതായിട്ടുണ്ട്. അതിനാൽ ഇടവകകളും സ്ഥാപനങ്ങളും സംഘടനകളും കൂടുതൽ തീക്ഷ്ണതയോടെ സുവിശേഷപ്രഘോഷണദൗത്യം നിർവഹിക്കാൻ പ്രവർത്തനപദ്ധതികൾ രൂപപ്പെടുത്തണം. തിരുത്തപ്പെടേണ്ട മേഖലകളെ പ്രത്യേകം കണ്ടെത്തി പരിഹരിച്ചു സുതാര്യവും നിർമലവുമായ സഭാസമൂഹത്തെ കൂടുതൽ ശോഭയോടെ നിലനിർത്താൻ പരിശ്രമിക്കേണ്ടതാണ്. മൂന്നുവർഷം നീണ്ടുനില്ക്കുന്ന സഭാനവീകരണകാലം സഭകൾ തമ്മിലും, വൈദികമേലധ്യക്ഷന്മാരും വൈദികരും സന്ന്യസ്തരും അല്മായസഹോദരരും തമ്മിലുമുള്ള അകലം കുറയ്ക്കുന്നതിനും സൗഹൃദം ആഴപ്പെടുത്തുന്നതിനും അനുരഞ്ജനത്തിനും തുറവോടെയുള്ള പങ്കുവയ്ക്കലിനുമുള്ള അവസരമായി മാറണം. പൗലോസ് ശ്ലീഹ ഓർമിപ്പിച്ചിട്ടുള്ളതുപോലെ ഒരു ശരീരത്തിലെ വിവിധ അവയവങ്ങൾപോലെ നാമെല്ലാവരും പരസ്പരം ചേർന്നുനില്ക്കേണ്ടവരും സഭാശരീരത്തെ പൂർണതയുള്ളതാക്കിത്തീർക്കേണ്ടവരുമാണെന്നും അദ്ദേഹം പറഞ്ഞു.



കേരളസഭാനവീകരണകാലം കെസിബിസി പ്രസിഡന്റ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പാലാരിവട്ടം പിഒസിയിൽ ഉദ്ഘാടനം ചെയ്യുന്നു. ഫാ. സ്റ്റീഫൻ തോമസ്, ഫാ. ജോജോ കോക്കാടൻ, ബിഷപ് ജോസഫ് മാർ തോമസ്, ബിഷപ് വർഗീസ് ചക്കാലക്കൽ, ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, സിസ്റ്റർ മേഴ്സി ജൂഡി എന്നിവർ സമീപം.

എല്ലാ മെത്രാന്മാരും സന്ന്യസ്തസഭാ മേജർ സുപ്പീരിയർമാരും കെസിബിസിയുടെ വിവിധ കമ്മീഷനുകളുടെ സെക്രട്ടറിമാരായ വൈദികരും ഒന്നുചേർന്ന് അർപ്പിച്ച പൊന്തിഫിക്കൽ ദിവ്യബലിയോടുകൂടിയാണ് സഭാനവീകരണകാലം 2022-2025 ഉദ്ഘാടനം ചെയ്യപ്പെട്ടത്. ദിവ്യബലിക്ക് കർദിനാൾ മാർ ജോർജ് ആലഞ്ചേരി മുഖ്യകാർമികനായിരുന്നു. ബിഷപ് വർഗീസ് ചക്കാലയ്ക്കൽ വചനസന്ദേശം നൽകി. ബിഷപ് ജോസഫ് മാർ തോമസ് കൃതജ്ഞത പ്രകാശിപ്പിച്ചു.

# പത്രപ്രവർത്തകർക്ക് ഒരു സ്വർഗീയമധ്യസ്ഥൻ



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**2022 മേയ് 15–ാം തീയതി വിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ട ഡച്ച് കർമലസഭാ വൈദികൻ ടൈറ്റസ് ബ്രാൻദ്സ്മ (1881–1942)**

വത്തിക്കാനിൽ വിശുദ്ധപദവി പ്രഖ്യാപനാവസരത്തിൽ നവവിശുദ്ധരുടെ ഛായാചിത്രങ്ങൾ വിശുദ്ധ പത്രോസിന്റെ ബസിലിക്കായുടെ മുഖവാരത്തിൽ പ്രദർശിപ്പിക്കുന്ന പതിവുണ്ട്. ഇത്തവണ പത്തുപേർ ഉണ്ടായിരുന്നതുകൊണ്ടാകാം ഒരു ക്യാൻവാസിൽ രണ്ടുപേരുടെ വീതം ചിത്രങ്ങൾ ഉണ്ടായിരുന്നു. നൂറ്റാണ്ടുകളുടെ വ്യത്യാസത്തിൽ രക്തസാക്ഷികളായി മരിച്ചവരാണെങ്കിലും വിശുദ്ധ ദേവസഹായംപിള്ളയോടൊപ്പം ഉണ്ടായിരുന്ന ചിത്രം (1712–1752) ഡച്ചുകാരനായ വി. ടൈറ്റസ് ബ്രാൻദ്സ്മയുടേതാണ്. ദേവസഹായം പിള്ളയ്ക്കു കത്തോലിക്കാവിശ്വാസം പകർന്നുനൽകിയ വലിയ കപ്പിത്താൻ യുസ്താഷ് ഡിലനോയിയും ഡച്ചുകാരനായിരുന്നു എന്നതു സ്മരണാർഹമാണ്.

ഹോളണ്ടിലെ (നെതർലണ്ട്സ്) ഉഗോ ക്ലോസ്റ്റർ എന്ന സ്ഥലത്ത് 1881 ഫെബ്രുവരി 23–ാം തീയതിയാണ് വിശുദ്ധൻ ജനിച്ചത്. മാതാപിതാക്കൾ ടൈറ്റസ് ബ്രാൻദ്സ്മയും ടിജിറ്റ്പോസ്റ്റ്മയും. മാമ്മോദീസായിൽ 'അന്നോ' എന്ന പേരാണ് നല്കിയിരുന്നത്. ആറു മക്കളിൽ ഒരാളൊഴിച്ച് എല്ലാവരും സന്ന്യാസജീവിതം തിരഞ്ഞെടുത്തു.

സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കിയ അന്നോ 1898 ൽ കാർമലൈറ്റ് ഓർഡറിൽ പരിശീലനത്തിനായി ചേർന്നു. നോവിഷ്യറ്റിന്റെ അവസാനം പിതാവിന്റെ പേരായ ടൈറ്റസ് എന്ന നാമം സ്വീകരിച്ച് പ്രഥമവ്രതവാഗ്ദാനം ചെയ്തു. തുടർന്ന് ഫിലോസഫിയും തിയോളജിയും കർമലീത്താ സഭാസമൂഹത്തിന്റെ സെമിനാരികളിൽ പൂർത്തിയാക്കി. ആവിലായിലെ വി. അമ്മത്രേസ്യായെപ്പറ്റിയുള്ള ഒരു ഫ്രഞ്ചുഗ്രന്ഥത്തിന്റെ ഡച്ചുപരിഭാഷ പൂർത്തിയാക്കി 1901 ൽ അതു പ്രസിദ്ധീകരിച്ചു.

1905 ജൂൺ മാസം 17–ാം തീയതി 24–ാം വയസ്സിൽ പുരോഹിതനായി തിരുപ്പട്ടം സ്വീകരിച്ചു. തുടർന്ന് മൂന്നുവർഷം റോമിൽ ഉപരിപഠനം നടത്തി. പ്രശസ്തമായ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽനിന്നു ഫിലോസഫിയിൽ ഡോക്ടറേറ്റും ലെയോണിയൻ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നു സോഷ്യോളജിയിൽ ബിരുദവും നേടി. അനാരോഗ്യത്തെ വകവയ്ക്കാതെ കഠിനാധ്വാനം ചെയ്യുന്ന സ്വഭാവം അദ്ദേഹം ജീവിതകാലം മുഴുവൻ നിലനിർത്തി. ഫാദർ ടൈറ്റസ് ബ്രാൻദ്സ്മ റോമിലെ പഠനകാലത്ത് ഹോളണ്ടിലെ പല കത്തോലിക്കാപ്രസിദ്ധീകരണങ്ങളിലും ലേഖനങ്ങൾ എഴുതിയിരുന്നു.



1909 ൽ ജന്മനാട്ടിൽ തിരിച്ചെത്തിയ ഡോ. ടൈറ്റസ് ബ്രാൻദ്സ്മ 'ഒസ്സ്' എന്ന പട്ടണത്തിലെ കർമലീത്താ സെമിനാരിയിൽ ഫിലോസഫി പ്രൊഫസറായി നിയമിതനായി. 1923 വരെ ഈ അധ്യാപനച്ചുമതല വളരെ നന്നായി അദ്ദേഹം നിറവേറ്റി. അതോടൊപ്പം പ്രൊഫസർ ബ്രാൻദ്സ്മ 'കാർമൽ റോസസ്സ്' എന്ന പ്രസിദ്ധീകരണം ആരംഭിക്കുകയും അമ്മത്രേസ്യായുടെ കൃതികൾ ഡച്ചുഭാഷയിലേക്കു പരിഭാഷപ്പെടുത്തുകയും ചെയ്തു. ഒരു ദിനപത്രത്തിന്റെ നടത്തിപ്പിലും അദ്ദേഹം പ്രധാനപങ്കു വഹിച്ചു.

1923 ൽ സമാരംഭിച്ച നിമെഗൻ കാത്തലിക് യൂണിവേഴ്സിറ്റിയിൽ പ്രൊഫസറായി നിയമിതനായി; 1942 വരെ ആ സ്ഥാനത്തു തുടരുകയും ചെയ്തു. ഒരദ്ധ്യയന വർഷം (1938–39) യൂണിവേഴ്സിറ്റിയുടെ റെക്ടറായും സേവനം അനുഷ്ഠിച്ചു.

1935 മുതൽ 'ഉത്രക്ട്' രൂപതയുടെ ആർച്ചുബിഷപ്, ഫാ. ടൈറ്റസ് ബ്രാൻദ്സ്മയെ കത്തോലിക്കാ ജേർണലിസ്റ്റിസിന്റെ ചാപ്ലൈനായി നിയമിച്ചു. പ്രൊഫ. ബ്രാൻദ്സ്മയ്ക്ക് അന്താരാഷ്ട്ര ജേർണലിസ്റ്റ് അസോസിയേഷനിൽ അംഗത്വവും ഉണ്ടായിരുന്നു. അദ്ദേഹം അമേരിക്കൻ ഐക്യനാടുകളിലും അയർലണ്ടിലും കാർമലൈറ്റ് ആദ്ധ്യാത്മികതയെ സംബന്ധിച്ച് കോൺഫറൻസുകൾ നടത്തി.

**നാസി തടങ്കൽപ്പാളയത്തിൽ**

അഡോൾഫ് ഹിറ്റ്ലറുടെ നേതൃത്വത്തിൽ ജർമനിയിൽ ശക്തി പ്രാപിച്ചുകൊണ്ടിരുന്ന നാഷണൽ സോഷ്യലിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ അപകടങ്ങൾ മുൻകൂട്ടിക്കാണാനും തന്റെ യൂണിവേഴ്സിറ്റി ക്ലാസുകളിൽ അതെപ്പറ്റി പ്രതിപാദിക്കാനും പ്രൊഫസർ ടൈറ്റസ് ബ്രാൻദ്സ്മ ശ്രദ്ധിച്ചിരുന്നു. ഹിറ്റ്ലർ ജർമനിയിൽ അധികാരത്തിൽ വരികയും യഹൂദരുടെ വംശഹത്യ ലക്ഷ്യം വച്ചുള്ള അതിക്രൂരമായ നടപടികൾ ആരംഭിക്കുകയും ചെയ്തു. 1939 ആയപ്പോഴേക്കും ജർമൻ പട്ടാളം അയൽരാജ്യങ്ങൾ ആക്രമിച്ചു കീഴ്പ്പെടുത്താൻ തുടങ്ങി. രണ്ടാംലോകമഹായുദ്ധത്തിന്റെ തുടക്കമായി.

യുദ്ധത്തിൽ നിഷ്പക്ഷത പാലിച്ചിരുന്ന ഹോളണ്ട്, ബൽജിയം തുടങ്ങിയ രാജ്യങ്ങളും 1940 മേയ്മാസത്തിൽ അനായാസം കീഴ്പ്പെടുത്തി. ധാരാളം യഹൂദർ അധിവസിച്ചിരുന്ന ഒരു രാജ്യമായിരുന്നു ഹോളണ്ട്. ജർമനിയിൽനിന്ന് നാസികളെ ഭയന്ന് ഹോളണ്ടിൽ അഭയം പ്രാപിച്ച ആൻഫ്രാങ്കിന്റേതുപോലുള്ള ധാരാളം കുടുംബങ്ങളും ഉണ്ടായിരുന്നു. വിശുദ്ധ ഏദിത്ത് സ്റ്റൈനും സഹോദരി റോസയും യഹൂദവംശജരായിരുന്നതുകൊണ്ട് ഹോളണ്ടിലെ ഒരു മഠത്തിൽ അഭയം പ്രാപിച്ചിരുന്നു. അവരെ എല്ലാം കണ്ടെത്തി വംശഹത്യയ്ക്കായി ഒരുക്കിയിരുന്ന കോൺസൻട്രേഷൻ ക്യാമ്പുകളിലേക്ക് അയച്ചിരുന്നു. പല രാജ്യങ്ങളിൽനിന്നായി ഏകദേശം 60 ലക്ഷം യഹൂദർ കൊലചെയ്യപ്പെട്ടതായി കണക്കാക്കുന്നു. ഈ വംശഹത്യയ്ക്കെതിരേ ഹോളണ്ടിലെ കത്തോലിക്കാസഭ ശക്തമായി പ്രതികരിക്കുകയും പള്ളികളിൽ ഇടയലേഖനം വായിക്കുകയും ചെയ്തു. ഈ പ്രതിഷേധങ്ങൾക്കെല്ലാം പ്രൊഫ. ടൈറ്റസ് ബ്രാൻദ്സ്മയുടെ പിന്തുണ ഉണ്ടായിരുന്നു. ബിഷപ്സ് കോൺഫെറൻസിന്റെ നിർദേശപ്രകാരം അദ്ദേഹം ഓരോ കത്തോലിക്കാ പ്രസിദ്ധീകരണശാലയും സന്ദർശിച്ച് നാസികൾ നല്കുന്ന യാതൊരു പ്രചാരണലേഖനങ്ങളും അച്ചടിക്കരുതെന്ന് അറിയിച്ചു.

ഇതെല്ലാം കൃത്യമായി നിരീക്ഷിച്ചുകൊണ്ടിരുന്ന രഹസ്യപ്പോലീസ് 1942 ജനുവരി മാസം 20–ാം തീയതി ഫാദർ ടൈറ്റസ് ബ്രാൻദ്സ്മയെ അറസ്റ്റു ചെയ്തു. ദീർഘമായ ചോദ്യം ചെയ്യലുകൾക്കുശേഷം പരിക്ഷീണിതനായ അദ്ദേഹത്തിനു പല ക്യാമ്പുകളിൽ കഴിയേണ്ടിവന്നു. അവസാനം, ജർമനിയിൽ മ്യൂണിക്കിനു സമീപമുള്ള ഡാഹാവ് തടങ്കൽ പാളയത്തിലെത്തിച്ചു.

ലക്ഷക്കണക്കിനു യഹൂദർക്കു പുറമേ മറ്റ് എതിരാളികളെയും ഈ ക്യാമ്പിൽ പീഡിപ്പിച്ചിരുന്നു. വൈദികരും സന്ന്യസ്തരും സെമിനാരിക്കാരുമായി 2720 പേർ 1938 നും 45 നും ഇടയ്ക്ക് ഡാഹാവിൽ കഴിഞ്ഞിട്ടുണ്ടെന്നാണു കണക്ക്. ഇവരിൽ 1034 പേർ കൊല ചെയ്യപ്പെട്ടു.

കായികാധ്വാനത്തിനു ശേഷി ഇല്ലാത്തതുകൊണ്ടായിരിക്കാം 1942 ജൂലൈമാസം 26–ാം തീയതി മാരകമായ വിഷം കുത്തിവച്ച് ഫാദർ ടൈറ്റസിനെ വധിച്ചു. വിഷം കുത്തിവച്ചത് ഡച്ചുകാരിയായ ഒരു നേഴ്സായിരുന്നു. നാസി പ്രത്യയശാസ്ത്രം തലയ്ക്കുപിടിച്ച ആ സ്ത്രീക്ക് ഫാ. ടൈറ്റസ് മരിക്കുന്നതിനുമുമ്പ് താൻ ഉപയോഗിച്ചിരുന്ന ജപമാല സമ്മാനിച്ചു. തനിക്കു പ്രാർത്ഥിക്കാൻ അറിയില്ല എന്നു ധിക്കാരപൂർവം പറഞ്ഞ അവരോട്, 'പാപികളായ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ' എന്നു മാത്രം ഉരുവിട്ടാൽ മതിയെന്നു പ്രതിവചിച്ചു. ഈ സ്ത്രീ പിന്നീടു മാനസാന്തരപ്പെടുകയും നാമകരണനടപടികളുടെ ഭാഗമായി ഇക്കാര്യങ്ങൾ സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

1985 നവംബർ 3–ാം തീയതി ജോൺപോൾ രണ്ടാമൻ മാർപാപ്പാ റോമിൽവച്ച് ടൈറ്റസ് ബ്രാൻദ്സ്മയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു.

ഔഷ്വിറ്റ്സ് തടങ്കൽപ്പാളയത്തിൽ ജീവൻ ഹോമിച്ചവരായ വി. മാക്സിമില്യൻ കോൾബെയോടും വിശുദ്ധ ഏദിത്ത് സ്റ്റൈനോടുമൊപ്പം വിശുദ്ധരുടെ പട്ടികയിൽ ചേർക്കപ്പെട്ടിരിക്കുന്ന വി. ടൈറ്റസ് ബ്രാൻദ്സ്മ നമ്മൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ. വിശുദ്ധപദവി പ്രഖ്യാപനത്തിനു രണ്ടുദിവസംമുമ്പ് റോമിൽ ചേർന്ന കത്തോലിക്കാ പത്രപ്രവർത്തകരുടെ സമ്മേളനം ഈ വിശുദ്ധനെ ജേർണലിസ്റ്റുകളുടെ സ്വർഗീയമധ്യസ്ഥനായി പ്രഖ്യാപിക്കണമെന്നു ഫ്രാൻസിസ് പാപ്പായോടു അഭ്യർത്ഥിക്കുകയുണ്ടായി. ■

---

ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ



## ഒന്നുപോലെ

ഒരു എന്ന സ്വതന്ത്രസംഖ്യാവിശേഷണത്തിന്റെ നാമരൂപമാണ് ഒന്ന് എന്നത്. ഒരു ഒന്നാകുന്നതിനെപ്പറ്റി വൈയാകരണന്മാർ വ്യത്യസ്ത അഭിപ്രായക്കാരാണ്. ഒരു അനുനാസികസംസർഗ്ഗംവഴി ഒൻരുവും അനുനാസികാതിപ്രസരംവഴി ഒന്നുവും ആകുന്നുവെന്ന് കേരളപാണിനിയും* (ഒരു ഒൻരു → ഒന്റു ഒന്നു) ഒര്, തു പ്രത്യയം ചേർന്ന് ഒന്തുവും പരസവർണ്ണനംവഴി (സവർണ്ണനം എന്ന അധ്യായം നോക്കുക) ര് (രേഫം) തവർഗ്ഗത്തിലെ അനുനാസികമായ നകാരമായി മാറി ആദ്യം ഒൻ → ഒന്തു എന്നാകുന്നു. തുടർന്ന് അനുനാസികാതിപ്രസരംമൂലം ഒന്ന് (ഒര്+ തു → ഒന്തു →ഒന്നു) ആകുന്നുവെന്ന് സി.എൽ. ആന്റണിയും** നിരീക്ഷിക്കുന്നു. മതമേതായാലും ഒരു എന്ന ഭേദകമാണ് ഒന്ന് എന്ന നാമമായി ത്തീരുന്നത്.

ഒരു എന്ന വിശേഷണത്തോട് 'പോലെ' ചേർത്ത് 'ഒരുപോലെ' എന്നു പ്രയോഗിക്കാറുണ്ട്. 'ഒരുപോലെ' എന്നതിന്, തുല്യമായി, വ്യത്യാസമില്ലാതെ, ഒന്നുപോലെ തുടങ്ങിയ അർത്ഥങ്ങൾ നിഘണ്ടുകാരന്മാർ നൽകുന്നുണ്ട്. അതിൻപ്രകാരം, 'മന്ത്രിമാർ രാവും പകലും 'ഒരുപോലെ' വിശ്രമമില്ലാതെ ഓടിക്കൊണ്ടിരിക്കുന്നു' എന്ന പ്രയോഗം തെറ്റാണെന്നു പറഞ്ഞുകൂടാ. എന്നാൽ, പ്രകാരം, അനുസരിച്ച് എന്നീ അർത്ഥങ്ങളുള്ള പോലെ എന്ന അവ്യയത്തിനു വിശേഷണമായി 'ഒരു' നിൽക്കില്ല എന്നത്രേ അഭിജ്ഞമതം. 'ഒരുപോലെ' തെറ്റും ഒന്നുപോലെ ശരിയുമാണെന്ന് അവർ വാദിക്കുന്നു. "ഒരു എന്നത് വിശേഷണവും ഒന്ന് എന്നത് (ഒൻരു → ഒന്റു → ഒന്ന്) നാമവുമാകുന്നു. നാമത്തോടാണ് പോലെ ചേർക്കുന്നത്*** ഒരു അനുനാസികസംസർഗത്തിനു വിധേയമാകുമ്പോൾ ആ ശബ്ദം സ്വാർത്ഥവിശ്രാന്തി നേടും. അതായത്, അതിന്റെ അർത്ഥം അതിൽത്തന്നെ വിലയനം ചെയ്യുമെന്നു സാരം. അതാകണം, ഒന്നുപോലെ എന്ന അർത്ഥത്തിൽ 'ഒരുപോലെ' പ്രചരിക്കാനിടയായത് എന്നു തോന്നുന്നു. "പൂർവ്വഭാഗവും, ഉത്തരഭാഗത്തിൽ വ്യാകരണവിധികളെയും ശൈലികളെയുംപറ്റി പ്രസ്താവിക്കുന്ന വകുപ്പുകളും എല്ലാവക വിദ്യാർത്ഥികൾക്കും ഒന്നുപോലെ ഉപകരിക്കുമെന്ന് വിശ്വസിക്കപ്പെട്ടിരിക്കുന്നു" എന്ന് സാഹിത്യസാഹ്യത്തിന്റെ മുഖവുരയിൽ രാജരാജവർമ്മ**** ഒന്നുപോലെ എന്നതിന്റെ ശരിയായ പ്രയോഗപാഠം കാണിച്ചു തന്നിട്ടുണ്ട്.

* രാജരാജവർമ്മ, ഏ.ആർ., കേരളപാണിനീയം, എൻ.ബി.എസ്, 1988, പുറം – 208.

** ആന്റണി സി.എൽ., കേരള പാണിനീയഭാഷ്യം, ഡി.സി. ബുക്സ്, കോട്ടയം, 1989, പുറം – 76, 77.

*** ദാമോദരൻനായർ, പി., അപശബ്ദബോധിനി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013, പുറം – 131.

**** രാജരാജവർമ്മ ഏ.ആർ., സാഹിത്യസാഹ്യം, കേരള സാഹിത്യ അക്കാദമി, തൃശൂർ, 1989, പുറം – 13.

# നാം ചേർത്തുപിടിക്കേണ്ട ഒരേയൊരു ഭൂമി



ടോണി ചിറ്റിലപ്പള്ളി

**കാ**ലാവസ്ഥാപ്രതിസന്ധി ലോകം നേരിടുന്ന ഒരു വലിയ ഭീഷണിയാണ്. ഉയരുന്ന താപനില പ്രകൃതിയുടെ സന്തുലിതാവസ്ഥയെ തകർക്കുന്നു, പരിസ്ഥിതി ത്തകർച്ചയ്ക്ക് ആക്കം കൂട്ടുന്നു, ഭക്ഷ്യ-ജല സുരക്ഷയെ ഭീഷണിപ്പെടുത്തുന്നു. 1.5 ഡിഗ്രി സെൽഷ്യസായി താപനം പരിമിതപ്പെടുത്തുന്നത് കാലാവസ്ഥാവ്യതിയാനത്തിന്റെ അപകടസാധ്യത കുറയ്ക്കുമെന്നു ശാസ്ത്രജ്ഞർ കണക്കാക്കുന്നു. എന്നാൽ, അവിടെയെത്താൻ എത്ര സമയമെടുക്കും?

നിലവിലെ ജീവിതരീതി നിലനിർത്താൻ ഏകദേശം ആറു ഭൂമിക്കു തുല്യമായ പരിസ്ഥിതി ആവശ്യമാണ്. ഇന്നത്തെ ആവാസവ്യവസ്ഥയ്ക്കു നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയില്ല. നാം ചെലവഴിക്കേണ്ടതും യഥാർത്ഥത്തിൽ ചെലവഴിക്കുന്നതും തമ്മിലുള്ള അന്തരം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വ്യക്തികളും പൗരസമൂഹവും പരിസ്ഥിതി അവബോധം വളർത്തുന്നതിലും സർക്കാരുകളെയും സ്വകാര്യമേഖലയെയും വലിയതോതിലുള്ള മാറ്റങ്ങൾ വരുത്താൻ പ്രേരിപ്പിക്കുന്നതിലും ഒരു പ്രധാന പങ്കു വഹിക്കണം.

'നമ്മൾ ശ്വസിക്കുന്ന വായു, കുടിക്കുന്ന വെള്ളം, നമ്മളെ പൊതിയുന്ന വെളിച്ചം, നമ്മൾ കഴിക്കുന്ന ഭക്ഷണം - മനുഷ്യന്റെ ആവശ്യത്തിനുള്ളതെല്ലാം ഭൂമിയിലുണ്ട്. എന്നാൽ, അത്യാർത്തിക്കുള്ളതില്ല' എന്ന ഗാന്ധിവചനം എന്നത്തേക്കാളും ഇന്നു പ്രസക്തമാകുന്നു. കാലാവസ്ഥാവ്യതിയാനം, പ്രകൃതിയുടെയും ജൈവവൈവിധ്യത്തിന്റെയും നഷ്ടം, വായുമലിനീകരണം, പ്ലാസ്റ്റിക് മാലിന്യങ്ങൾ തുടങ്ങിയവ നമ്മെ ബാധിക്കുന്ന ഭീഷണികളാണ്.

### കാലാവസ്ഥാവ്യതിയാനം

നൂറ്റാണ്ടിന്റെ അവസാനത്തോടെ ആഗോളതാപനം 1.5 ഡിഗ്രി സെൽഷ്യസായി പരിമിതപ്പെടുത്താൻ, 2030-ഓടെ വാർഷിക ഹരിതഗൃഹ വാതകപ്രസരണം പകുതിയായി കുറയ്ക്കണം. അടുത്ത രണ്ടു ദശകങ്ങളിൽ ആഗോളതാപനം 1.5 ഡിഗ്രി സെൽഷ്യസ് കവിയാനുള്ള സാധ്യത 50 ശതമാനമാണ്. പ്രകൃതിവാതകത്തിന്റെ പ്രാഥമിക ഘടകമായ മീഥേനാണ് ഇന്നു നാം അനുഭവിക്കുന്ന ചൂടിന്റെ 25 ശതമാനത്തിലധികത്തിനും ഉത്തരവാദി.

കാലാവസ്ഥാപ്രതിസന്ധി തീവ്രമായ കാലാവസ്ഥാവ്യതിയാനങ്ങൾക്കു കാരണമാകുന്നു. അത് ആയിരക്കണക്കിനാളുകളെ കൊല്ലുകയോ അഭയാർത്ഥികളാക്കുകയോ ചെയ്യുന്നതിനൊപ്പം ട്രില്യൺ കണക്കിനു സാമ്പത്തികനഷ്ടം ഉണ്ടാക്കുകയും ചെയ്യുന്നു.

### പ്രകൃതിയുടെയും ജൈവവൈവിധ്യത്തിന്റെയും നഷ്ടം

ആവാസവ്യവസ്ഥയുടെ തകർച്ച ഏകദേശം രണ്ടു ബില്യൺ ആളുകളുടെ അല്ലെങ്കിൽ ലോക ജനസംഖ്യയുടെ 40 ശതമാനം ആളുകളുടെ നിലനില്പിനെ ബാധിക്കുന്നു. പരിവർത്തനം ചെയ്യപ്പെട്ട ഭൂമിയുടെ 15 ശതമാനം പുനഃസ്ഥാപിക്കുന്നതിലൂടെയും വംശനാശത്തിന്റെ വക്കിലെത്തിനില്ക്കുന്ന ജീവജാലങ്ങളുടെ വംശനാശം തടയാനാകും. നമ്മുടെ ആഗോള സാമ്പത്തികഉത്പാദനത്തിന്റെ 10 ശതമാനത്തിലധികം മൂല്യമുള്ള ആവാസവ്യവസ്ഥയുടെ സേവനങ്ങൾ നമുക്കു ഓരോ വർഷവും നഷ്ടമാകുന്നുണ്ട്.

ലോകത്തിലെ കൃഷിഭൂമിയുടെ മൂന്നിലൊന്നു ഭാഗവും നശിച്ചുകഴിഞ്ഞു. 1700 മുതൽ ലോകമെമ്പാടുമുള്ള ഉൾനാടൻ തണ്ണീർത്തടങ്ങളിൽ 87 ശതമാനവും അപ്രത്യക്ഷമായി. വാണിജ്യമത്സ്യയിനങ്ങളിൽ മൂന്നിലൊന്ന് അമിതമായി ചൂഷണം ചെയ്യപ്പെടുന്നു. 80 ശതമാനം ജൈവവൈവിധ്യനാശത്തിനും കാരണമാകുന്നത് ഭക്ഷ്യസംവിധാനങ്ങളാണ്.

### വായുമലിനീകരണം

വായുമലിനീകരണം പ്രതിവർഷം ഏഴു ദശലക്ഷം അകാലമരണങ്ങൾക്കു കാരണമാകുന്നു. മൊത്തം മരണങ്ങളിൽ പത്തിൽ ഒൻപതും സംഭവിക്കുന്നത് വായുമലിനീകരണംമൂലമാണ്. ഇതു നമ്മുടെ കാലത്തെ ഏറ്റവും പ്രധാനപ്പെട്ട പരിസ്ഥിതിആരോഗ്യഅപകടമായി മാറുന്നു.

2019 ൽ, ലോകാരോഗ്യസംഘടനയുടെ മാർഗനിർദേശങ്ങൾക്കനുസരിച്ചുള്ള അന്തരീക്ഷമലിനീകരണ പഠനത്തിൽ 92 ശതമാനം ആളുകളും മലിനീകരണത്തിന്റെ അപകടകരമായ അതിർത്തികളിലാണെന്നു കണ്ടെത്തി. ഉപരിതല, ഭൂഗർഭ ജലസ്രോതസ്സുകളുടെ ആരോഗ്യത്തെക്കുറിച്ചു വേണ്ടത്ര അറിവില്ലാത്തതിനാൽ മൂന്നു ബില്യണിലധികം ആളുകൾ അപകടസാധ്യതയിലാണെന്ന് ഏറ്റവും പുതിയ യു.എൻ. സുസ്ഥിരവികസനഗവേഷണങ്ങൾ വെളിപ്പെടുത്തുന്നു.









### പ്ലാസ്റ്റിക് മാലിന്യങ്ങൾ

സാധാരണ അവസ്ഥയിൽ, ജലആവാസവ്യവസ്ഥയിൽ പ്രവേശിക്കുന്ന പ്ലാസ്റ്റിക് മാലിന്യം 2016-ലെ 9-14 ദശലക്ഷം ടണ്ണിൽനിന്ന് 2040-ഓടെ 23-37 ദശലക്ഷം ടണ്ണായി - ഏകദേശം മൂന്നിരട്ടിയായി വർദ്ധിക്കും. ടൂറിസം, ഫിഷറീസ്, അക്വാകൾച്ചർ എന്നിവയിലെ സമുദ്ര പ്ലാസ്റ്റിക് മലിനീകരണത്തിന്റെ മൊത്തം ആഗോളസാമ്പത്തികച്ചെലവ് 2018 ൽ 6-19 ബില്യൺ യുഎസ് ഡോളറാണ്. 1950 മുതൽ 2017 വരെ, ഏകദേശം രണ്ടു ബില്യൺ ടൺ പ്ലാസ്റ്റിക് ഉത്പാദിപ്പിക്കപ്പെട്ടു. അതിൽ ഏഴു ബില്യൺ ടൺ മാലിന്യമായി മാറി. പ്ലാസ്റ്റിക് കത്തിക്കുമ്പോൾ ഉണ്ടാവുന്ന ഡയോക്സിൻ എന്ന വിഷം വായുമലിനീകരണം ഉണ്ടാക്കുന്നു. ഇത് കാൻസറിനും കാരണമാവുന്നു.

സുസ്ഥിരമായ കാലാവസ്ഥയുള്ള, വിസ്തൃത വനങ്ങളും പച്ചപ്പും പ്രകൃതിസൗഹൃദബോധമുള്ള മനുഷ്യരും നിറഞ്ഞ നല്ല ഭൂമി അടുത്ത തലമുറയ്ക്കു കൈമാറാൻ നമുക്കു ബാക്കിവേണം. ഒരു ദിനാചാരണത്തിലും ഒരു മരത്തെ നടുന്നതിലും തീരുന്നതല്ല നമ്മുടെ ഉത്തരവാദിത്വം. ഒറ്റയ്ക്കൊരു നിലനില്പ് സാധ്യമല്ലെന്നും എല്ലാ ജീവജന്തുജാലങ്ങളും സ്വന്തം വംശവൃക്ഷത്തിലെ ചില്ലകളാണെന്നുമുള്ള തിരിച്ചറിവ് നമുക്കുണ്ടാകട്ടെ. മരങ്ങളെ കെട്ടിപ്പിടിച്ചു സംരക്ഷിച്ച സുന്ദർലാൽ ബഹുഗുണ എന്ന ഇതിഹാസം നമുക്കു നഷ്ടമായി. എന്നാൽ, മരങ്ങളെ പ്രാണനെപ്പോലെ ചേർത്തുപിടിച്ച അദ്ദേഹത്തിന്റെ സന്ദേശം നമുക്കു പാഠമാകട്ടെ.

മനുഷ്യർ വീട്ടിലൊളിക്കുമ്പോൾ പരിസ്ഥിതി പച്ചപിടിക്കുന്നു. അതേ, ഭൂമി കുറെക്കൂടി പച്ചപിടിക്കട്ടെ. പരിസ്ഥിതിദിനം പ്രകൃതിക്കുവേണ്ടി മാത്രമല്ല നമ്മുടെ ജീവനുവേണ്ടിക്കൂടിയുള്ള യുദ്ധമാണ്. ഇതിൽ നാം ജയിച്ചേ മതിയാകൂ! ഒരിക്കൽ നാം കൗതുകത്തോടെ കണ്ടിരുന്ന പല ജീവികളും ഇന്ന് അപ്രത്യക്ഷമായിക്കഴിഞ്ഞു എന്ന വസ്തുതയെങ്കിലും തിരിച്ചറിയണം. ഇതു കേവലം ജീവികളെയും പ്രകൃതിയെയും ഈ ഭൂമുഖത്തു നിലനിർത്തുന്നതിനുവേണ്ടി മാത്രമല്ല. നമ്മൾ ഓരോരുത്തർക്കും, വരുന്ന തലമുറയ്ക്കും നിലനിൽക്കാൻവേണ്ടിക്കൂടിയാണ് എന്ന ഓർമയിൽ വേണം നാം ജീവിക്കേണ്ടത്.

■


## ഹോം സയൻസ് ക്ലാസുകൾ

പാലാ: പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന മഡോണ ഹോം സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോം സയൻസ് ക്ലാസ്സുകൾ ആരംഭിക്കുന്നു. പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാൻഡിക്രാഫ്റ്റ്സ്, ഫേബ്രിക് പെയിന്റിങ്, ഗ്ലാസ് പെയിന്റിങ്, പൂക്കൾനിർമ്മാണം, ഫ്ളവർ അറേഞ്ചുമെന്റ്, ഹാൻഡ് എംബ്രോയിഡറി, ബീഡ്സ് വർക്കുകൾ, സെറാമിക് വർക്ക്, മെറ്റൽ എംബോസിങ്, ക്രോഷ്യാ വർക്കുകൾ തുടങ്ങി വിവിധ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ ആരംഭിക്കുന്നു. ഈ കോഴ്സിൽ ചേരാനാഗ്രഹിക്കുന്നവർ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക.

വിശദവിവരങ്ങൾക്ക്,
ഡയറക്ടർ
മഡോണ ഇൻസ്റ്റിറ്റ്യൂട്ട്, പാലാ
ഫോൺ: 9496571321



പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

ടി.പി. ശാസ്തമംഗലം

# ട്രോജൻ കുതിരയുടെ നുഴഞ്ഞുകയറ്റം

ഒരു കമ്പ്യൂട്ടർപ്രോഗ്രാമിന്റെ അക്സെസ് (access) സംവിധാനത്തിലെ സുരക്ഷാപാളിച്ചകൾ മുതലെടുത്തുകൊണ്ടു പ്രാവർത്തികമാക്കുന്ന ഒരു കബളിത കമ്പ്യൂട്ടർ പ്രോഗ്രാമാണ് ട്രോജൻ അഥവാ ട്രോജൻ ഹോഴ്സ് എന്നറിയപ്പെടുന്നത്. ഗ്രീക്കുകാർ ട്രോജൻ കുതിരയെ ഉപയോഗപ്പെടുത്തി ജനങ്ങളെ കബളിപ്പിച്ച് ട്രോയ് നഗരം പിടിച്ചെടുത്തതുപോലെ ഉപഭോക്താവിനെ പറ്റിച്ച് കാര്യങ്ങൾ നടത്തുന്നതിനാലാണ് അതിന് ഈ പേരു നല്കിയിരിക്കുന്നത്. കുറച്ചുകൂടി വ്യക്തമായിപ്പറഞ്ഞാൽ, കമ്പ്യൂട്ടറിലുള്ള വിവരങ്ങൾ മോഷ്ടിക്കുകയോ കേടുപാടുകൾ വരുത്തുകയോ ചെയ്യുന്ന ഹാനികരമായ കമ്പ്യൂട്ടർ പ്രോഗ്രാം ആണിത്. 'ട്രോജൻ' എന്ന പേരോടുകൂടി ഒരു മലയാളചലച്ചിത്രം ഇറങ്ങിയിരിക്കുന്നതുകൊണ്ടാണ് അതിനെക്കുറിച്ച് ഇത്രയും ചിന്തിച്ചുപോയത്.

ആർക്കും സംശയം വേണ്ട, ഈ ചിത്രത്തിൽ കേൾക്കുന്നത് കബളിതഗാനംതന്നെയാണ്. അതിനാൽ 'ട്രോജൻ' എന്ന പേര് ഏറെ യോജിക്കുന്നത് ഈ ചിത്രത്തിനല്ല, ഗാനത്തിനാണ് എന്നു പറയാതെ വയ്യ.

"എന്നുയിരേ വരൂ തെന്നലായ് അരികെ
നീ നിറയും ഈ ലോകവും പ്രണയം
വഴിയരികിൽ നില്ക്കവേ
നിറചിരികൾ നല്കുവാൻ
ഇതുവഴിയെ വന്നുവോ ജീവനേ." (രചന - ശബരീഷ് വർമ; സംഗീതം - സെജോ ജോൺ; ആലാപനം - സെജോ ജോൺ, ഡോ. ജിസ്റ്റ് തോമസ്.)

ഈ വരികൾ സംഗീതത്തിന്റെ അകമ്പടിയോടെ കേൾക്കണമെന്നില്ല. രണ്ടു തവണ വായിച്ചാൽ മതി ഇവയുടെ പൊള്ളത്തരം വ്യക്തമാവും. ഇന്നത്തെ ഗാനരചയിതാക്കളുടെ പ്രധാനപ്പെട്ട ആവശ്യങ്ങളിൽ ഒന്നാണ് തെന്നൽ അരികെയെത്തണമെന്നത്. വീണ്ടും വീണ്ടും അവർ അതുതന്നെ പടച്ചുവിട്ടുകൊണ്ടിരിക്കുന്നു. പക്ഷേ, ഫലമില്ല. അബദ്ധത്തിൽപ്പോലും അതിനു പിൻബലമേകിയിട്ടുമുണ്ട് പാട്ടെഴുത്തുകാരൻ. അല്ലെങ്കിലും നമ്മുടെ മാതൃഭാഷയോട് പണ്ടേ കലമ്പി നിൽക്കുന്ന ആളാണ് ശബരീഷ് വർമ. ഓർമയില്ലേ ആറേഴുവർഷങ്ങൾക്കുമുമ്പ് 'പ്രേമം' എന്ന ചിത്രത്തിലൂടെ അദ്ദേഹം എഴുതിവിട്ട വരികൾ.

"അവള് വേണ്ട്രാ ഇവള് വേണ്ട്രാ
ഈ കാണുന്നവൾമാരൊന്നും വേണ്ട്രാ
ലൗ വേണ്ട്രാ നമുക്കു വേണ്ട്രാ
ഇവിടെ അല്ലേലും സീൻ മൊത്തം കോണ്ട്രാ"

രാജേഷ് മുരുകേശന്റെ സംഗീതത്തിൽ ഈ ഗാനം പാടിയതും ശബരീഷ് വർമയാണ്. ഇത്തരത്തിൽ 'കൊഞ്ചമലയാളം' എഴുന്നള്ളിക്കാൻ മടിയില്ലാത്ത ഒരാൾക്ക് എന്തുതന്നെ എഴുതിക്കൂടാ? ഇത്തരം മ്ലേച്ഛമായ പാട്ടുകൾ ഇറങ്ങിയപ്പോൾ കേരളീയസമൂഹം വേണ്ടതരത്തിൽ പ്രതികരിക്കാൻ തയ്യാറായില്ല. അതുകൊണ്ടാണ് ഗാനരംഗത്ത് കളകൾ കൂടിക്കൂടി വരുന്നത്. സംസ്കാരത്തിനു നിരക്കാത്ത പാട്ടുകളെ നിഷ്കരുണം ജനാവലി തിരസ്കരിക്കുന്നുണ്ട് എന്നതു മാത്രമാണ് ഒരേയൊരു സമാധാനം. എങ്കിലും അതുപോരാ. ഗാനരംഗത്ത് ട്രോജൻ കുതിര നുഴഞ്ഞുകയറുമ്പോൾ പ്രതിവിധി ചെയ്യാൻ നാം കരുതിയിരുന്നേ മതിയാവൂ.


തെന്നൽ ഇങ്ങനെ പാടുന്നവരുടെ അടുത്തുവരാനിടയില്ല. ഇവിടെ ഉയിരിനെയാണ് പാട്ടെഴുത്തുകാരൻ കാര്യമായി ക്ഷണിക്കുന്നത്. തെന്നലായി വേഷം മാറി എത്തണമെന്നാണ് തൂലികയുന്തുന്ന ആളിന്റെ അഭ്യർത്ഥന. പ്രണയഗാനമാണ് എഴുതേണ്ടത് എന്നതിനെക്കാൾ അസ്ഥാനത്ത് പ്രണയം പ്രയോഗിച്ച് അതിന്റെ അനുഭൂതിപോലും ഇല്ലാതാക്കിയിരിക്കുന്നു.

ആദ്യം വരാൻ ക്ഷണിച്ചു. പിന്നീട് ഇതുവഴിയേ വന്നുവോ എന്നു ചോദിച്ചു. എല്ലാം ഉയിരിനോടാണ് എന്നോർക്കണം. 'ജീവനേ' എന്നു പ്രയോഗിച്ച്

■

ബാലനോവൽ 11 രാമപുരം മണി

# ധനുമാസത്തിലെ പൗർണമി



രാക്ഷസപ്രവീണനെ രാജകുമാരിയുടെ കാമുകസ്ഥാനത്തുനിന്ന് എങ്ങനെ ഒഴിവാക്കുമെന്നതായി രാജാവിന്റെ ചിന്ത. രാജകുമാരിയോടുള്ള അവന്റെ സ്നേഹം ആത്മാർത്ഥമാണെങ്കിൽ ഒരിക്കലും അവനെ ഒഴിവാക്കാൻ പറ്റില്ല. ഇനി ഒരുപക്ഷേ, രാജാവിന്റെ സ്വത്തിലാണവന്റെ കണ്ണെങ്കിൽ സാരമില്ല കുറച്ചെന്തെങ്കിലും കൊടുത്ത് അവനെ ഒഴിവാക്കാം. അല്ലെങ്കിൽ അവനെ കൊല്ലുക. വല്യബുദ്ധിമുട്ടുള്ള കാര്യമല്ലത്. പക്ഷേ, രാക്ഷസപ്പട ഒന്നാകെ ഇളകിമറിയും. തനിക്കും തന്റെ രാജ്യത്തിനും തന്റെ പ്രജകൾക്കും അതു ദോഷം ചെയ്യും. വേണ്ട, രാക്ഷസനെ കൊല്ലണ്ട. അല്ലാതെ തന്ത്രപരമായി ഈ കാര്യം കൈകാര്യം ചെയ്യണം. അതാണു ബുദ്ധി. രാജാവു സത്യധർമൻ ആകപ്പാടെ അസ്വസ്ഥനായി കാണപ്പെട്ടു. അതു മന്ത്രി സോമദേവനിഷ്ടപ്പെട്ടു. രാജാവ് അസ്വസ്ഥനാകണം. ആ മനസ്സ് കലുഷമായെങ്കിലേ തനിക്കു തന്റെ ചിന്തകൾക്കൊത്തു പ്രവർത്തിക്കാൻ പറ്റൂ. ഈ മന്ത്രിക്കു സത്യധർമ മഹാരാജാവിന്റെ ബന്ധുവാകണം. അതിനു തന്റെ പുത്രൻ ഇവിടത്തെ മരുമകനായി വരണം. സുഗന്ധി എന്ന സുന്ദരിയെ തന്റെ മകൻ പ്രേമസ്വരൂപൻ വേൾക്കണം. ആ കല്യാണം നടന്നാൽ പിന്നെ ഈ സോമദേവൻ ആരാണ്... സത്യധർമ മഹാരാജാവിനെപ്പോലെ തന്നെ.

"നമ്മുടെ മന്ത്രിയെക്കണ്ടോ ഇപ്പോൾ രാജാവിന്റെ ബന്ധുവാണ്. മന്ത്രിയുടെ മകനാണ് രാജകുമാരിയെ വിവാഹം ചെയ്തിരിക്കുന്നത്." പ്രജകൾ തമ്മിൽപ്പറയും. അതു കേൾക്കാനൊരു സുഖമുണ്ട്. മന്ത്രി സോമദേവൻ ഭാവികാര്യങ്ങളോർത്തു സ്വപ്നലോകത്തു സഞ്ചരിക്കുകയാണ്. തന്റെ പത്നി മന്ദാകിനി ഒരു അത്യാർത്തിക്കാരിയാണ്. സ്വത്ത്, പദവി, അതൊക്കെ അവൾക്കിഷ്ടമാണ്. പട്ടുവസ്ത്രങ്ങൾ ധരിച്ച് സ്വർണാഭാരണങ്ങളും രത്നാഭരണങ്ങളുമണിഞ്ഞ് തന്റെ ഭാര്യ നാട്ടിലൂടെ നടക്കുന്നത് അയാൾ ഭാവനയിൽ കണ്ടു.

"ആ പോകുന്ന സൗന്ദര്യധാമം ഏതാണ്?" പ്രജകൾ തമ്മിൽത്തമ്മിൽ ചോദിക്കും.

"അറിയില്ലേ, നമ്മുടെ മന്ത്രി സോമദേവന്റെ ഭാര്യയാണ്."

"ഓഹോ... കൊള്ളാം. അവർക്ക് ആ സ്വർണാഭരണങ്ങളും രത്നാഭരണങ്ങളും നന്നായി ഇണങ്ങുന്നു."

"എടോ, അവരിപ്പോൾ സത്യധർമമഹാരാജാവിന്റെ ബന്ധുക്കളാണ്. പിന്നെയവർക്കെന്തു വേണമെങ്കിലും അണിഞ്ഞുകൂടേ. എങ്ങനെ വേണമെങ്കിലും നടന്നുകൂടേ."

"ശരിയാണ്. എല്ലാത്തിനും ഒരു യോഗം വേണം."

"അതെയതെ. താൻ നടക്ക് നമുക്കു ജോലിയുണ്ട്. അതു തീർത്താലേ നമുക്കു ശമ്പളം കിട്ടൂ. അല്ലാതെ നമുക്കു വേണ്ടി ഖജനാവിലൊന്നും കൂട്ടിയിട്ടിട്ടില്ല."

"ഹ... ഹ... ഹ... സ്നേഹിതാ തന്റെയൊരു തമാശകൊള്ളാം."

"എന്താ ഞാൻ പറഞ്ഞതു നേരല്ലേ ചക്രപാണീ."

"അതേ ചന്ദ്രദത്താ, നീ പറഞ്ഞതു വളരെ വാസ്തവം. നടക്ക്. എന്നാലും നിന്റെയൊരു തമാശ..." തമാശകൾ പറഞ്ഞും ചിരിച്ചും പ്രജകളായ ചക്രപാണിയും ചന്ദ്രദത്തനും നടന്നു.



രാജകുമാരി സുഗന്ധിയെക്കുറിച്ചറിയാൻ രാക്ഷസപ്രവീണൻ വേഷപ്രച്ഛന്നനായി നടന്നുവരികയായിരുന്നു. താൻ ഒറിജിനൽ രാക്ഷസരൂപത്തിൽ നടന്നാൽ ഒരു വിവരവുമറിയാൻ കഴിയില്ല. അതുകൊണ്ട് ഒരല്പം ഭീകരത കുറച്ച് ഒരു പരുക്കൻ മനുഷ്യനായി നടക്കണം.

"അതേ ഒന്നു നിൽക്കണേ." രാക്ഷസപ്രവീണൻ പറഞ്ഞു.

ചക്രപാണിയും ചന്ദ്രദത്തനും നിന്നു.

"ഉം. എന്തുവേണം?" അയാളുടെ രൂപഭാവങ്ങൾ അവർക്കിഷ്ടപ്പെട്ടില്ല.

"ക്ഷമിക്കണം, എന്നെ കണ്ടിട്ട് നിങ്ങൾക്കിഷ്ടപ്പെട്ടില്ലെന്നു തോന്നുന്നു."

"തന്നെ ഇഷ്ടപ്പെടാൻ ഞങ്ങൾ തന്നെ കല്യാണം കഴിക്കാൻ പോകുന്നില്ലല്ലോ."

രാക്ഷസപ്രവീണൻ ചിരിച്ചു. ചിരിച്ചു മറിഞ്ഞു.

"നിങ്ങൾ നല്ല തമാശക്കാരാണു സ്നേഹിതന്മാരെ."

"ശരി ശരി. തനിക്കെന്തുവേണം ചോദിക്കൂ ഞങ്ങൾക്കല്പം തിടുക്കമുണ്ട്.'

"സത്യധർമമഹാരാജാവിന്റെ മകൾക്കു സുഖമാണോ?"

"നല്ല ചോദ്യം. രാജകുമാരിക്കു സുഖമാണോന്ന്... അസുഖമൊന്നുമില്ല. പരമസുഖംതന്നെ. എന്താ ചോദിച്ചത്?"

"ഈ നാടു ഭരിക്കുന്ന രാജാവിന്റെ മകൾക്കു സുഖമാണോന്നു ചോദിച്ചത് അത്ര വലിയ തെറ്റാണോ? കൂട്ടരെ?" രാക്ഷസൻ മറുചോദ്യം ചോദിച്ചു.

"അല്ലേയല്ല ഞങ്ങൾ പോകുന്നു. ഞങ്ങൾക്കു വേറേ പണിയുണ്ട്."

ചക്രപാണിയും ചന്ദ്രദത്തനും നടന്നു.

ഹൊ... ആശ്വാസം. രാജകുമാരിക്കു സുഖംതന്നെ. പറഞ്ഞത് ഈ രാജ്യത്തെ പ്രജകൾതന്നെയായതുകൊണ്ട് വിശ്വസിക്കാം. രാക്ഷസപ്രവീണനു സന്തോഷമായി.

വല്ലാതെ വിശക്കുന്നല്ലോ. ഒരു ചെറുമൃഗങ്ങളെപ്പോലും കാണാനില്ല. അതാ രണ്ടുമൂന്നാടുകളുമായി ഒരാൾ വരുന്നു.

"ഒന്നു നിൽക്കണേ.

ആടുകളുമായി വന്നയാൾ നിന്നു. തടിച്ചുകൊഴുത്ത മൂന്നു പെണ്ണാടുകൾ.

"ഈ ആടുകളെ എവിടെക്കൊണ്ടുപോകുന്നു."

"ചന്തയിൽ കൊണ്ടുപോകുന്നു വിൽക്കാൻ."

"ഒരെണ്ണത്തിന് എന്താണു വില."

"ഇരുപതു ചക്രം.'

"ഇതാ ഒന്നിനെ ഇങ്ങു തന്നേക്കൂ." ആടിന്റെ ഉടമസ്ഥന് ഇരുപതു ചക്രം കൊടുത്ത് ഒന്നിനെ പ്രവീണൻ വാങ്ങി. പക്ഷേ, ആടിന്റെ വിലയായി പ്രവീണൻ ഉടമസ്ഥനു നൽകിയത് ഇരുപതു കല്ലുകളായിരുന്നു. ഒറ്റനോട്ടത്തിൽ ആടിന്റെ ഉടമസ്ഥനതു മനസ്സിലായില്ല. രാക്ഷസൻ മായാജാലക്കാരനാണല്ലോ.

"വലിയ ഉപകാരം. ഞാൻ പോട്ടെ സ്നേഹിതാ." ആടിന്റെ ഉടമസ്ഥൻ യാത്ര ചോദിച്ചു.

"നിൽക്കൂ ഇതുകൂടി കണ്ടിട്ടു പോകൂ." രാക്ഷസപ്രവീണൻ ആടിന്റെ കൈകാലുകൾ ഒടിച്ചു തിന്നു. പിന്നെ ശരീരം പല കഷണങ്ങളാക്കിത്തിന്നു. ആടിന്റെ ഉടമസ്ഥൻ രാസയ്യൻ അതുകണ്ട് "അയ്യോ..." എന്നലറിക്കരഞ്ഞു.

(തുടരും)

# അപ്പസ്തോലന്റെ യാത്ര ഒരു വചനപ്രഘോഷണയാത്ര




**ജൂൺ 19**
**ശ്ലീഹാക്കാലം**
**മൂന്നാം ഞായർ**

പുറ 23 : 20–26
യോനാ 4:1–11
റോമ 15 : 14 – 21
ലൂക്കാ 9:1–6



**ഡോ. തോമസ് വടക്കേൽ**

**ഈ**ശോ ഒരു യാത്രികനാണ്. ഗലീലിയിലും മറ്റു പ്രദേശങ്ങളിലും ഗ്രാമങ്ങൾ ചുറ്റിസഞ്ചരിച്ച് ദൈവരാജ്യം പ്രഘോഷിച്ചവനാണവിടുന്ന്. ഒപ്പം, രോഗികളും ബലഹീനരുമായ അനേകരെ ഈ യാത്രകളിൽ ഈശോ സുഖപ്പെടുത്തി. ഈശോ ചെയ്ത ഈ ശുശ്രൂഷകൾ തുടരേണ്ടതിന് അവിടുന്നു തന്റെ ശിഷ്യന്മാരെ പ്രത്യേകം നിയോഗിച്ചയയ്ക്കുന്നതാണ് ഇന്നത്തെ സുവിശേഷവായന (ലൂക്കാ 9:1–6). ഈ ഭൂമിയിലെ തന്റെ രക്ഷാകരദൗത്യം തുടരാൻ ഈശോ തിരഞ്ഞെടുത്ത 12 ശിഷ്യന്മാരെ ദൈവരാജ്യപ്രഘോഷണം, രോഗശാന്തി എന്നീ ദ്വിവിധദൗത്യങ്ങളുമായിട്ടാണ് അവിടുന്ന് അയയ്ക്കുന്നത്. കൂടാതെ, മിഷനറിയാത്രയിൽ ശ്രദ്ധിക്കേണ്ട ചില നിർദേശങ്ങളോടെയും (directive) ചില മുന്നറിയിപ്പുകളോടെയുമാണ് (warning) ഈശോ ശിഷ്യരെ പറഞ്ഞുവിടുന്നത്.

അവൻ പന്ത്രണ്ടുപേരെയും വിളിച്ച് സകല പിശാചുക്കളുടെയുംമേൽ അവർക്ക് അധികാരവും ശക്തിയും കൊടുത്തു; അതോടൊപ്പം രോഗങ്ങൾ സുഖപ്പെടുത്താനും (9:1). ഈശോ തന്റെ ശിഷ്യന്മാരെ വെറുതെ 'വിളി'ക്കുകയല്ല ചെയ്യുന്നത്; മറിച്ച്, അവരെ തന്നോടു ചേർന്നു നിൽക്കാനാണു ക്ഷണിക്കുന്നത്. 'അടുക്കലേക്കു വിളിക്കുക, ചേർത്തുനിർത്തുക, ഒരുമിച്ചു ചേർക്കുക' (call to one's side, call to oneself, call together) എന്നീയർത്ഥങ്ങൾ വരുന്ന ഗ്രീക്കുഭാഷയിലെ സ്യൂൻകലെയോ (synkaleo) എന്ന ക്രിയാപദമാണ് ലൂക്കാ സുവിശേഷകൻ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ശിഷ്യന്മാരുടെ വിളികളെല്ലാം ഈശോയോട് ഒന്നുചേർന്നു നിൽക്കാനുള്ളതും അവിടുത്തോട് ഒപ്പമായിരിക്കാനുമുള്ളതാണ്. 'പന്ത്രണ്ടുപേരെയും' (ദൊദേക്കാ = dodeka) എന്ന പ്രത്യേക പരാമർശം സൂചിപ്പിക്കുന്നത് തന്റെ ശിഷ്യരിൽ ആരെയും ഈ ദൗത്യത്തിൽനിന്ന് ഈശോ ഒഴിവാക്കിയിട്ടില്ല എന്നാണ്.

ഒന്നാമതായി, ഈശോ ശിഷ്യന്മാർക്കു നൽകുന്നത് പിശാചുക്കളുടെമേലുള്ള അധികാരവും ശക്തിയുമാണ്. പിശാച് (demon) എന്നർത്ഥം വരുന്ന ദെയ്മോണിയോൻ (daimonion) എന്ന ഗ്രീക്കുവാക്ക് 'മനുഷ്യവർഗത്തിനുനേരേ തിന്മ പ്രവർത്തിക്കുന്ന ദുഷ്ടാരൂപിയെയാണ്' പ്രധാനമായും സൂചിപ്പിക്കുന്നത്. ശാരീരികവും മാനസികവുമായ പല രോഗങ്ങളുടെയും കാരണം പിശാചുബാധയായിട്ടായിരുന്നു മനസ്സിലാക്കിയിരുന്നത്. മനുഷ്യപതനത്തിന്റെ കാരണവും പിശാചായിരുന്നു. പിശാചുക്കളുടെമേൽ ശിഷ്യന്മാർക്ക് അധികാരവും (authority) ശക്തിയും (power) നൽകുകവഴി ഈശോ മനുഷ്യവർഗത്തിന്റെ ഉയർച്ചയാണ് ഉദ്ദേശിക്കുന്നത്.

രണ്ടാമതായി, ഈശോ നൽകുന്നത് രോഗികൾക്കു സൗഖ്യം നൽകാനുള്ള ശക്തിയാണ്. രോഗങ്ങൾ സുഖപ്പെടുത്തുന്നതു ശിഷ്യന്മാരല്ല; അത് അവരുടെ ബലവും കഴിവുംകൊണ്ടല്ല. മറിച്ച്, ഈശോ പ്രത്യേകാധികാരവും ശക്തിയും ശിഷ്യന്മാർക്കു നൽകിയതിനാലാണ് അവരിലൂടെ ഈ സുഖപ്പെടുത്തലുകൾ നടക്കുന്നത്. 'സുഖപ്പെടുത്തുക, കരുതുക, വീണ്ടെടുക്കുക, സഹായിക്കുക' (heal, carefore, restore, help out) എന്നീയർത്ഥങ്ങൾ വരുന്ന തെറാപെയോ (therapeuo) എന്ന വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. രോഗികളായിരിക്കുന്നവരോടും ശാരീരികവ്യഥകളാൽ വേദനിക്കുന്നവരോടും കരുതൽ കാണിക്കാനും ശിഷ്യന്മാർ ഒരുക്കപ്പെട്ടിരിക്കുന്നു.

ദൈവരാജ്യം പ്രസംഗിക്കാനും രോഗികളെ സുഖപ്പെടുത്താനുമായി അവൻ അവരെ അയച്ചു (9:2). ഈശോ തന്റെ ശുശ്രൂഷയിൽ ചെയ്ത ദ്വിവിധ ദൗത്യങ്ങൾതന്നെയാണ് ശിഷ്യന്മാർ തുടരേണ്ടത്. ഈശോയുടെ പ്രബോധനങ്ങളുടെയെല്ലാം അന്തഃസത്തയാണ് ദൈവരാജ്യം. ബസിലെയാ തൂ തെയോ (basileia tou Theou) എന്ന് ഗ്രീക്കിലും മൽക്കുത്ത് യാഹ്‌വെ (malcut yahweh) എന്ന് ഹീബ്രുവിലുമുള്ള ഈ പരാമർശം സൂചിപ്പിക്കുന്നത് ദൈവഭരണത്തെയും അവിടുത്തെ കീഴിൽ ദൈവജനം ഒന്നായി, ഒരു കുടുംബമായിത്തീരുന്നതിനെയുമാണ്. ഇതര ദൈവങ്ങളിൽനിന്നും (pagan gods) ജനത്തെ സർവശക്തനും സ്രഷ്ടാവുമായ ദൈവത്തിങ്കലേക്കു കൊണ്ടുവരാൻ വേണ്ടിയുള്ള ഒരു അയയ്ക്കപ്പെടലാണിത്.

അപ്പസ്തോലന്മാർ അയയ്ക്കപ്പെട്ടവരാണ്. 'അയയ്ക്കുക, നിയോഗിക്കുക' (send with authority, commission for a purpose) എന്നർത്ഥം വരുന്ന അപ്പോസ്തെല്ലോ (apostello) എന്ന ഗ്രീക്കുക്രിയാപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഇതിൽനിന്നാണ് അയയ്ക്കപ്പെട്ടവൻ (the sent one) എന്നർത്ഥം വരുന്ന അപ്പോസ്തെലോസ് (apostelos) എന്ന നാമം ഉണ്ടായിരിക്കുന്നത്. ഒരാൾ അയയ്ക്കപ്പെടുന്നത് ഒരു പ്രത്യേക ദൗത്യത്തോടെയാണ്. അധികാരമുള്ളയാളാണ് മറ്റൊരാളെ അയയ്ക്കുന്നതും. കർത്താവിന്റെ ഭരണം സംജാതമാക്കുന്നതിനുവേണ്ടിയാണ് ഓരോ ശിഷ്യനും ഈശോയാൽ ആധികാരികമായി അയയ്ക്കപ്പെടുന്നത്.

അവൻ പറഞ്ഞു: യാത്രയ്ക്കു വടിയോ സഞ്ചിയോ അപ്പമോ പണമോ ഒന്നും എടുക്കരുത്. രണ്ടുടുപ്പും ഉണ്ടായിരിക്കരുത് (9:3). അപ്പസ്തോലന്മാർക്കുള്ള പെരുമാറ്റച്ചട്ടമാണ് ഇവിടെ വിവരിക്കുന്നത്. ഈ വാക്യമനുസരിച്ച് അഞ്ചിനങ്ങളാണ് ശ്ലീഹന്മാർക്കു നിഷിദ്ധമായിരുന്നത്. വടി, സഞ്ചി, അപ്പം, പണം, രണ്ടുടുപ്പ്. 10:4 പ്രകാരം ചെരിപ്പും അവർക്കു നിഷിദ്ധമാണ്. ശ്ലീഹന്മാർ ഭൗതികസുഖസൗകര്യങ്ങളുടെ സമ്പർക്കത്തിൽനിന്നകന്നുനിൽക്കണമെന്നും, ലാളിത്യത്തിന്റെ വഴി പിന്തുടരണമെന്നും, സാമ്പത്തികസുരക്ഷിതത്വത്തിൽ അഭയം തേടരുതെന്നുമുള്ള ഒരു ഓർമപ്പെടുത്തലാണിത്. സഞ്ചിയും തൂക്കി വടിയും കുത്തിപ്പിടിച്ചുള്ള യവനചിന്തകരുടെ സ്വതന്ത്രവിഹാരത്തിന്റെ ശൈലിയിൽനിന്നു മാറിയുള്ളതാണ് ക്രിസ്തീയമിഷൻ എന്ന ഒരു പഠിപ്പിക്കലുമാണിത്.



നിങ്ങൾ ഏതു വീട്ടിൽ പ്രവേശിക്കുന്നുവോ അവിടെ താമസിക്കുക. അവിടെനിന്നു പുറപ്പെടുകയും ചെയ്യുക (9:4). അയയ്ക്കപ്പെട്ടവരോടുള്ള ജനങ്ങളുടെ പ്രതികരണം രണ്ടു വിധത്തിലാണ്: 1. സ്വീകരിക്കുന്നവരും 2. തിരസ്കരിക്കുന്നവരും. അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളോടു ഭാവാത്മകമായി (positive) പ്രതികരിക്കുന്നവരുടെ ഭവനങ്ങളിൽ താമസിച്ചു തുടർപ്രവർത്തനങ്ങൾ നടത്തണം. അവർ കർത്താവിന്റെ വചനം ശ്രവിക്കാൻ മനസ്സു തുറന്നവരും ഈശോ അയച്ചവരെ സ്വീകരിക്കാൻ വീടിന്റെ വാതിൽ തുറന്നവരുമാണ്. കാപട്യമില്ലാതെ തുറവുള്ളവരാണ് അവർ. അപ്രകാരമുള്ളവരുടെ ആതിഥ്യമാണ് ശ്ലീഹന്മാർ സ്വീകരിക്കേണ്ടത്. ഭവനത്തിന്റെ വലിപ്പമല്ല; മറിച്ച്, ഹൃദയത്തിന്റെ വിശാലതയാണ് അവർ പരിഗണിക്കേണ്ടത്.

നിങ്ങളെ സ്വീകരിക്കാതിരിക്കുന്നവരുടെ പട്ടണത്തിൽനിന്നു പോകുമ്പോൾ അവർക്കെതിരേ സാക്ഷ്യത്തിനായി നിങ്ങളുടെ കാലിലെ പൊടി തട്ടിക്കളയുവിൻ (9:5). അയയ്ക്കപ്പെട്ടവരോടുള്ള ജനങ്ങളുടെ രണ്ടാമത്തെ പ്രതികരണം തിരസ്കരണത്തിന്റേതാണ്. ഇത് ഈശോയോടുള്ള ഒരു നിഷേധാത്മക(negative)സമീപനമാണ്. കർത്താവിന്റെ വചനം ശ്രവിക്കാൻ മനസ്സു തുറക്കാത്തവരും അപ്പസ്തോലന്മാരെ സ്വീകരിക്കാതെ വാതിൽ അടച്ചവരുമാണിവർ. ഇത്തരക്കാരോട് അപ്പസ്തോലന്മാർ സ്വീകരിക്കേണ്ട നിലപാടു വ്യത്യസ്തമാണ്. 'കാലിലെ പൊടി തട്ടിക്കളയുക' എന്നത് ഒരു പ്രതീകാത്മക ചേഷ്ടയാണ്. വിജാതീയദേശങ്ങളിലൂടെ സഞ്ചരിക്കേണ്ടിവരുന്ന യഹൂദർ അവരുടെ ദേശാതിർത്തിയിലേക്കു കയറുമ്പോൾ തങ്ങളുടെ നാട് അശുദ്ധമാകാതിരിക്കാൻ കാലിലെ പൊടി തട്ടിക്കളയുന്ന ഒരു പതിവുണ്ടായിരുന്നു. ഇതായിരുന്നു തങ്ങളെ തിരസ്കരിച്ചവരോട് അപ്പസ്തോലന്മാർ ചെയ്യേണ്ടിയിരുന്നതും.

ഒരു 'സാക്ഷ്യത്തിനായി' (testimony)ട്ടാണ് അവർ ഇപ്രകാരം പ്രവർത്തിക്കേണ്ടിയിരുന്നത്. സാക്ഷ്യം, തെളിവ് (witness, proof) എന്നീയർത്ഥങ്ങൾ വരുന്ന മർത്തീരിയോൺ (martyrion) എന്ന പദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഈ പ്രതീകാത്മകപ്രവൃത്തി സൂചിപ്പിക്കുന്നത് തിരസ്കരിച്ചവർ ഈശോ സ്ഥാപിച്ച പുതിയ ഇസ്രായേലിന്റെ ഭാഗമല്ലെന്നും, അവർക്ക് അപ്പസ്തോലന്മാർ പ്രവേശിച്ച ദൈവരാജ്യത്തിൽ പങ്കു ലഭിക്കുകയില്ലെന്നുമാണ്. തങ്ങൾക്കു ലഭിക്കാമായിരുന്ന ഒരു പങ്കാളിത്തം അവർ നഷ്ടപ്പെടുത്തി എന്നതിന്റെ ഒരു തെളിവാണ് അപ്പസ്തോലന്മാരുടെ ഈ പ്രവൃത്തി.

അവർ പുറപ്പെട്ട്, ഗ്രാമങ്ങൾതോറും ചുറ്റിസഞ്ചരിച്ച് സുവിശേഷം പ്രസംഗിക്കുകയും എല്ലായിടത്തും രോഗശാന്തി നൽകുകയും ചെയ്തു (9:6). ശ്ലീഹന്മാരുടെ പ്രധാന പ്രവർത്തനരംഗം ഗ്രാമങ്ങളായിരുന്നു. കാരണം, ഗലീലിയുടെ ഭൂരിഭാഗം പ്രദേശങ്ങളും ഗ്രാമങ്ങളാൽ നിറഞ്ഞതായിരുന്നു. 'നഗരം, പട്ടണം (city, town) എന്നർത്ഥം വരുന്ന പോളിസ് (polis) എന്ന വാക്ക് അഞ്ചാം വാക്യത്തിൽ ഏകവചനത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ചെറിയ ഗ്രാമങ്ങൾ (villages, small town) എന്നർത്ഥം വരുന്ന കോമാസ് (komas) എന്ന വാക്ക് ബഹുവചനത്തിലാണ് ആറാം വാക്യത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ചുരുക്കത്തിൽ, അയയ്ക്കപ്പെട്ടവർ എല്ലാ സ്ഥലങ്ങളിലും ദൈവരാജ്യം പ്രഘോഷിക്കുകയും രോഗികൾക്കു സൗഖ്യം നൽകുകയും ചെയ്തു. സുവിശേഷം (എവാൻഗെലിയോൻ) ലോകമെമ്പാടും പ്രഘോഷിക്കപ്പെടേണ്ടതുണ്ട്. അതാണ് ശ്ലീഹന്മാർ ചെയ്തതും നമ്മൾ ഇന്നു ചെയ്യേണ്ടതും.

■

# വിശ്വാസവളർച്ചയാണു വലുത്



ഫാ. തോമസ് പാട്ടത്തിൽചിറ CMF

**അറിവിന്റെ അധ്യായങ്ങൾ പാഠപുസ്തകങ്ങളിലുള്ളപ്പോൾ, തിരിച്ചറിവിന്റെ താളുകൾ വിശ്വാസഗ്രന്ഥങ്ങളിലാണുള്ളത്. അതുകൊണ്ടുതന്നെ, ക്രൈസ്തവകുഞ്ഞുങ്ങളുടെ മത, വേദ, വിശ്വാസപരിശീലനം മാതാപിതാക്കളുടെ ഏറ്റവും പ്രധാനപ്പെട്ട കടമയായിട്ടാണ് കത്തോലിക്കാസഭ കണക്കാക്കുന്നത്. അതേ, വിജ്ഞാനത്തിന്റെ വിശാലലോകത്തിലേക്കു വിശ്വാസത്തിന്റെ വാതിലിലൂടെ വേണം നമ്മുടെ കുട്ടികൾ കടക്കാൻ.**

**കൊ**വിഡ് പകർച്ചവ്യാധി ലോകവ്യാപകമായി പരത്തിയ ഭീതി ബാക്കിനില്ക്കുമ്പോഴും, കുട്ടികളെ കലാലയങ്ങളിലേക്കയയ്ക്കാനുള്ള തത്രപ്പാടുകൾ കൊണ്ടു കുടുംബാന്തരീക്ഷങ്ങൾ നിറയുകയാണ്. ഈ തിരക്കുകൾക്കിടയിൽ താഴെച്ചേർക്കുന്ന ചില ചിന്തകൾ ക്രൈസ്തവമാതാപിതാക്കളും മക്കളും ഒരുപോലെ തങ്ങളുടെ ഓർമത്താളുകളിൽ കുറിച്ചിട്ടാൽ കൊള്ളാം.

**വിശ്വാസമാണ് വിജ്ഞാനത്തെക്കാൾ വിലയേറിയത്**

അറിവ് അഴകാണ്, അലങ്കാരമാണ്, അമൂല്യമായ ആഭരണമാണ്. അന്തസ്സുറ്റതും അർത്ഥപൂർണവുമായ ജീവിതത്തിന് അത് അത്യന്താപേക്ഷിതം തന്നെ. അറിവില്ലാത്തവർ ചവറാണ്. അറിവുള്ളവർക്കേ ആദരവും അംഗീകാരവുമുള്ളൂ. വിദ്യാസമ്പന്നരുടെ വാക്കുകൾക്കേ ലോകം വില കല്പിക്കൂ. നാലക്ഷരം അറിയാവുന്നവർക്കേ നട്ടെല്ലുനിവർത്തി നില്ക്കാനാവൂ. അതുകൊണ്ടുതന്നെ, അറിവിനുവേണ്ടിയുള്ള മനുഷ്യന്റെ ആർത്തിയും അലച്ചിലും അവസാനിക്കുന്നില്ല. വിശുദ്ധഗ്രന്ഥത്തിൽ വിജ്ഞാനത്തെ രത്നങ്ങളെക്കാൾ ശ്രേഷ്ഠവും (സുഭാ. 8:11; 16:16), തന്നെ സ്നേഹിക്കുന്നവരെ സമ്പന്നരാക്കുന്നതുമായ ഒന്നായിട്ടാണ് (സുഭാ. 8:21) ചിത്രീകരിച്ചിരിക്കുന്നത്. എന്നാൽ, കേവലം അറിവിന്റെ അക്ഷരക്കൂട്ടുകൾക്കു മനുഷ്യന്റെ എല്ലാ പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും പരിഹാരം കാണാനോ ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കാനോ നാളിതുവരെ കഴിഞ്ഞിട്ടില്ല. വിജ്ഞാനവാരിധിക്ക് മനുഷ്യന്റെ അന്തർദാഹത്തെ അകറ്റാൻ ഇന്നും സാധിച്ചിട്ടില്ല. അവിടെയാണ് വിശ്വാസത്തിന്റെ മുൻതൂക്കം മനുഷ്യൻ മനസ്സിലാക്കേണ്ടത്.

അറിവിന്റെ ആരംഭം വിശ്വാസത്തിൽ അടിത്തറ പാകിയ ദൈവഭയമാണ് (സങ്കീ. 11:10). വിശ്വാസത്തിൽ വേരൂന്നാത്ത മനുഷ്യന്റെ വിജ്ഞാനം അവനോടൊപ്പം അവസാനിക്കും (ജോബ് 12:2). വിജ്ഞാനി മരിക്കും (സങ്കീ. 49:10). എന്നാൽ, വിശ്വാസി മരിച്ചാലും ജീവിക്കും (യോഹ. 11:25). ഓർക്കണം, വിദ്യാലയങ്ങൾ പള്ളിക്കൂടങ്ങളായിട്ടാണ് ആരംഭിച്ചത്. പള്ളി ക്രൈസ്തവസമൂഹത്തിന്റെ വിശ്വാസത്തിന്റെ കൂടാരമാണ്. അതിനോടടുത്തുള്ള വിദ്യാലയത്തിൽ തെളിച്ചുകൊടുക്കുന്ന വിജ്ഞാനത്തിന്റെ വിളക്കുതിരിക്ക് വിശ്വാസതൈലത്തിന്റെ നനവാണുള്ളത്. ഒരു ക്രിസ്ത്യാനിയുടെ ജീവിതമാകുന്ന വൃക്ഷത്തിന്റെ തായ്ത്തടി വിശ്വാസവും, ശിഖരങ്ങൾ വിവിധതരത്തിലുള്ള വിജ്ഞാനവുമാണ്. ‘വിദ്യാധനം സർവ്വധനാൽ പ്രധാനം’ എന്നത് ഭൗമോന്മുഖരായ വിശ്വവാസികളുടെ മാത്രം തത്ത്വമാണ്. എന്നാൽ ‘വിശ്വാസധനം സർവ്വധനാൽ പ്രധാനം’ എന്നതായിരിക്കണം സ്വർഗോന്മുഖരായ, വിശ്വാസികളായ നമ്മുടേത്. കർത്താവു പുകഴ്ത്തുന്നത് വിശ്വാസത്തിന്റെ നിറവിനെയും (മർക്കോ. 5:34) ഇകഴ്ത്തുന്നത് അതിന്റെ കുറവിനെയുമാണ് (മത്താ. 8:26). മനുഷ്യപുത്രൻ വരുമ്പോൾ മന്നിൽ വിശ്വാസം കണ്ടെത്തുമോ (ലൂക്കാ 18:8) എന്നതാണ് അടിസ്ഥാനപരമായ ചോദ്യവും. വിശ്വാസത്തെ വിസ്മരിച്ച് നാം വാരിക്കൂട്ടുന്ന വിജ്ഞാനമണികൾ വിരലുകളുടെ വിടവുകളിലൂടെ വെറുതെ ചോർന്നുപോവുകയേയുള്ളൂ. പുല്ക്കൂട്ടിലെ പൈതലിനു പാദപൂജ ചെയ്ത ജ്ഞാനികളെപ്പോലെ വിജ്ഞാനം വിശ്വാസത്തിനു പാദസേവ ചെയ്യുക തന്നെവേണം. കാരണം, വിശ്വാസമാണ് വിജ്ഞാനത്തിനു ശക്തിയും ശുദ്ധിയും ശോഭയുമേകുന്നത്.

**വിജ്ഞാനം ദൈവികദാനമാണ്**

(സുഭാ. 8) വിദ്യയെ വിഗ്രഹത്തെപ്പോലെ പൂവിട്ടു പൂജിക്കുന്ന



മനുഷ്യൻ മറന്നുപോകരുതാത്ത ഒരു പരമാർത്ഥമാണ് അറിവിന്റെ ഉറവിടം ദൈവമാണെന്നത്. പരിജ്ഞാനത്തിൽ പേരുകേട്ട സോളമൻരാജാവിനു ദൈവമാണ് വിജ്ഞാനവരമേകുന്നത് (1 രാജാ 4:29; 2 ദിന 1:12). കൈക്കുള്ളിലൊതുക്കുന്ന ഒരു സമ്പാദ്യമെന്നതിലുപരിയായി സർവജ്ഞാനിയായ തമ്പുരാൻ നല്കുന്ന ഒരു സമ്മാനമാണ് ജ്ഞാനം (1 കോറി. 12:8). കഠിനാദ്ധ്വാനവും കഷ്ടപ്പാടുമൊക്കെ അതിന് അർഹരാകുവാൻ ആവശ്യവുമാണ്. ദൈവം ലോകത്തിനു നല്കിയ ഏറ്റവും മഹത്തായ ദാനം തന്റെ ഏകജാതനാണ്. ആ ക്രിസ്തുതന്നെയാണ് നമ്മുടെ യഥാർത്ഥ ജ്ഞാനവും (1 കോറി. 1:30). അവനിൽ ശരണപ്പെടുന്നവർക്ക് തന്റെ ജ്ഞാനത്തിന്റെ ഓഹരി അവൻ നല്കും (ലൂക്കാ. 21:15). ആകയാൽ, അറിവിനെ അന്വേഷിക്കുന്നവർ അവിടുത്തെ ആത്മാവിന്റെ അനുഗ്രഹത്തിനായി അനുദിനം പ്രാർത്ഥിക്കണം (യാക്കോ. 1:15), കാരണം, ആത്മാവാണ് ആധികാരികതയുള്ള അധ്യാപകൻ (ലൂക്കാ. 12:12). അവൻ പകർന്നുതരുന്ന വിജ്ഞാനത്തിന്റെയും വിവേകത്തിന്റെയും വെട്ടത്തിൽ മാത്രമേ തട്ടിവീഴാതെ ദൂരങ്ങൾ താണ്ടാൻ നമുക്കു കഴിയൂ.

**വിശ്വാസശിക്ഷണവും വിജ്ഞാനശിക്ഷണവും**

വിജ്ഞാനശിക്ഷണം തീർച്ചയായും വിലപ്പെട്ടതുതന്നെ. ബാലനായ ഈശോയും അറിവിന്റെ ആദ്യാക്ഷരങ്ങൾ വരച്ചാണ് വളർന്നുവന്നത് (ലൂക്കാ 2:52). വേണ്ടത്ര വിദ്യാഭ്യാസവും പൊതുപരിജ്ഞാനവും അവനു നല്കാൻ നസറത്തിലെ അവന്റെ അപ്പനമ്മമാർ അതീവശ്രദ്ധാലുക്കളായിരുന്നു. അക്കാരണത്താൽത്തന്നെ, ദൈവാലയത്തിൽ ഉപാധ്യായന്മാരുടെ ഒപ്പമിരുന്ന് അവരോടു മറുചോദ്യങ്ങൾ ഉന്നയിക്കാനും അതുവഴി അവരുടെയൊക്കെ ആശ്ചര്യത്തിനും പ്രശംസയ്ക്കും പാത്രമാകാനും അവനു സാധിച്ചു. അപ്പോഴും, ദൈവികവും മതപരവുമായ കാര്യങ്ങൾക്കാണ് അവൻ മുൻഗണന കൊടുത്തിരുന്നത് (ലൂക്കാ 2:49). മക്കൾ മാതാപിതാക്കളുടെ മനക്കോട്ടകളാണ്. കുഞ്ഞുങ്ങളുടെ ഭാവി ഉത്തരവാദിത്വമുള്ള രക്ഷകർത്താക്കളുടെ ആകുലതകളിൽ ഒന്നാണ്. അവരുടെ വാർദ്ധക്യത്തിലും വല്ലായ്മകളിലും അവർക്കു താങ്ങും തണലുമാകേണ്ടവരാണ് മക്കൾ. ആകയാൽ, അവർക്ക് ആവുന്നത്ര വിദ്യാഭ്യാസം കൊടുക്കണമെന്നത് മാതാപിതാക്കളുടെ ഒരു വാശിയാണ്. കുട്ടികളുടെ വിദ്യാഭ്യാസകാര്യങ്ങളോടു പ്രതിബദ്ധതയില്ലാത്ത അപ്പനും അമ്മയും തങ്ങളെത്തന്നെ കബളിപ്പിക്കുകയാണ് ചെയ്യുന്നത്. ഓർക്കാം, പരിജ്ഞാനത്തിലുള്ള പരിശീലനമാണ് കുഞ്ഞുങ്ങളെ രക്ഷിതാക്കളോടും രാഷ്ട്രത്തോടുമൊക്കെ കടപ്പാടുള്ള പൗരരാക്കി മാറ്റുന്നത്.

വിദ്യാഭ്യാസശിക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് മേലുദ്ധരിച്ചവയെല്ലാം സത്യമാണെന്നിരിക്കെ, മികച്ച വിജ്ഞാനം കുഞ്ഞുങ്ങൾക്കു കൊടുക്കാൻ മുന്തിയ വിദ്യാലയങ്ങൾക്കായി മത്സരിക്കുന്ന മാതാപിതാക്കൾ ദൈവികദാനങ്ങളായ തങ്ങളുടെ കുട്ടികളുടെ വിശ്വാസവളർച്ചയാണ് വിജ്ഞാനവളർച്ചയെക്കാൾ വലുത് എന്ന പരമാർത്ഥം മനഃപൂർവം മറന്നുപോകരുത്. വിജ്ഞാനശിക്ഷണത്തിലൂടെ സ്വായത്തമാക്കുന്ന അറിവ് വിശ്വാസശിക്ഷണത്തിലൂടെ ആർജിച്ചെടുക്കുന്ന തിരിച്ചറിവിലേക്ക് കുഞ്ഞുങ്ങളെ നയിക്കണം. അറിവിനെ തിരിച്ചറിവാക്കുന്നത് വിശ്വാസമാണ്. വിശ്വാസത്തിന്റെ തായ്‌വേരില്ലാത്ത വിജ്ഞാനം തലച്ചോറിൽ പറ്റിപ്പിടിച്ചിരിക്കുന്ന ഇത്തിൾക്കണ്ണി മാത്രമാണ്. കാലവ്യതിയാനത്തിൽ അതു കരിഞ്ഞുപോകും. അറിവ് മനുഷ്യരെ മൃഗങ്ങളല്ലാതാക്കുന്നേയുള്ളൂ. തിരിച്ചറിവാണ് മനുഷ്യരെ മനുഷ്യരാക്കുന്നത്. അറിവിന്റെ അധ്യായങ്ങൾ പാഠപുസ്തകങ്ങളിലുള്ളപ്പോൾ, തിരിച്ചറിവിന്റെ താളുകൾ വിശ്വാസഗ്രന്ഥങ്ങളിലാണുള്ളത്. അതുകൊണ്ടുതന്നെ, ക്രൈസ്തവകുഞ്ഞുങ്ങളുടെ മത, വേദ, വിശ്വാസപരിശീലനം മാതാപിതാക്കളുടെ ഏറ്റവും പ്രധാനപ്പെട്ട കടമയായിട്ടാണ് കത്തോലിക്കാസഭ കണക്കാക്കുന്നത്. അതേ, വിജ്ഞാനത്തിന്റെ വിശാലലോകത്തിലേക്കു വിശ്വാസത്തിന്റെ വാതിലിലൂടെ വേണം നമ്മുടെ കുട്ടികൾ കടക്കാൻ.

**വേദപാഠക്ലാസുകൾ വിശ്വാസസിരകളാണ്**

സിനഗോഗുകളിൽ പഠിപ്പിച്ചും (ലൂക്കാ 4:15), പ്രസംഗിച്ചും ചുറ്റിസഞ്ചരിച്ച കർത്താവ് തന്റെ ശ്രോതാക്കളെയും ശിഷ്യരെയുമൊക്കെ വിശ്വാസശിക്ഷണത്തിൽ രൂപീകരിക്കുകയായിരുന്നു. ശിശുക്കളെ അരികിലേക്കു വിളിച്ച് അനുഗ്രഹിച്ചപ്പോഴും ആലിംഗനം ചെയ്തപ്പോഴും അവൻ അവർക്ക് വിശ്വാസത്തിന്റെ വിശുദ്ധസ്പർശമാണ് സമ്മാനിച്ചത് (മർക്കോ. 10:14). ഗുരുവധരങ്ങളിൽനിന്നു വിശ്വാസത്തിന്റെ മധുമൊഴികൾ കേട്ടുപഠിച്ച അപ്പസ്തോലഗണം പിന്നീട് വിവിധ സഭാസമൂഹങ്ങളെ മതബോധനത്തിലൂടെ പ്രബുദ്ധരാക്കി. അതുകൊണ്ടുതന്നെ, കത്തോലിക്കാസഭ ഇന്നും മതബോധനക്ലാസുകൾക്ക് അഗ്രസ്ഥാനം കൊടുക്കുന്നു. ക്രിസ്ത്യാനിയായ ഓരോ വ്യക്തിയുടെയും ഹൃദയത്തിലേക്കു ദൈവവിശ്വാസമാകുന്ന ആത്മീയരക്തം സംവഹിക്കുന്ന ധമനികളാണ് വേദപാഠക്ലാസുകൾ.

വിശുദ്ധരെല്ലാംതന്നെ തങ്ങളുടെ ജീവിതത്തിൽ മതബോധനത്തെ പ്രധാന പീഠത്തിൽ പ്രതിഷ്ഠിച്ചവരാണ്. വി. ആഗസ്തീനോസ്, നിസായിലെ വി. ഗ്രിഗറി, വി. ജോൺ ക്രിസോസ്റ്റോം, അലക്സാണ്ട്രിയായിലെ വി. ക്ലെമെന്റ്, വി. ഡെന്നീസ് തുടങ്ങിയവരെല്ലാം തന്നെ വേദോപദേശകരായിരുന്നു. വി. ജെറോം അദ്ദേഹത്തിന്റെ ജീവിതസായാഹ്നം കുട്ടികൾക്കു മതബോധനം നൽകുന്നതിനാണു നീക്കിവച്ചത്. പാരീസിലെ പ്രസിദ്ധനായ ചാൻസലറായിരുന്ന ജീൻ ഗേർസൺ, താൻ കുഞ്ഞുങ്ങളെ വേദോപദേശം പഠിപ്പിക്കുന്നതിന്റെ പേരിൽ വിമർശിക്കപ്പെട്ടപ്പോൾ, ‘കുഞ്ഞുങ്ങളെ നരകസർപ്പത്തിൽനിന്നു രക്ഷിക്കുകയും, സഭയുടെ പൂന്തോട്ടത്തിലെ ഈ ഇളംചെടികൾക്കു വെള്ളമൊഴിച്ചുകൊടുക്കുകയും ചെയ്യുന്നതിനെക്കാൾ മഹത്തായ ഒരു സേവനം എനിക്കു കണ്ടെത്താൻ കഴിഞ്ഞില്ല’ എന്നാണു മറുപടി നല്കിയത്.

ഇടവകയിലെ മതപഠനസംബന്ധമായ എല്ലാ സംരംഭങ്ങളോടും സഹകരിക്കാം. മതാധ്യാപകരെ മാനിക്കാം. കുടുംബത്തിൽ കുട്ടികളുടെ സാന്നിധ്യത്തിൽ അവരെ അധിക്ഷേപിച്ചു സംസാരിക്കരുത്. അവരോടുള്ള അപമാനം അവർ പകർന്നുകൊടുക്കുന്ന ദൈവികമായ അറിവിനോടുള്ള അനാദരവുതന്നെ. ഇവരെയൊക്കെ അപമാനിക്കുമ്പോൾ ഓർക്കുക, നമ്മുടെ കുഞ്ഞുങ്ങൾ മറ്റാരുടെയെങ്കിലുമൊക്കെ മുമ്പിൽവച്ച് നമ്മെയും പുച്ഛിച്ചു പറയുന്നുണ്ട്. വീടുകളിൽ കുട്ടികൾ വിശ്വാസത്തിലധിഷ്ഠിതമായ വിജ്ഞാനത്തിൽ വളർന്നുവരട്ടെ. ■

നോവൽ 17




# ദേവാങ്കണം

ഗിരീഷ് കെ. ശാന്തിപുരം

**മാ**ളികയുടെ മട്ടുപ്പാവിൽ മാർഗരറ്റും ജോഹന്നാസും ക്യാപ്റ്റൻ ഡിലനായിയെയും നീലകണ്ഠനെയും പ്രതീക്ഷിച്ചിട്ടെന്നവണ്ണം നില്പുണ്ടായിരുന്നു. മട്ടുപ്പാവിലുറപ്പിച്ച ഇരുമ്പുതൂണുകളിൽ സ്ഫടികവിളക്കുനാളങ്ങൾ ചെറുകാറ്റിലുലയുന്നുണ്ട്.

നിലാവ് പെയ്തുകൊണ്ടിരുന്നു. ശാന്തിമന്ത്രംപോലെ രാക്കാറ്റ് മർമരം പൊഴിക്കുന്നുണ്ട്.

കുതിരക്കുളമ്പടികൾ കേട്ടിട്ടാകാം ജോഹന്നാസും മാർഗരറ്റും മട്ടുപ്പാവിൽനിന്നു താഴേക്കു വന്നു.

"അനുഗൃഹീതനായ മിത്രമേ സ്വാഗതം." മാർഗരറ്റ് പറഞ്ഞു.

ജോഹന്നാസാകട്ടെ ദേവസഹായത്തിനെ നമസ്കരിച്ചുകൊണ്ടു പറഞ്ഞു:

''ഈ ഭവനത്തിനുവേണ്ടി അങ്ങയുടെ അനുഗ്രഹവും പ്രാർത്ഥനയുമുണ്ടാകണം. എന്നും...''

ദേവസഹായം സ്നേഹപൂർവം ജോഹന്നാസിനെ ആശ്ലേഷിച്ചു. ഒരു ഗദ്ഗദം ദേവസഹായത്തിൽ നിറഞ്ഞു. അദ്ദേഹത്തിന് ഒന്നും സംസാരിക്കാൻ കഴിഞ്ഞില്ല. ഒരർത്ഥത്തിൽ ദേവസഹായത്തിന്റെ ശരീരംമാത്രമാണപ്പോൾ ഭൂമിയിലുണ്ടായിരുന്നത്. മനസ്സ് ദൈവത്തിന്റെ ചിറകുകൾ കടംവാങ്ങി അനന്തവിഹായസ്സിലൂടെ പറക്കുകയായിരുന്നു, പ്രത്യാശയുടെ വെണ്മേഘങ്ങൾ ചിന്നിയ അനന്തവിഹായസിലൂടെ.

ക്യാപ്റ്റൻ ഡിലനായിയും കുടുംബവും ദേവസഹായത്തിനെ മാളികയിലെ പ്രാർത്ഥനാമുറിയിലേക്കാണു കൂട്ടിയത്. യേശുദേവന്റെയും കന്യാമറിയത്തിന്റെയും ചിത്രങ്ങൾക്കൊപ്പം മിഖായേൽ മാലാഖയുമുണ്ടായിരുന്നു പ്രാർത്ഥനാമുറിയിൽ. മിഖായേൽ മാലാഖ എന്നും ഡിലനായിയുടെ കാവലാളായിരുന്നു. എല്ലാ അപകടങ്ങളിൽനിന്നും മിഖായേൽ മാലാഖ തന്നെ കാത്തുരക്ഷിക്കുമെന്ന് ഡിലനായി അടിയുറച്ചു വിശ്വസിച്ചിരുന്നു.

ജോഹന്നാസ് പ്രാർത്ഥനാമുറിയിലെ മെഴുകുവിളക്കുകൾ തെളിച്ചു. എല്ലാവരും തിരുരൂപങ്ങൾക്കു മുമ്പിൽ മുട്ടുകുത്തി. ദേവസഹായം ഇമകൾ ചാരി. മനസ്സിനെ ഏകാഗ്രമാക്കി. പ്രാർത്ഥനയുടെ സാന്ദ്രനിമിഷങ്ങളായിരുന്നത്.

ബത്‌ലഹേംകുന്നുകൾ മഞ്ഞു പുതയ്ക്കുന്നതും തലയോട്ടിമല നിണമണിയുന്നതും ദേവസഹായം കണ്ടു. ദേവസഹായത്തിനു വിയർത്തു. തന്റെ വിയർപ്പുകണങ്ങൾക്കു രക്തത്തിന്റെ രൂക്ഷഗന്ധമുണ്ടെന്നു ദേവസഹായത്തിനു തോന്നി. അജ്ഞേയമായൊരു വ്യാകുലം ദേവസഹായം അനുഭവിച്ചു.

വേപ്പുമരങ്ങളെ ചുംബിച്ചെത്തിയ രാത്രിവാതം ജാലകവിരികളിളക്കി പ്രാർത്ഥനമുറിയിലേക്കു വന്ന് ദേവസഹായത്തിനെ തൊട്ടു. മാലേയം കലർന്ന കാറ്റ്. കാറ്റ് ദേവസഹായത്തിനെ തണുപ്പിച്ചു. എങ്കിലും തന്റെ ഹൃദയത്തിന്റെ ആഴങ്ങളിൽനിന്നു ചില മുഴക്കങ്ങൾ ദേവസഹായം കേൾക്കുന്നുണ്ട്.

അപ്പോൾ ഗലീലിയക്കടൽക്കരയിലെ മണൽപ്പരപ്പിലൂടെ ഒരാൾ അനന്തമായ കാലത്തിനു നേരേ നടന്നുപോകുന്നത് ദേവസഹായത്തിനു കാണാവുന്നു. അയാൾ വെളുത്ത കുപ്പായവും ചുവന്ന ഉത്തരീയവും ധരിച്ചിരുന്നു.


ഒരു വേലിയേറ്റം കഴിഞ്ഞ നേരമായിരുന്നത്. മറ്റൊരു വേലിയേറ്റം വരെ അയാളുടെ പാദചിത്രങ്ങൾ കാലത്തിനോട് ഒരു മഹായാനത്തിന്റെ കഥകൾ പറയാനായി കാത്തുകിടന്നു...

മാർഗരറ്റിന്റെ ചൈനപ്പട്ടു വിതാനിച്ച തീൻമേശ സമൃദ്ധമായിരുന്നു. എല്ലാം കർത്താവിനാൽ തിരഞ്ഞെടുക്കപ്പെട്ട ദേവസഹായത്തിനുവേണ്ടിയുള്ള തയ്യാറിപ്പ്.

പക്ഷേ, ദേവസഹായം അല്പം മാത്രം കഴിച്ചു. അദ്ദേഹത്തിനുവേണ്ടി ഡിലനായി പ്രത്യേകം കരുതിയിരുന്ന മുന്തിയ തരം വീഞ്ഞിൽനിന്ന് അല്പം മാത്രം രുചിച്ചു.

ദേവസഹായത്തിന് ആഹാരത്തിനോടു പ്രതിപത്തിതോന്നിയില്ല. മദ്യം ശീലവുമായിരുന്നില്ല.

രാത്രി തെളിഞ്ഞതായിരുന്നു. ഉദയഗിരിക്കു മുകളിൽ നിലാമഴ പൊഴിഞ്ഞുകൊണ്ടിരുന്നു. ദേവസഹായം സമൃദ്ധമായ അത്താഴവിരുന്നിനും സ്നേഹോഷ്മളമായ ആതിഥ്യത്തിനും നന്ദിപറഞ്ഞ് തനിക്കായി ഒരുക്കിയിരുന്ന കിടപ്പുമുറിയിലേക്കു പോയി.



ഏകാന്തത ഒരു നിശാവസ്ത്രംപോലെ ദേവസഹായത്തിനെ വന്നു മൂടി. എവിടെയോനിന്ന് ഒരു വിശുദ്ധസംഗീതം കേൾക്കുന്നതുപോലെ ദേവസഹായത്തിനു തോന്നി.

ദേവസഹായം ജാലകച്ചാരത്തുവന്നുനിന്നു. ആകാശത്തു മുഴുത്തിങ്കൾ. ഉദയഗിരിക്കുമുകളിൽ നിശ്ശബ്ദതയുടെ കടലാഴങ്ങൾ...

ദേവസഹായം അപ്പോൾ ഭാർഗവിയെ ഓർമിച്ചു. ഭാർഗവി തന്റെ ജ്ഞാനസ്നാനവൃത്താന്തം അറിഞ്ഞിട്ടില്ല. തത്കാലം ഈ വിവരം എല്ലാവരിൽനിന്നും ഗോപ്യമായിരിക്കട്ടെ എന്നാണ് ഡിലനായി പറഞ്ഞിട്ടുള്ളത്. ഒരു വിധത്തിൽ അതു നല്ലതുതന്നെ.

പക്ഷേ, ഭാർഗവി. അവളിൽനിന്നു താൻ നാളിതുവരെ ഒന്നും മറച്ചുവച്ചിട്ടില്ല. തന്റെ അസ്ഥിയുടെ അസ്ഥിയിൽനിന്നുരുവാക്കപ്പെട്ടവളാണ് ഭാർഗവി. അവളിൽനിന്നു മറച്ചുവയ്ക്കപ്പെടേണ്ടതായി തന്നിൽ ഒന്നും ഉണ്ടാവാൻ പാടില്ല.

പിറ്റേന്നുതന്നെ കൊട്ടാരത്തിന്റെ അനുമതിയോടെ ദേവസഹായം മരുതുകുളങ്ങരയിലേക്കു തിരിച്ചു. പതിവിനു വിപരീതമായി പടിപ്പുരയിലോ ഉമ്മറക്കോലായിലോ ഭാർഗവിയെ കണ്ടില്ല. നാലിറയത്ത് ഒറ്റത്തിരി നിലവിളക്ക് മുനിഞ്ഞു കത്തുന്നുണ്ട്.

കുതിരയെ തളച്ച് പടിപ്പുരകടന്ന് നാലിറയത്തേക്കു കാലുവയ്ക്കുമ്പോഴേക്കും ഭാർഗവിയെത്തി. അപ്രതീക്ഷിതമായിട്ടാണെങ്കിലും ഭർത്താവിന്റെ ആഗമനത്തിൽ ഭാർഗവി ആഹ്ലാദംകൊണ്ടു.

എല്ലാ രാത്തുടക്കങ്ങളിലും ഭാർഗവി ഭർത്താവിനെ പ്രതീക്ഷിക്കും. വരില്ല എന്നുറപ്പുണ്ടെങ്കിലും അവളുടെ മനസ്സ് അങ്ങനെ ആഗ്രഹിക്കും. അത്രമേൽ നീലകണ്ഠന്റെ സാമീപ്യം അവൾ ആഗ്രഹിച്ചിരുന്നു.

സദാനേരവും അവൾ മഹാകാളിയോടു പ്രാർത്ഥിച്ചുകൊണ്ടിരിക്കും. ആയുരാരോഗ്യസൗഖ്യം നല്കി തന്റെ ഭർത്താവിനെ കാത്തുസംരക്ഷിക്കണേയെന്ന്. മരുതുകുളങ്ങരത്തറവാടും ഭർത്താവ് നീലകണ്ഠനും മാത്രമാണവളുടെ ലോകം. അതിനപ്പുറത്തേക്കു ഭാർഗവിയുടെ മനസ്സോ ശരീരമോ കടന്നിട്ടില്ല.

പക്ഷേ, എന്തുകൊണ്ടോ ഇന്ന് ഭാർഗവി ഭർത്താവിനെ പ്രതീക്ഷിച്ചിരുന്നില്ല. അപ്രതീക്ഷിതമായിരുന്നു അദ്ദേഹത്തിന്റെ വരവ്. അതാകട്ടെ, അവളിൽ ആഹ്ലാദവും അതിശയവും ഇരട്ടിപ്പിച്ചു.

ദേഹശുദ്ധി വരുത്തിയെത്തിയ ഭർത്താവിനുവേണ്ടി അത്താഴമൊരുക്കുകയായിരുന്നു ഭാർഗവി. ദേവസഹായം പറഞ്ഞു:

"ഒന്നും വേണ്ട. എന്തെങ്കിലും കുടിക്കാനുള്ളതു മതി."

അവൾ അദ്ദേഹത്തിന് ഇഞ്ചിയും വേപ്പിലയും എരിവും ചേർത്ത് സ്വാദിഷ്ഠമാക്കിയ സംഭാരം നല്കി.

തറവാട്ടിലെല്ലാവരും രാത്രിഭക്ഷണം കഴിഞ്ഞ് ഉറങ്ങാൻ കിടന്നിരുന്നു. ഭാർഗവിമാത്രം ഒന്നും കഴിച്ചിരുന്നില്ല. അടുക്കള ജോലികൾ തീർത്ത് എന്തെങ്കിലും കഴിക്കാനുള്ള പുറപ്പാടിലായിരുന്നു ഭാർഗവി. അപ്പോഴാണ് ഭർത്താവിന്റെ വരവ്. അതാകട്ടെ, അവളുടെ മനസ്സും ഉദരവും നിറച്ചുകളഞ്ഞു. അവളും ഭർത്താവിനൊപ്പം അല്പം സംഭാരത്തിലൊതുക്കി അത്താഴം.

ഉറക്കറയിലെത്തിയ ഭാർഗവി എണ്ണവിളക്കിലെ തിരിനീട്ടിയിട്ടു. ഉറക്കറ കൂടുതൽ പ്രകാശമാനമായി.

ഏതോ ഗാഢമായ ചിന്തയിലായിരുന്ന ദേവസഹായത്തിന്റെ അടുത്തുചെന്ന് ഭാർഗവി ചോദിച്ചു:

''അങ്ങേക്ക് എന്തു സംഭവിച്ചു. ഇത്രമേൽ ചിന്താഭാരം...?"

ദേവസഹായം ഭർഗവിയോടു മന്ദഹസിച്ചു. ഇത്ര ഭംഗിയായി തന്റെ ഭർത്താവ് മന്ദഹസിക്കുന്നത് ഭാർഗവി മുൻപെങ്ങും കണ്ടിട്ടില്ല. ഒരു ഗന്ധരാജമലർ മലരുന്നതുപോലെ തോന്നിപ്പോയി ഭാർഗവിക്ക്.

തറവാടിനു സംഭവിക്കുന്ന അരിഷ്ടതകളൊന്നും ഇപ്പോൾ തന്റെ ഭർത്താവിനെ മഥിക്കുന്നില്ലെന്നു ഭാർഗവിക്കു തോന്നി. തന്റെ ഭർത്താവിന്റെ ഒരു നിമിഷത്തെ മ്ളാനതപോലും ഭാർഗവിയെ വിഷമിപ്പിക്കും.

"അങ്ങ് ഇപ്പോൾ സ്വസ്ഥനും സമാധാനചിത്തനുമാണെന്നു ഞാൻ കരുതട്ടെ..."

"തീർച്ചയായും. എന്നിൽനിന്ന് ഖിന്നതകളെല്ലാം ഒഴിഞ്ഞുപോയിരിക്കുന്നു." ദേവസഹായം പറഞ്ഞു. "എന്തെന്നാൽ, ഈ ഭൂമിയിലെ സുഖവും ദുഃഖവുമെല്ലാം എത്രയോ ക്ഷണികമാണെന്ന് ഞാൻ അറിയുന്നു."

ഭാർഗവി കൗതുകത്തോടെയും അതിലുപരി ജിജ്ഞാസയോടെയും ഭർത്താവിനെ നോക്കി. ആ നോട്ടത്തിന്റെ പൊരുളറിഞ്ഞിട്ടെന്നപോലെ ദേവസഹായം തുടർന്നു:

"മനുഷ്യൻ ഉദരപൂരണത്തിനുവേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ടവനല്ല. അതിനു പരിയായി ഒരു കർത്തവ്യം മനുഷ്യന് ഈ ലോകത്തിൽ നിവർത്തിക്കാനുണ്ട്. ഈ പ്രപഞ്ചം മുഴുവനും ദൈവശക്തിയുടെ പ്രതിരൂപം മാത്രമാണ്. അതിനെ ലൗകികസുഖഭോഗങ്ങൾക്കു മാത്രമായി ഉപയോഗിക്കുന്നതിലുപരി ദൈവസൃഷ്ടിയുടെ മഹത്ത്വം തിരിച്ചറിഞ്ഞ് സൃഷ്ടികർത്താവിനെ ആരാധിക്കുന്നതിനും ഒടുവിൽ സ്വർഗത്തിൽ അവിടുത്തെ മുഖാമുഖം കണ്ട് നിത്യമായ ആനന്ദം അനുഭവിക്കുന്നതിനും വേണ്ടിക്കൂടിയാണ്."

തന്റെ ഭർത്താവിന് ആന്തരികമായി എന്തോ വ്യതിയാനം സംഭവിച്ചിരിക്കുന്നുവെന്ന് ഭാർഗവിക്കു ബോധ്യപ്പെടാൻ തുടങ്ങി. പക്ഷേ, അതെന്താണെന്നു വ്യക്തമായി മനസ്സിലാക്കാനും ഭാർഗവിക്കായില്ല. ഏതോ അപരിചിതങ്ങളായ വഴിയിടങ്ങളിലൂടെയാണ് അദ്ദേഹത്തിന്റെ ചിന്തകളും വാക്കുകളും വ്യാപരിക്കുന്നത്. അവൾ സന്ദേഹത്തോടെ ഭർത്താവിനെ നോക്കി.

"അങ്ങ് എന്താണു പറഞ്ഞുവരുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല."

"മറ്റൊന്നുമല്ല പ്രിയപ്പെട്ടവളേ. ദൈവം മനുഷ്യനു നല്കിയിട്ടുള്ള ബുദ്ധിശക്തിയെ ശരിയായ രീതിയിലുപയോഗിച്ച്. ദൈവികതത്ത്വങ്ങളെ അറിഞ്ഞ് ജീവിക്കേണ്ടത് മനുഷ്യരായ നമ്മുടെ ഓരോരുത്തരുടെയും കടമയാണ്."

"ലൗകികസുഖാനുസാരിയായി, നമ്മുടെ ബുദ്ധിയെ ദുരുപയോഗപ്പെടുത്തി നാം എത്രകാലം ജീവിക്കുന്നുവോ അത്രയും കാലം നാം ദൈവസന്നിധിയിൽ മഹാ അപരാധിയായിത്തീരുകയാണ്. ദേവപ്രമാണങ്ങളാൽ നിയന്ത്രിക്കപ്പെടാത്ത നമ്മുടെ ബുദ്ധിക്ക് ഇന്നതേ ആലോചിക്കാവൂ ഇന്നതേ വിശ്വസിക്കാവൂ എന്നില്ല."

ശേഷം 13-ാം പേജിൽ

# അദ്ഭുതപ്രവർത്തകനായ മഹാവിശുദ്ധൻ



മേരി സെബാസ്റ്റ്യൻ

1231 ജൂൺ 13. പാദുവായിൽ മാത്രമല്ല, പരിസരദേശങ്ങളിലെല്ലാം ദുഃഖത്തിന്റെ കരിനിഴൽ പരന്ന ഒരു മൂകദിനമായിരുന്നു. എങ്ങും നെടുവീർപ്പിന്റെയും തേങ്ങലിന്റെയും ദീനസ്വരം മാത്രം. കുട്ടികളും മുതിർന്നവരുമെല്ലാം നഗരവീഥികൾതോറും വിളിച്ചറിയിച്ചു: "നമ്മുടെ പുണ്യപിതാവും അദ്ഭുതപ്രവർത്തകനുമായ ആന്റണിയച്ചൻ മരിച്ചു." ഹൃദയവേദനയോടെയാണ് ആ വാർത്ത ഏവരും നെഞ്ചിലേറ്റിയത്. ആ പുണ്യാത്മാവിന്റെ ഭൗതികശരീരം ഒരു നോക്കു കാണാൻ നാനാതുറകളിൽപ്പെട്ടയാളുകൾ ഓടിക്കൂടി ആ പാദങ്ങളിൽ താണുവണങ്ങി. കർദിനാൾമാരുടെയും മെത്രാന്മാരുടെയും അസംഖ്യം വൈദികരുടെയും സാന്നിധ്യത്തിൽ സെന്റ് മേരീസ് ദൈവാലയത്തിൽ ആ പുണ്യാത്മാവിനെ സംസ്കരിച്ചു. അന്നേദിവസംതന്നെ നിരവധി അദ്ഭുതങ്ങൾ നടന്നതായി സാക്ഷ്യങ്ങൾ ലഭിക്കുകയുണ്ടായി. പാദുവാ നഗരം കണ്ടിട്ടുള്ളതിലേക്കുംവച്ച് ഏറ്റവും വലിയ മൃതസംസ്കാരശുശ്രൂഷയായിരുന്നു അത്.

പോർച്ചുഗലിന്റെ തലസ്ഥാനമായ ലിസ്ബണിൽ 1195 ഓഗസ്റ്റ് 15 – ന് മാടമ്പിയും കൊട്ടാരജോലിക്കാരനുമായിരുന്ന മാർട്ടിൻ ബുഗ്ലിയോണിനും ദൈവഭക്തയും വിനയാന്വിതയുമായ തെരേസ സടവേരയ്ക്കും ദൈവം ഒരാൺകുഞ്ഞിനെ നൽകിയനുഗ്രഹിച്ചു. കുഞ്ഞിന് ഫെർണാണ്ടോ എന്നു പേരിട്ടു. തെരേസ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും കുഞ്ഞിനെ വളർത്തി. അവന്റെ വിശുദ്ധിയും വിവേകവും വിജ്ഞാനവും മറ്റുള്ളവരിൽ വിസ്മയം വിരിയിക്കാൻ പര്യാപ്തമായിരുന്നു. കൗമാരത്തിൽത്തന്നെ കുതിരസവാരിയും വാൾപ്പയറ്റും അഭ്യസിച്ചു. ആയോധനകലകളിലും നൈപുണ്യം നേടി. മകന്റെ ഔന്നത്യത്തിൽ മാതാപിതാക്കൾ അഭിമാനപുളകിതരായി. പതിനഞ്ചാംവയസ്സിൽത്തന്നെ ഫെർണാണ്ടോ ലിസ്ബൺനഗരത്തിലെ അഗസ്തീനിയൻ ആശ്രമത്തിൽ ചേരുകയും രണ്ടുവർഷക്കാലത്തെ പരിശീലനം നേടുകയും അതിനുശേഷം കോയിംബ്രയിലുള്ള ആശ്രമത്തിൽ പഠനം തുടരുകയും ചെയ്തു. ഇതിനോടകം ലത്തീൻ, ഫ്രഞ്ച്, ഇറ്റാലിയൻ തുടങ്ങിയ ഭാഷകളും പഠിച്ചു. മാത്രമല്ല, ഒരു വൈദികനാകണമെന്നുള്ള തീവ്രമായ ആഗ്രഹവും ആ യുവമനസ്സിൽ മുളപൊട്ടിയിരുന്നു.

പുത്രന്റെ ഉറച്ച തീരുമാനമറിഞ്ഞ മാതാപിതാക്കൾ നിസഹായരായി നിന്നു. അതവർക്കു താങ്ങാവുന്നതിലധികമായിരുന്നു. മാതാപിതാക്കളുടെ എല്ലാ എതിർപ്പുകളെയും അനിഷ്ടങ്ങളെയും മറികടക്കാൻ സൗമ്യനും ശാന്തനുമായ ഫെർണാണ്ടോയുടെ ശക്തമായ പ്രാർത്ഥനകളും നിഷ്കളങ്കമായ ഇടപെടലും സഹായകമായി. അങ്ങനെ കോയിംബ്രയിലെ ഹോളിക്രോസ് ആശ്രമത്തിൽ ഫെർണാണ്ടോ ഒരു വൈദികവിദ്യാർത്ഥിയായി പഠനം തുടങ്ങി. 1219 ൽ ഒരു അഗസ്റ്റീനിയൻ സന്ന്യാസവൈദികനായി അദ്ദേഹം ജീവിതത്തിന്റെ പുതിയൊരു വഴിത്തിരിവിലേക്കു പ്രവേശിച്ചു! തത്ത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും വിശുദ്ധഗ്രന്ഥവ്യാഖ്യാനത്തിലുമെല്ലാം പ്രാവീണ്യം നേടിയിട്ടും അധികാരികൾ തന്നെ കേവലം ഒരു ആശ്രമവിചാരിപ്പുകാരനായി മാത്രം നിയോഗിച്ചതിൽ ഏറെ മനോവേദനയും നീരസവും അനുഭവപ്പെട്ടിരുന്നുവെങ്കിലും ദൈവഹിതത്തിനു കീഴ്വഴങ്ങി തന്നെ ഏല്പിച്ച ദൗത്യമെല്ലാം കൃത്യമായി നിർവഹിച്ചുകൊണ്ട് ദൈവത്തോടു ചേർന്നുനിന്നു.

ഒരുനാൾ അഞ്ച് ഫ്രാൻസിസ്കൻ സഹോദരന്മാർ യാത്രയ്ക്കിടയിൽ ഹോളിക്രോസ് ആശ്രമത്തിലെത്തിച്ചേർന്നു. തങ്ങൾക്ക് അന്തിയുറങ്ങാനുള്ള അനുവാദത്തിനായി അപേക്ഷിച്ചു. ദീനദയാലുവും അതിഥിസൽക്കാരപ്രിയനുമായ ഫെർണാണ്ടോ അച്ചൻ അവരെ സ്വീകരിച്ച് ആദരിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തു. വി. ഫ്രാൻസീസ് അസ്സീസി സ്ഥാപിച്ച സന്ന്യാസസഭയിലെ ഈ സഹോദരന്മാരുടെ ആന്തരികസൗന്ദര്യവും ജീവിതഗന്ധിയായ ദാരിദ്ര്യവും ലാളിത്യവും വ്രതശുദ്ധിയുമെല്ലാം അച്ചനെ ഏറെ സ്വാധീനിച്ചു! അവരിൽനിന്നു പകർന്നുകിട്ടിയ ഫ്രാൻസിസ്കൻ ചൈതന്യം അച്ചന്റെ ജീവിതശൈലിയെ സമൂലം മാറ്റിമറിച്ചു.

സുവിശേഷവേലയ്ക്കായി മൊറോക്കോയിലേക്കു പുറപ്പെട്ട സഹോദരന്മാരുടെ രക്തസാക്ഷിത്വത്തിന്റെ ദുഃഖവാർത്ത ഫെർണാണ്ടോ അച്ചനെ ദുഃഖത്തിലാഴ്ത്തിയെങ്കിലും ചില ഉറച്ച തീരുമാനങ്ങൾക്കതു കാരണമായി ഭവിച്ചു. ഫ്രാൻസിസ്കനിസം അച്ചന്റെ ചിന്താമണ്ഡലത്തെ ലഹരിപിടിപ്പിച്ചു. അങ്ങനെ ഫെർണാണ്ടോ അച്ചൻ അഗസ്തീനിയൻ സഭയിൽനിന്ന് ഫ്രാൻസിസ്കൻ സന്ന്യാസസഭയിലേക്ക് അധികാരികളുടെ അനുവാദത്തോടും അനുഗ്രഹത്തോടും കൂടി പ്രവേശിച്ചു. അതു വിളിക്കുള്ളിലെ വിളിയായി തിരിച്ചറിഞ്ഞുകൊണ്ട് ഹൃദയത്തിലേറ്റുവാങ്ങി.

1220 ജൂലൈ മാസത്തിൽ തന്റെ വെള്ളക്കുപ്പായം ഊരിമാറ്റി പരുക്കൻ തവിട്ടുകുപ്പായവും അരയിൽ കയർകൊണ്ടുള്ള കെട്ടും സ്വന്തമാക്കി. അങ്ങനെ ഫെർണാണ്ടോ അച്ചൻ ആന്റണി എന്ന പേരു സ്വീകരിച്ചുകൊണ്ട് ഒരു ഫ്രാൻസിസ്കൻ വൈദികനായി സുവിശേഷവേല ആരംഭിച്ചു. തന്റെ ദൗത്യനിർവഹണത്തിനിടയിൽ അവിചാരിതമായി വി. ഫ്രാൻസിസ് അസ്സീസിയെ കണ്ടുമുട്ടുവാനിടവന്നു. മാത്രമല്ല, റോമിലേക്ക് വി. ഫ്രാൻസിസിനോടൊത്ത് യാത്ര ചെയ്യാനും ക്ഷീണിതനായ അദ്ദേഹത്തെ ശുശ്രൂഷിക്കാനുമുള്ള അസുലഭാഗ്യം കൂടി ലഭ്യമായി. ആന്റണിയച്ചന്റെ പ്രസംഗചാതുരിയിലും പ്രബോധനവൈഭവത്തിലും ജ്ഞാനതൃഷ്ണയിലും തപോബലത്തിലും ആകൃഷ്ടനായ വി. ഫ്രാൻസിസ് ഈ യുവവൈദികനെ ദൈവവചനപ്രഘോഷണത്തിനായി നിയോഗിച്ചു. അച്ചൻ എവിടെയെല്ലാം വചനം പ്രഘോഷിച്ചുവോ അവിടെയെല്ലാം വമ്പിച്ച ജനാവലി തടിച്ചുകൂടാൻ തുടങ്ങി. പാപികൾ പശ്ചാത്തപിക്കാനും രോഗികൾ സൗഖ്യപ്പെടാനും മരിച്ചവർ പുനർജീവിക്കാനും പാഷണ്ഡതകൾ തകർന്നടിയാനും തുടങ്ങി. മറ്റുള്ളവരുടെ ഹൃദയരഹസ്യങ്ങൾ മനസ്സിലാക്കാനും ഒരേസമയത്തു രണ്ടിടത്തു പ്രത്യക്ഷപ്പെടാനും കടലിലെ മത്സ്യങ്ങളുമായി സംവദിക്കാനും വിവിധ ഭാഷകളിൽ സംസാരിക്കാനുമൊക്കെയുള്ള അനവധി അമാനുഷികസിദ്ധികൾ അദ്ദേഹത്തെ ജീവിച്ചിരിക്കുന്ന അദ്ഭുതപ്രവർത്തകൻ എന്ന വിശേഷണത്തിനർഹനാക്കി.



ദൈവസ്നേഹത്താൽ കത്തിജ്വലിക്കുന്ന ഹൃദയങ്ങൾക്ക് അടങ്ങിയിരിക്കാനാവില്ല. അവിടെനിന്നു നന്മയുടെ കിരണങ്ങൾ മറ്റുള്ളവരിലേക്കു കവിഞ്ഞൊഴുകും. അധ്വാനവും കഠിനതപശ്ചര്യകളും ഫ്രാൻസിസ് പിതാവിനെ രോഗത്തിലേക്കും മരണത്തിലേക്കും നയിച്ചതുപോലെ തന്റെ ജീവിതവും അസ്തമിക്കാറായെന്ന് ആന്റണിയച്ചനു ബോധ്യമായി. പതിനൊന്നു വർഷക്കാലം രാപകലില്ലാതെയുള്ള സുവിശേഷവേലയ്ക്കു വിരാമമിട്ടുകൊണ്ട് ജീവിതബലി പൂർത്തിയാക്കിയ ആന്റണിയച്ചൻ സഭയിലെ ഏറെ ആദരിക്കപ്പെടുന്ന വിശുദ്ധരിലൊരാളാണ്. മാത്രമല്ല, ചരിത്രത്തിൽ ഇടംപിടിച്ച ഒരു ഇതിഹാസവുമാണ്. 1232 മേയ് 30 ന് ഗ്രിഗറി ഒൻപതാമൻ മാർപാപ്പാ ആന്റണിയച്ചനെ വിശുദ്ധനായി പ്രഖ്യാപിച്ചു. തൽസമയം ലിസ്ബണിലെ കത്തീഡ്രൽ ദൈവാലയമണികൾ മണിക്കൂറുകളോളം താനേ മുഴങ്ങിയെന്നു ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. അനേകർക്ക് ദൈവവചസ്സുകൾ പകർന്നുനല്കിയ പുണ്യംപുരണ്ട നാവ് അഴുകാൻ ദൈവം അനുവദിച്ചില്ല. ഇന്നും മാംസളമായി നിലകൊള്ളുന്ന വിശുദ്ധന്റെ നാവ് തന്നോടു യാചിക്കുന്നവർക്കു ദൈവസന്നിധിയിൽ മാദ്ധ്യസ്ഥ്യം വഹിച്ചുകൊണ്ടിരിക്കുന്നു. ജീവനുള്ള ദിവ്യ ഉണ്ണിയെ കരങ്ങളിൽ വഹിക്കാനുള്ള മഹാഭാഗ്യവും സ്വർഗം വിശുദ്ധനു പ്രദാനം ചെയ്തു. 12–ാം പീയൂസ് പാപ്പാ വി. അന്തോനീസിനെ വേദപാരംഗതൻ എന്ന മഹനീയസ്ഥാനം നൽകി ആദരിച്ചു.

ലോകമെമ്പാടുമുള്ള സെന്റ് ആന്റണിയുടെ നാമത്തിലുള്ള തീർത്ഥാടനകേന്ദ്രങ്ങളിലെല്ലാം എണ്ണമറ്റ അദ്ഭുതങ്ങളും അടയാളങ്ങളുമാണ് ഈ മഹാവിശുദ്ധൻ തന്റെ ഭക്തരിലേക്കു ചൊരിഞ്ഞുകൊണ്ടിരിക്കുന്നത്. മനുഷ്യജീവിതത്തിന്റെ വിവിധ തുറകളിലും തരത്തിലുംപെട്ടവർക്ക് വിശുദ്ധൻ അഭയസ്ഥാനമാണ്. ജൂൺ 13 – ന് ആഗോളസഭയിൽ വിശുദ്ധന്റെ തിരുനാൾ ആഘോഷിക്കുന്നു!

## ആഴ്ചമൊഴി



ആത്മനിയന്ത്രണം ശീലിക്കുന്നതിനു സഹായകമായി പ്രലോഭനങ്ങളിൽനിന്നു മാറിനില്ക്കാം. പക്ഷേ, പെരുമഴയത്തുനിന്നാലും നനയാതിരിക്കാനുള്ള വിദ്യ കണ്ടുകിട്ടുന്നതോടെ നില്പ് എത്ര കടുത്ത പ്രലോഭനങ്ങൾക്കിടയിലുമാവാം.

**സി. രാധാകൃഷ്ണൻ**



നിയന്ത്രണാതീതമായ ഉപഭോഗത്തിനു പകരം മനുഷ്യന്റെ ആവശ്യത്തിനനുസരിച്ചു മാത്രം പരിമിതപ്പെടുത്തുന്ന ഉപഭോഗസംസ്കാരം വളർത്തിയെടുക്കേണ്ടത് ഭൂമിയുടെ നിലനില്പിന് അത്യാവശ്യമാണ്.

**വി.പി. ജോയ്**

1-ാംപേജ് തുടർച്ച

# ഹൃദയംകൊണ്ടു കേൾക്കുക

അണുകണികകളെപ്പോലെ ജീവിക്കാനല്ല - ഒന്നിച്ച് ഒരുമിച്ചു ജീവിക്കാനുള്ള ബാധ്യത നമുക്കുള്ളതിനാൽ മറ്റു സഹോദരങ്ങളുമായുള്ള അടിസ്ഥാനബന്ധത്തിനുവേണ്ടി ദാഹിക്കുന്നതാണ് നമ്മളെ-മനുഷ്യരെ-മൗലികരാക്കുന്നത്.

**നല്ല ആശയവിനിമയത്തിനുള്ള ഉപാധി - ശ്രവിക്കുക**

ശ്രവിക്കുന്നതിന്റെ നേരേ വിപരീതഫലമുളവാക്കുന്നതരം കേൾക്കലാണ് - ഒളിഞ്ഞുകേൾക്കുന്നത്. സത്യത്തിൽ നവമാധ്യമങ്ങളുടെ ഈ കാലത്ത്, കൂടുതലും താന്താങ്ങളുടെ സ്ഥാപിത താത്പര്യങ്ങൾക്കുവേണ്ടി മാത്രം മറ്റുള്ളവരെ ചൂഷണം ചെയ്യുക, ചാരപ്രവൃത്തികൾ ചെയ്യുക, ഒളിഞ്ഞിരുന്നു കേൾക്കുക തുടങ്ങിയ പ്രവൃത്തികൾ വർദ്ധിച്ചുവരുന്നതായാണു കാണുന്നത്. ആത്മവിശ്വാസത്തോടെയും ന്യായബോധത്തോടെയും സത്യസന്ധമായും മുമ്പിലിരിക്കുന്ന വ്യക്തിയെ ശ്രദ്ധിക്കുമ്പോഴാണ് ആശയവിനിമയം നല്ലതും പൂർണവും മാനുഷികവുമാകുന്നത്.

ദൈനംദിനജീവിതത്തിലെ കേൾവിക്കുറവുകളെക്കാൾ, പരസ്യജീവിതത്തിലെ വർദ്ധിക്കുന്ന പ്രവണതയായ കൂടുതൽ സദസ്സിനോടു സംസാരിക്കുകയെന്നത് വളരെ ആപത്കരമാണ്. ഇത്, നല്ലതിനെയും സത്യത്തെയും അന്വേഷിക്കുന്നതിനുപകരം അഭിപ്രായൈക്യത്തെ തേടുന്ന പ്രവണതയുടെ അനാരോഗ്യകരമായ പ്രതിഫലനമാണ്. ആശയവിനിമയത്തിന്റെ നിലവാരവും മാധുര്യവും ഉയരുന്നത്, സത്യാവസ്ഥകളുടെ സങ്കീർണതകളും വിഷമവൃത്തങ്ങളും ഉൾക്കൊള്ളുന്ന അപരന്റെ കാരണങ്ങളും സാഹചര്യങ്ങളും സത്യസന്ധമായി മനസ്സിലാക്കി അവതരിപ്പിക്കുമ്പോഴാണ്. അല്ലാതെ പൊതുജനത്തെ ആവേശത്തിലാറാടിക്കുന്ന അനാവശ്യപ്രകടനങ്ങളിലോ സഹോദരനെ ഇകഴ്ത്തി കൈയടി വാങ്ങുന്നതിലോ അല്ല. കൂടുതൽ ദുഃഖകരമാകുന്നത്, സഭയുടെയകത്തും ആശയപരവും പ്രത്യയശാസ്ത്രപരവുമായ കൂട്ടായ്മകൾ വളരുന്നതും അതിനാൽ, ശ്രവിക്കാനുള്ള സന്നദ്ധത കുറയുന്നതും, എതിർക്കുന്നവരെ നിശ്ശബ്ദമാക്കാനുള്ള ഔൽസുക്യം വർദ്ധിക്കുന്നതുമാണ്.

വാസ്തവത്തിൽ, ഇന്നു നടക്കുന്ന പല സംഭാഷണങ്ങളിലും നമ്മൾ സംവദിക്കുന്നേയില്ല. അപരൻ സംസാരിച്ചുകഴിഞ്ഞാലുടനെ നമ്മുടെ അഭിപ്രായം അവരിൽ അടിച്ചേല്പിക്കാനാണു കാത്തിരിക്കുന്നത്. താത്ത്വികാചാര്യനായ Abraham Kaplan ഇതിനെ പറയുന്നത് രണ്ടുപേർ തമ്മിലുള്ള സംഭാഷണമെന്നല്ല, രണ്ട് ആത്മഗതങ്ങളെന്നാണ്. രണ്ടു സ്വരങ്ങളിലുള്ള ഒരേ ആത്മഗതങ്ങൾ. ശരിയായ ആശയവിനിമയങ്ങളിലും സംഭാഷണങ്ങളിലും ‘ഞാനും’ ‘താങ്കളും’ പരസ്പരം അടുത്തെത്താനായി അവരവരുടെ സ്ഥാനങ്ങളിൽനിന്ന് അപരന്റെയടുത്തേക്ക് എത്തുന്ന സാഹചര്യമാണു വേണ്ടത്. അതിനാൽ, ശ്രവിക്കുകയെന്നത് സംഭാഷണങ്ങളിലെ മാറ്റിനിർത്താനാവാത്ത ഘടകമാണ്. ശ്രവിക്കുന്നതു നടന്നിട്ടില്ലായെങ്കിൽ അവിടെ ആശയവിനിമയം നടന്നിട്ടില്ല. അതില്ലാത്ത പത്രപ്രവർത്തനത്തിന് അസ്തിത്വമേ ഇല്ലാതാവുന്നു. പൂർണവും സന്തുലിതവും പരിപക്വവുമായ വിവരങ്ങൾ ലഭിക്കാൻ ദീർഘനേരം നല്ലതുപോലെ ശ്രവിക്കേണ്ടത് അത്യാവശ്യമാണ്. ഒരു സംഭവം വിവരിക്കാനോ, ഒരു സാഹചര്യം മനസ്സിലാക്കിക്കൊടുക്കാനോ, പ്രത്യേകിച്ച്, വാർത്താവിതരണ മേഖലയിൽ, ശ്രവിക്കേണ്ടത് എങ്ങനെയെന്നറിയേണ്ടത് അത്യാവശ്യമാണ്. ഇതിനു സ്വന്തം അനുമാനങ്ങളും അഭിപ്രായങ്ങളും മാറ്റിവയ്ക്കുവാൻവരെ തയ്യാറാവേണ്ടതുണ്ട്.



ആത്മഗതങ്ങൾ മാറ്റിവച്ചാൽ മാത്രമേ ശബ്ദങ്ങളുടെയും അഭിപ്രായങ്ങളുടെയും സമന്വയങ്ങൾ ഉയരുകയുള്ളൂ. കൃത്യമായ ആശയവിനിമയത്തിന്റെയും വാർത്താവിതരണത്തിന്റെയും ഉത്തരവാദിത്വങ്ങളിൽ പ്രധാനമാണത്. വിവിധ സ്രോതസ്സുകളിൽനിന്നു വിവരങ്ങൾ ശേഖരിച്ച് (ആദ്യം കാണുന്ന സത്രത്തിൽ യാത്ര അവസാനിപ്പിക്കാതെ) ലഭിക്കുന്ന വിവരങ്ങളുടെ സാംഗത്യവും വിശ്വാസ്യതയും ഉറപ്പാക്കി നമ്മുടെ ഭാഗത്തുനിന്നു വാർത്തകളൊരുക്കുന്നതിനും വിവേകത്തോടെയും വിവേചനാബോധത്തോടെയും പ്രവർത്തിക്കാനാവണം. സഭയുടെ അകത്തും പല വ്യക്തികളോടും വിവിധ സ്രോതസ്സുകളോടും ആശയവിനിമയം നടത്തിയാലേ സ്വരലയങ്ങളോടു കാതോർക്കാൻ നമുക്കു സാധിക്കുകയുള്ളൂ.

എന്തിനാണു ശ്രവിക്കുന്നതിന് ഇത്രയും അദ്ധ്വാനിക്കേണ്ടത്? വത്തിക്കാൻ കാര്യാലയത്തിലെ സമുന്നത നയതന്ത്രജ്ഞനായ Cardinal Agostino Casaroli പലപ്പോഴും ‘ക്ഷമയുടെ രക്തസാക്ഷിത്വ’ത്തെക്കുറിച്ചു സംസാരിക്കാറുണ്ട്. പരിമിതസ്വാതന്ത്ര്യങ്ങൾ മാത്രമുള്ള ഇടങ്ങളിൽ, ഏറ്റവും കഠിനമായ മധ്യസ്ഥശ്രമങ്ങൾ വളരെ ക്ലേശകരമായ രീതിയിൽ മുന്നോട്ടുപോകുമ്പോൾ, ശ്രദ്ധിക്കാനും ശ്രവിക്കപ്പെടാനുമുള്ള പരിശ്രമങ്ങളിൽ ക്ഷമയുടെ രക്തസാക്ഷിത്വം സംഭവിച്ചുപോവാറുണ്ട്. ഇത്തരം കഠിനമായ സാഹചര്യങ്ങളിൽ മുമ്പിലിരിക്കുന്ന മനുഷ്യനിൽനിന്നു ഭാഗികമായ സത്യങ്ങൾ ശ്രവിക്കാനേ ഭാഗ്യമുണ്ടാവുകയുള്ളൂ. എങ്കിൽപ്പോലും, നമ്മൾ അദ്ഭുതപ്പെട്ടുപോവാനുള്ള സാധ്യതകളോടു പൊരുത്തപ്പെടുകയും ക്ഷമയോടെ ശ്രവിച്ചുകൊണ്ടിരിക്കുന്നതിനുള്ള ധൈര്യം ആർജിച്ചെടുക്കുകയും വേണം. അതിരറ്റ ജിജ്ഞാസയോടെ, തുറന്ന കണ്ണുകളോടെ, തനിക്കു ചുറ്റുമുള്ള ലോകത്തെ നോക്കിക്കാണുന്ന ഒരു പിഞ്ചുകുഞ്ഞിന്റെ ലാളിത്യത്തോടെ, വിനയത്തോടെ വേണം നമ്മൾ മറ്റുള്ളവരെ ശ്രവിക്കാൻ. മുതിർന്നവരുടെ അവബോധത്തോടെയുള്ള ഒരു പിഞ്ചുകുഞ്ഞിന്റെ ഔൽസുക്യം - അതാണിന്നിന്റെ ആവശ്യം. എത്ര ചെറുതാണെങ്കിലും അപരനിൽനിന്ന് എന്തെങ്കിലും എനിക്കു പഠിക്കാനുണ്ടാവുമെന്നും അത് എന്നെങ്കിലും എന്റെ ജീവിതയാത്രയിൽ ഉപകരിക്കുമെന്നുമുള്ള അവബോധത്തോടുകൂടിയുള്ള ഔത്സുക്യമാണ് നമുക്കാവശ്യം.

ഒരു മഹാമാരി കഴിഞ്ഞുണരുന്ന ഈ കാലഘട്ടത്തിൽ സമൂഹത്തെയും ഇത്തരത്തിൽ ശ്രവിക്കേണ്ടത് അത്യാവശ്യമാണ്, കാലത്തിന്റെ ആവശ്യമാണ്. കാലാകാലങ്ങളിലൂടെ വർദ്ധിച്ചുവന്ന ‘ഔദ്യോഗിക അറിയിപ്പുക’ളോടുള്ള അവജ്ഞയും വിദ്വേഷവുംമൂലം കൃത്യവും അല്ലാത്തതുമായ വാർത്തകൾ വളരെപ്പെട്ടെന്നു ലോകമാകെ പരക്കുന്ന ഈ കാലഘട്ടത്തിൽ ലോകം വിശ്വാസ്യതയ്ക്കും സുതാര്യതയ്ക്കുംവേണ്ടി പരക്കംപായുകയാണ്. ശ്രവിക്കാനുള്ള നമ്മുടെ സന്നദ്ധതയുടെ ആവശ്യകത, സാമൂഹികവും സാമ്പത്തികവുമായ പല തകിടംമറിച്ചിലുകളും പലപ്പോഴും നടക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ വർദ്ധിച്ചുവരുന്നു; പ്രത്യേകിച്ച്, ഗാഢമായി ശ്രവിക്കുന്നതിന്റെ ആവശ്യകത. നിർബന്ധിതപലായനത്തിന്റെ ബുദ്ധിമുട്ടുകൾ ഇന്നിന്റെ സത്യാവസ്ഥയാണ്. ആരുടെ പക്കലും ഇതിനൊരു പരിഹാരമില്ലാത്ത സാഹചര്യത്തിൽ എല്ലാത്തരം പ്രവാസികളെയും ശ്രവിക്കാൻ നമ്മൾ ബാധ്യസ്ഥരാണ്. പ്രത്യേകിച്ച്, അവരെക്കുറിച്ചുള്ള മുൻവിധികളും വിപ്രതിപത്തികളും മാറ്റിയെടുക്കാനും നമ്മുടെ കടുത്തുപോയ ഹൃദയങ്ങളെ കൂടുതൽ ആർദ്രമാക്കാനുമതാവശ്യമാണ്. ഓരോ പ്രവാസിക്കും ഓരോരോ നാമവും കഥയും നൽകണം. പല പത്രപ്രവർത്തകരും അതു ചെയ്യുന്നുണ്ട്. സാധിക്കുന്നിടത്തോളം അങ്ങനെ ചെയ്യാൻ തയ്യാറായവരും അനേകമുണ്ട്. നമ്മൾ അവരെ ശ്രവിക്കാനും ധൈര്യപ്പെടുത്താനും പ്രോത്സാഹിപ്പിക്കാനും ശ്രമിക്കണം. അതുവഴി അതതു രാജ്യങ്ങൾക്കു ചേർന്ന കുടിയേറ്റ - പ്രവാസ നീതിന്യായവ്യവസ്ഥകൾ ഉയർന്നുവരട്ടെ. പക്ഷേ, അതിനു നമ്മുടെ മുമ്പിൽ കണക്കുകളോ ആക്രമണകാരികളായ അധിനിവേശക്കാരെയോ അല്ല കാണേണ്ടത്. സാധാരണ മനുഷ്യരുടെ പ്രതീക്ഷകളും ആകുലതകളും കഥകളും കഷ്ടപ്പാടുകളുമാണ്.

**സഭയ്ക്കകത്തു പരസ്പരം ശ്രവിക്കുക**

സഭയ്ക്കകത്തും പരസ്പരം ശ്രവിക്കേണ്ടതുണ്ട്. ഏറ്റവും അമൂല്യവും ജീവസ്സുറ്റതുമായ പാരിതോഷികമാണത്. ഏറ്റവും നല്ല ശ്രോതാവിൽനിന്നു ലഭിച്ച ദൗത്യങ്ങളിൽ ഒന്നായ ശ്രവിക്കുക എന്ന മഹത്തായ ദൗത്യം ക്രിസ്ത്യാനികൾ മറന്നമട്ടാണ്. ദൈവത്തിന്റെ വചനം പ്രഘോഷിക്കുന്നവരും സംസാരിക്കുന്നവരുമായവർക്ക്, ദൈവത്തിന്റെ ചെവികൾകൊണ്ട് ശ്രദ്ധിക്കേണ്ട ഉത്തരവാദിത്വമുണ്ട്. പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞനായ Dietrich Bonhoeffer നമ്മളെ ഓർമിപ്പിക്കുന്നത് നമ്മുടെ പ്രഥമ ദൗത്യവും കടമയും നമ്മുടെ സഹോദരരെ ശ്രവിക്കുക എന്നതാണെന്നാണ്. തന്റെ ഇഹലോകത്തിലെ സഹോദരീസഹോദരന്മാരെ ശ്രവിക്കാൻ സാധിക്കാത്തവർക്കു ദൈവത്തെ ശ്രവിക്കാനാവില്ലതന്നെ.

ദാനധർമങ്ങളിലേറ്റവും അമൂല്യമായത് മറ്റുള്ളവരെ ശ്രവിക്കാൻ നമ്മുടെ സമയം നൽകുക എന്നതാണ്. അജപാലനദൗത്യങ്ങളിലേറ്റവും പ്രധാനപ്പെട്ടത് ശ്രവിക്കുകയെന്ന അപ്പസ്തോലിക കടമയാണ്. യാക്കോബ് ശ്ലീഹാ ആഹ്വാനം ചെയ്യുന്നതും അതുതന്നെയാണ്. ഏതു മനുഷ്യനും കേൾക്കാൻ വേഗവും സംസാരിക്കാൻ സാവധാനവും ഉണ്ടാവട്ടെ (വി. യാക്കോബ് 1:19).

ഒരു സിനഡിനുള്ള ഒരുക്കങ്ങൾ തുടങ്ങിയിട്ടുണ്ട്. പരസ്പരം ശ്രവിക്കാനുള്ള നല്ലൊരവസരമാകട്ടെ അതെന്ന് നമുക്കു പ്രാർത്ഥിക്കാം. തന്ത്രങ്ങളുടെയും പരിപാടികളുടെയും പരിണതഫലമല്ല കൂട്ടായ്മ; മറിച്ച്, പരസ്പരം ശ്രവിക്കുന്നതിലൂടെ നിർമിക്കപ്പെടുന്നതാണത്. ഒരു ഗായകസംഘത്തിലെന്നപോലെ ഒത്തൊരുമയ്ക്ക്, ഐകരൂപ്യമോ ഏകസ്വരതയോ അല്ല ആവശ്യം; മറിച്ച്, അനേകത്വവും ബഹുസ്വരതയും വൈവിധ്യങ്ങളുമുള്ള സ്വരങ്ങളാണ്. അതേസമയം, ഒരു ഗായകസംഘം പാടുമ്പോൾ അതിലെ ഓരോ അംഗവും മറ്റുള്ളവരുടെ സ്വരങ്ങളെയും ആ സ്വരങ്ങളുടെ മൊത്തത്തിലുള്ള ലയപൊരുത്തങ്ങളെയും ശ്രദ്ധിച്ചാണ് ആലപിക്കുന്നത്. ഈ ലയപൊരുത്തങ്ങളുടെ ആശയം സൃഷ്ടിച്ചത് സംഗീതസംവിധായകനാണെങ്കിലും അതിന്റെ സാക്ഷാത്കാരം സംഭവിക്കുന്നത് വിവിധങ്ങളായ സ്വരശബ്ദങ്ങളുടെയും ഐക്യപൂർത്തിയിലാണ്.

നമ്മെക്കാളും വളരെ മുമ്പു തന്നെ തുടങ്ങിയതും നമ്മെ ഉൾക്കൊള്ളുന്നതുമായ ഈ കൂട്ടായ്മയിൽ നമ്മളോരോരുത്തരും ഭാഗഭാക്കാകുമ്പോൾ, നമുക്കു നമ്മുടെ സഭയെ വീണ്ടും കണ്ടെത്താം. സ്വരലാവണ്യമുള്ള, ഇമ്പമുള്ള സഭയെ പുനരവതരിപ്പിക്കാം. അതിലെ ഓരോ വിശ്വാസിക്കും അവനവന്റെ സ്വന്തം ശബ്ദത്തിൽ പാടാനവസരമുള്ള, മറ്റുള്ളവരുടെ ശബ്ദങ്ങളെ എപ്പോഴും സ്വാഗതം ചെയ്തുകൊണ്ട് പരിശുദ്ധാരൂപിയുടെ സ്വത്വമായ ലയപൊരുത്തങ്ങളെ പ്രത്യക്ഷീകരിച്ചുകൊണ്ടു ജീവിക്കാനുള്ള പാരിതോഷികമായിക്കരുതി നമുക്കു പരസ്പരം ഹൃദയംകൊണ്ടു ശ്രവിച്ചു മുന്നേറാം. ■




11-ാംപേജ് തുടർച്ച

“പാവനവും നീതിപൂർവവുമായി ഒരുവന്റെ ബുദ്ധി പ്രവർത്തിക്കണമെങ്കിൽ അവന് പരിശുദ്ധാത്മാവിന്റെ കടാക്ഷം വേണം. അതിനു നാം നമ്മുടെ അജ്ഞതയെ ഓർത്ത് ദൈവമേ, ഞാൻ അജ്ഞനും അബലനുമാകുന്നു. അങ്ങേക്ക് ഇഷ്ടമുള്ള വിധത്തിൽ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും എന്നിൽ കൃപയായിരിക്കേണമേ എന്നുള്ള പ്രാർത്ഥനയോടുകൂടിയായിരിക്കണം ജീവിക്കേണ്ടത്...”

ഭർത്താവിനെ കേട്ടുകൊണ്ടിരുന്ന ഭാർഗവിക്ക് താൻ ഏതോ നിലയില്ലാക്കയത്തിൽ പെട്ടുപോയതുപോലെ തോന്നി. അരൂപമായ ഒരു ഭയം അവളെ ഗ്രഹിക്കാൻ തുടങ്ങി. ഏതോ ഗുഹാമുഖങ്ങളിൽ ഒരു കൊടുങ്കാറ്റ് അതിന്റെ ചികുരമഴിച്ചിട്ട് ആടുന്നുവോ?”

അനാവശ്യമായോ അർത്ഥരഹിതമായോ ഒന്നും സംസാരിക്കുന്ന ആളല്ല തന്റെ ഭർത്താവ്. അതിനു വിപരീതമായി അദ്ദേഹമിപ്പോൾ ഏതോ ദൈവതത്ത്വങ്ങളെക്കുറിച്ചൊക്കെ സംസാരിക്കുന്നു. ഒരു മറുചോദ്യം ഭാർഗവിയുടെ പക്കലില്ല.

പുറത്ത് രാകാശശി മറഞ്ഞിരിക്കുന്നു. ഇരുട്ട് അതിന്റെ ചിറകുകൾ വിടർത്തിയിരിക്കുന്നു. ഒരു അപകടനാന്ദിപോലെ ഏതോ രാപ്പക്ഷി നീട്ടിക്കൂവി. വിളക്കിലെ എണ്ണവറ്റി. കിടപ്പറയിലെ വെട്ടം മങ്ങി.

ദേവസഹായം എഴുന്നേറ്റു ചെന്ന് വിളക്കിൽ എണ്ണ പകർന്നു. തിരി നീട്ടിയിട്ടു. ഉറക്കറ വീണ്ടും പ്രസന്നമായി.

ഭാർഗവി മിടിക്കുന്ന ഹൃദയത്തോടെ ഭർത്താവിനെ നോക്കി. അവളുടെ കണ്ണുകളിൽ അരൂപമായ ഒരു ഭീതി ദേവസഹായം കണ്ടു. അദ്ദേഹം ഭാർഗ്ഗവിയെ വിളിച്ച് തന്നോടു ചേർത്തിരുത്തി.

“പ്രിയപ്പെട്ടവളേ, നാം രണ്ടുപേരും അത്രമേൽ ഹൃദയൈക്യത്തോടു കൂടിയാണല്ലോ ജീവിക്കുന്നത്. അതുകൊണ്ട് ഒന്നറിയുക. സർവലോകത്തിന്റെയും നായകനായവൻ പാപരഹിതനും നന്മസ്വരൂപനും അനന്തമായ ശക്തികൊണ്ട്, താനല്ലാതെ തനിക്കുമേൽ മറ്റൊന്നുമില്ലാത്തവനുമായിരിക്കുന്നതിനാൽ അവനെ നാം അനുസരിച്ച് ജീവിക്കുകയാണെങ്കിൽ ഈ ലോകത്തിൽ സകല ദുഃഖങ്ങളിൽനിന്നും മോചനവും ഒടുവിൽ അനന്തമായ സ്വർഗഭാഗ്യവും ലഭിക്കും. അതിനാൽ, നീയും എന്നെപ്പോലെ സത്യദൈവത്തെ അറിയുന്നതിനുള്ള ഏക മാർഗമായ സത്യവേദം സ്വീകരിക്കണം.”

(തുടരും)

# അനന്യസുലഭമായ രാസപ്രവർത്തനം



പാപ്പച്ചൻ കടമക്കുടി

മനോഹരമായ സപ്രമഞ്ചത്തിൽ ഇരിക്കുമ്പോൾ അതിനെ താങ്ങിനിർത്തുന്ന നാലു കാലുകളെക്കുറിച്ചു നാം ചിന്തിക്കാറില്ല. അവയിലൊന്നു കേടായാൽ മേലെക്കാണുന്ന സുലളിതവിന്യാസങ്ങൾക്ക് ഒരു വിലയും ഇല്ലാതാവുമെന്നു വേവലാതിപ്പെടാറുമില്ല. ഭാഷയെ സംബന്ധിച്ചും സത്യമാണിത്. സൗന്ദര്യത്തിന്റെ നിറകുടമായ ഭാഷയെ നാം ആസ്വദിക്കുമ്പോൾ പഠനവഴികളിലെ നാലു നെടുംതൂണുകൾ, ശ്രവണ - ഭാഷണ - പാരായണ - ലേഖനങ്ങളാണ് എന്ന വ്യക്തമായ ധാരണയുണ്ടാവണം. അതിലൊന്നിന്റെ അപാകത അറിവിന്റെ ശോഷണമാണെന്നും, ഭാഷയുടെ വൈകല്യമാണെന്നും മനസ്സിലാക്കണം. അപ്പോൾ നമുക്കു ബോധ്യമാവും പഠനപ്രവർത്തനമർമങ്ങളിലൊന്നായ വായനയുടെ പ്രാധാന്യത്തെക്കുറിച്ച്. ആധുനികസമൂഹം പുതിയ സാങ്കേതികവിദ്യകൾ മനുഷ്യനെ സ്വാധീനിക്കുന്നത് ഏതെല്ലാം കോണിലൂടെയാണെന്നറിയാതെ, പട്ടണത്തിലെ തിരക്കേറിയ ജംഗ്ഷനിൽ അകപ്പെട്ട ഗ്രാമീണബാലനെപ്പോലെ വിസ്മയം പൂണ്ടു നില്ക്കുകയാണ്. ടെക്നോളജി കൈയെത്തിപ്പിടിക്കാത്ത മേഖലകൾ വിരളമായിക്കൊണ്ടിരിക്കുന്നു. വായനയെന്ന പച്ചസൂചകത്തിലൂടെത്തന്നെ പോകേണ്ടതുണ്ടോ അറിവിന്റെ ലക്ഷ്യത്തിലെത്താനെന്നു ചിന്തിക്കുകയാണ് ഓരോ മനസ്സും. ഈ പഴഞ്ചൻ ഏർപ്പാടുതന്നെ തുടരേണ്ടതുണ്ടോ?

വായനയെക്കുറിച്ചുള്ള അന്വേഷണത്തിന്റെ പുതുവഴിയിലാണു നമ്മൾ. ദൈവത്തിന്റെ സ്വന്തം നാട്ടുകാർ നാം അഭിമാനിക്കുന്നത് നല്ല വായനശീലമുള്ളവരാണെന്നാണ്. രാമായണവും ഭാഗവതവും ബൈബിളുമൊക്കെ പൗരാണികകാലം മുതലേ കേരളീയസമൂഹം വായനയ്ക്കായി തിരഞ്ഞെടുത്തിട്ടുണ്ട്. പാഠ്യപദ്ധതിക്കപ്പുറത്തേക്കു പാഠശാലകൾ വായനയെ ഗൗരവമായി സമീപിച്ചിട്ടുണ്ടോ? എന്തു വായിക്കണം എന്നു മാത്രമല്ല, എങ്ങനെ വായിക്കണം എന്നതും അറിയണം.

പഠിച്ചവ ഉൾക്കൊള്ളാനും ഉൾക്കൊണ്ടവ പ്രയോഗിക്കാനും അറിവിന്റെ പുതുമകളിൽ കൗതുകത്തോടെ, ജിജ്ഞാസയോടെ കടന്നുകയറാനും ഇന്നത്തെ വിദ്യാഭ്യാസരീതിയിൽ കുട്ടികൾ പ്രാപ്തരാവുന്നുണ്ടോ? നമ്മുടെ വിദ്യാലയങ്ങളിൽ വായന വരാന്തയിലോ മൂലകളിലോ മാത്രമായി ഒതുങ്ങിപ്പോവുന്നില്ലേ? അക്ഷരമാലയെ പുസ്തകത്തിനും പഠനത്തിന്നും പുറത്തു നിർത്തുമ്പോൾ ഭാഷയെങ്ങനെ സുലളിതപദവിന്യാസത്തോടെ മനസ്സിനകത്തു കടന്നുവരും? മലയാളലിപികളുടെ യഥാർത്ഥ ഉച്ചാരണം എനിക്കറിയാമെന്ന് നെഞ്ചിൽക്കൈവച്ചു പറയാൻ ഇന്നെത്ര പേർക്കു സാധിക്കും? പറയുന്നതുപോലെ എഴുതുമ്പോൾ ലേഖനത്തിലും ഭാഷ വികലമാക്കപ്പെടുന്നില്ലേ?

ശിശുവിദ്യാഭ്യാസവിചക്ഷണനായ ഡാനിയേൽ ഹിറ്റ്മാന്റെ നിരീക്ഷണം വായനയെപ്പറ്റി ഇങ്ങനെയാണ്. ചിന്തയുമായും ശ്രവണ - ഭാഷണ - ലേഖനങ്ങളുമായും ബന്ധപ്പെട്ടുകിടക്കുന്ന വാചകപ്രക്രിയയാണു വായന. കടലാസിലെ അച്ചടിരൂപങ്ങളിൽനിന്ന് എഴുത്തുകാരൻ ഉദ്ദേശിച്ച ആശയങ്ങളും വിവരങ്ങളും അത് പുനഃസൃഷ്ടിക്കുന്നു. എഴുതപ്പെട്ടവ വായനക്കാരനെ കരയിക്കും, ചിരിപ്പിക്കും, അദ്ഭുതപ്പെടുത്തും, ചിന്തിപ്പിക്കും എന്നൊക്കെപ്പറഞ്ഞാൽ അക്ഷരങ്ങൾ മാത്രമാണു കടലാസിൽ, അതിനുള്ളിലുള്ള ആശയങ്ങൾ വായനക്കാരന്റെ മനസ്സിലാണു പതിയുന്നത് എന്നർത്ഥം.

ഓരോ അടയാളവും അക്ഷരവും വാക്കും ഉള്ളിൽ ചില ബിംബങ്ങളും ധാരണകളും ഉണർത്തും. ചുരുക്കത്തിൽ, ഗതകാലാനുഭവങ്ങളിലൂടെ ലഭിച്ചവയ്ക്കു ജീവനേകുന്ന രാസത്വരകങ്ങളായി അക്ഷരങ്ങൾ മാറുന്നു.

ഈ ഘട്ടത്തിലാണു വായനനൈപുണ്യം സ്വായത്തമാക്കാനുള്ള പ്രവർത്തനങ്ങളിലേക്കു കുട്ടിയെ നയിക്കേണ്ടത്. സ്ഫുടമായ വായന എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ദൃശ്യരൂപവും അതിന്റെ അർത്ഥവും തമ്മിൽ ശബ്ദംകൊണ്ടു വിളക്കിച്ചേർക്കലാണ്. ക്രമേണ കാഴ്ചയിൽനിന്ന് ആശയത്തിലേക്കു പ്രവേശിക്കുമ്പോൾ സമാന്തരമായ ആന്തരികചോദനകളിലൂടെ വായനയുടെ പൂർണതയിലെത്താനും കഴിവുനേടുന്നു. അറിയാനുള്ള ആഗ്രഹമാണു വായനയുടെ പ്രേരകശക്തികളിൽ മുഖ്യം. പഞ്ചസാരയിൽ പൊതിഞ്ഞ കയ്പ്പുള്ള ഗുളികപോലെ അറിവിനൊപ്പം ആനന്ദവും ലഭിക്കുന്നതാവണം കുട്ടികളുടെ വായനവസ്തു. വായനയുടെ യഥാർത്ഥലക്ഷ്യം നിറവേറ്റാൻ പ്രാപ്തമാവണം അവരുടെ കൈവശം വന്നുചേരുന്ന പുസ്തകങ്ങൾ എന്നു സാരം. വരട്ടുതത്ത്വങ്ങളുടെ കാഠിന്യവും വൈരൂപ്യവും ഉപദേശങ്ങളുടെ അരുതായ്മകളും മൂർച്ചയും എല്ലാം ചേർന്ന് അമിതഭാരമുള്ളതാണ് പാരായണവസ്തുവെങ്കിൽ തീർച്ച, വായന കുട്ടിയുടെ ശത്രുവായിത്തീരും. താത്പര്യങ്ങളുടെ പച്ചപ്പിലേക്കു കൈപിടിച്ചു നടത്തുന്ന സഹയാത്രികരാവണം പുസ്തകങ്ങൾ.



ഈ തത്ത്വത്തിന്റെ മറ്റൊരു രൂപമാണ് പുസ്തകം ചങ്ങാതിയാണ് എന്ന ഉപമ. നല്ല ചങ്ങാതി നന്മയെ പുകഴ്ത്തുകയും തിന്മയെ തുറന്നുകാട്ടുകയും ചെയ്യും. പുകമറ സൃഷ്ടിക്കുന്ന സ്നേഹമല്ല ചങ്ങാതിയുടേത്.

ചങ്ങാതിയുള്ളവൻ എത്ര നല്ലോൻ
ചങ്ങാതി നല്ലവൻ എത്ര ധന്യൻ
ചങ്ങാതിയല്ലോ വഴിവിളക്ക്
ചങ്ങാതി കണ്ണാടിപോലെയല്ലോ

ചങ്ങാത്തത്തിന്റെ ആദ്യനാളുകളിൽ അധ്യാപകരും രക്ഷിതാക്കളുമാണ് കുട്ടിയുടെ വഴിവിളക്കുകൾ. വികസനത്തിന്റെ ഓരോ ഘട്ടത്തിലും ഒപ്പം നിന്ന് സംശയനൂലാമാലകളുടെ കെട്ടുകളഴിച്ചു നേർവഴിയുടെ രജതരേഖ ചൂണ്ടിക്കാണിക്കാൻ ബാധ്യസ്ഥരാണവർ. പ്രാഥമികതലത്തിലെ പഠനവിമുഖതയുടെ പ്രധാനകാരണം വായനശേഷി വികസിപ്പിക്കാത്തതുകൊണ്ടാണെന്നാണു പഠനങ്ങൾ പറയുന്നത്. നമ്മുടെ വിദ്യാർത്ഥികളിൽ അമ്പതു ശതമാത്തിലേറെയും വായനവൈഭവം കുറഞ്ഞവരാണത്രേ. ഇവർ പില്ക്കാലത്ത് അന്തർമുഖരോ ക്രൂരന്മാരോ തെമ്മാടികളോ ആയി പരിവർത്തിച്ചു സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെടുകയും സാമൂഹികവളർച്ചയുടെ മുരടിപ്പുകീടങ്ങളായിത്തീരുകയും ചെയ്യുന്നു. അവരുടെ യഥാർത്ഥ പ്രതികരണശേഷി തിന്മകളുടെ വളക്കൂറുള്ള മണ്ണിലേക്കു പറിച്ചുനടപ്പെടുന്നു. അത് മുന്നിൽക്കണ്ടിട്ടാണ് ക്രാന്തദർശിയായ കവി കുഞ്ഞുണ്ണിമാഷ്

'വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും,
വായിച്ചാൽ വിളയും
വായിച്ചില്ലെങ്കിൽ വളയും'

എന്നുദ്ബോധിപ്പിച്ചത്. വായിക്കാതെ ലഭിക്കുന്ന വളവ്, വെളവാണെന്നും അത് സമൂഹത്തിനു നേരേയുള്ള വില്ലു വളയ്ക്കലാണെന്നും മാഷിനറിയാം. വിളയുന്നത് വിളവും, വിളവ് വിത്തും വിത്ത് ജീവനുമാണെന്ന തിരിച്ചറിവാണ് ആവശ്യം. ഒരു സമൂഹത്തെ മുഴുവൻ വിളവുള്ളവരാക്കുവാൻ വായനയെക്കാൾ വലിയ ഒരായുധമില്ല. അതുകൊണ്ടാണ് ബ്രഹ്ത്, മനുഷ്യരാശിയോട് 'പട്ടിണിയായ മനുഷ്യാ, പുസ്തകം കയ്യിലെടുത്തോളൂ, അത് നിനക്കൊരു പുതിയ ആയുധമാണ്' എന്ന് ആഹ്വാനം ചെയ്തത്. നമ്മുടെ പി.എൻ പണിക്കരെന്ന മഹാനുഭാവൻ അതേ ആശയത്തെ ജനകീയമാക്കി, ഗ്രന്ഥശാലാപ്രസ്ഥാനത്തിലൂടെ, വയോജനവിദ്യാഭ്യാസപദ്ധതിയിലൂടെ. ദിനാചരണമെന്ന വാർഷികചര്യയിലൂടെ നമ്മുടെ വിദ്യാലയങ്ങളിൽ അതിന്റെ ചെറുസ്ഫുരണം തെളിയുന്നുണ്ടെങ്കിലും ഇതേവരെ ലക്ഷ്യം നേടാനായിട്ടില്ല. എങ്കിലും വിളക്കുകെടുത്തി അന്ധകാരത്തിലാകുന്നതിനെക്കാൾ എത്രയോ മഹത്തരമാണ് കെടാവിളക്കുമായി പാറുന്ന കൊച്ചുമിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം!

കണ്ടും കേട്ടും രുചിച്ചും മണത്തും തൊട്ടുമാണ് അറിവിന്റെ ബാഹ്യവാതിൽ നമ്മൾ തുറക്കുന്നതെങ്കിലും ആറാം ഇന്ദ്രിയത്തിന്റെ, ഹൃദയത്തിന്റെ തലോടൽ കൊണ്ടാണ് അറിവ് ആഹ്ലാദമാവുന്നത് എന്നതിനാൽ, എത്ര വളർന്നാലും സ്വയാനന്ദത്തിന്റെ ചിന്താപദ്ധതികൾ പങ്കുവയ്ക്കാത്ത നവസാങ്കേതികവിദ്യകളുടെ കാഴ്ചകളിലോ സ്പർശങ്ങളിലോ മുട്ടിത്തകർന്നുപോവില്ല വായന എന്നുതന്നെയാണ് എന്റെ പക്ഷം. പാരായണം പുതിയ രൂപം അവലംബിച്ചേക്കാം, പക്ഷേ, പൂർണാർത്ഥത്തിൽ വായനതന്നെ നിലനില്ക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട. വേവലാതിയുടെ മുൾമുനയിൽനിന്നു വായനയുടെ മരണം പ്രവചിക്കാതെ സൗന്ദര്യത്തിന്റെ ആഹ്ലാദത്തിലേക്ക്, അലൗകികമായ വിജ്ഞാനപ്രപഞ്ചത്തിലേക്കു പറന്നുയരാൻ കുട്ടികളെയും, നമ്മളെത്തന്നെയും സദാ സജ്ജരാക്കുകയാണ് അഭികാമ്യം. എന്തെന്നാൽ, വായന അനുഭവമാണ്, സംസ്കാരമാണ്, മനുഷ്യനെ സമചിത്തതയുടെ പ്രിയമണ്ഡലത്തിലേക്കുയർത്തുന്ന അറിവാണ്. വിദ്യയും അനുഭൂതിയും ഹൃദയത്തിലേറ്റാൻ വരമൊഴിയെ ഇഴപിരിച്ചെടുക്കുന്ന അനന്യസുലഭമായ രാസപ്രവർത്തനമാണ്.

■

### പി.എൻ. പണിക്കർ



ഗ്രന്ഥശാലാസംഘത്തിന്റെ സ്ഥാപകനും കാൻഫെഡിന്റെ സംഘാടകനുമായിരുന്ന പി.എൻ. പണിക്കരുടെ ചരമദിനമായ ജൂൺ 19 മുതൽ കേരളത്തിൽ ഒരാഴ്ചക്കാലം വായനവാരമായി ആചരിക്കുന്നു. 1909 ൽ കോട്ടയം ജില്ലയിലെ നീലംപേരൂരിലായിരുന്നു ജനനം. വായനയിൽ വലിയ ഭ്രമമുണ്ടായിരുന്ന അദ്ദേഹത്തിന്റെ നിരന്തരപരിശ്രമഫലമായി ജന്മനാട്ടിൽ സനാതനധർമശാല എന്ന പേരിൽ ഒരു വായനശാല സ്ഥാപിതമായി.

1945 സെപ്റ്റംബറിൽ നടന്ന 47 ഗ്രന്ഥശാലകളുടെ സമ്മേളനത്തിന്റെ തീരുമാനപ്രകാരമാണ് ഗ്രന്ഥശാലാപ്രസ്ഥാനം ഉടലെടുത്തത്. 'വായിച്ചു വളരുക, ചിന്തിച്ചു വിവേകം നേടുക' എന്നതായിരുന്നു അദ്ദേഹത്തിന്റെ മുദ്രാവാക്യം. 1977 വരെ അദ്ദേഹം ഗ്രന്ഥശാലാസംഘത്തിന്റെ ജനറൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു.

1977 ൽ അദ്ദേഹം കാൻഫെഡിന്റെ (കേരള നോൺ ഫോർമൽ എജ്യൂക്കേഷൻ) സംഘാടകനായി പ്രവർത്തനം ആരംഭിക്കുകയും സാക്ഷരതായജ്ഞത്തിൽ മുഴുകുകയും ചെയ്തു. സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ഓണററി എക്സിക്യൂട്ടീവ് ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്. 1987 ൽ മികച്ച സാമൂഹികപ്രവർത്തകനുള്ള സഹൃദയവേദി അവാർഡ് ലഭിച്ചു.

## നോവൽ വാർഷികം

പ്രശസ്ത നോവലിസ്റ്റ് അന്തിനാട് ജോസിന്റെ 'ഇഷ്ടിക' എന്ന നോവലിന്റെ 43-ാം വാർഷികാഘോഷപരിപാടികൾ എലിവാലി വടക്കേട്ട് ബിൽഡിങ്സിൽ നടന്നു. രക്ഷാ റസിഡൻസ് വെൽഫെയർ അസോസിയേഷൻ പ്രസിഡന്റ് ജെയിംസ് മാത്യു വടക്കേട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് നിർമലാ ജിമ്മി ഉദ്ഘാടനം ചെയ്തു. കവയിത്രി ലിന്റാമോൾ ആന്റണി മുഖ്യപ്രഭാഷണം നടത്തി. ലാലി സണ്ണി, കെ.ജി. സോമൻ, ഈപ്പൻ മാത്യു, ജോസഫ് കുമ്പുക്കൻ, ക്ലാരിസ് മൈക്കിൾ തുടങ്ങിയവർ പ്രസംഗിച്ചു.

കാഴ്ചയ്ക്കപ്പുറം

# മാറുന്ന കാലത്തിലെ സ്ത്രീയടയാളങ്ങൾ

■ വീയെൻ

വിവാഹത്തിന്റെ തലേന്നാൾ പ്രതിശ്രുതവരൻ കാമുകിയുമൊത്ത് ഒളിച്ചോടിപ്പോയെന്ന വാർത്ത ഫോണിൽക്കൂടി കേൾക്കേണ്ടിവരുന്ന ഒരു പെൺകുട്ടിയുടെ മാനസികാവസ്ഥ എന്തായിരിക്കും? സ്വാഭാവികമായും അവൾ തകർന്നുപോകും. അവളുടെ പ്രതികരണം എങ്ങനെയായിരിക്കുമെന്നോർത്തു പ്രേക്ഷകർ അസ്വസ്ഥരുമാകും. എന്നാൽ, നാം ചിന്തിച്ചുകൂട്ടുന്നതിനു വിരുദ്ധമായ രീതിയിലാണ് അവൾ അതിനോടു പ്രതികരിക്കുന്നത്.

അർച്ചന 31 നോട്ടൗട്ട് എന്ന, ഐശ്വര്യലക്ഷ്മി നായികയായ ചിത്രത്തിന്റെ കാര്യമാണു പറഞ്ഞുവരുന്നത്. വീട്ടുകാരെപ്പോലും വിവരമറിയിക്കാതെ അവൾ പിറ്റേദിവസം വിവാഹവേഷം ധരിച്ച് കതിർമണ്ഡപത്തിലെത്തുന്നു. പാഴായിപ്പോകുമായിരുന്ന വിവാഹസദ്യ വിളിച്ചുവന്നവർക്കെല്ലാം വിളമ്പുന്നു. സ്റ്റേജിൽ ഡാൻസ് ചെയ്യുന്നു.

ഇതൊക്കെ ഏതു നാട്ടിൽ ഏതു പെൺകുട്ടിക്കു സാധിക്കും എന്നൊക്കെയുള്ള ചോദ്യങ്ങൾ നൂറുശതമാനം ശരിയാണ്. ഇത് സിനിമാറ്റിക്കല്ലേ ഇതിലപ്പുറവും കാണിക്കാമെന്നു നാം പുച്ഛിച്ചു തള്ളുകയും ചെയ്യും. അതും ശരിയാണ്. പക്ഷേ, വിവാഹം മുടങ്ങിപ്പോയിട്ടും ഒരു പെൺകുട്ടി തന്റെ ഭാവിയെ എങ്ങനെ നോക്കിക്കാണുന്നു, സാഹചര്യങ്ങളെയും സ്ഥിതിഗതികളെയും എങ്ങനെ സമീപിക്കുന്നു എന്നതിലെ പോസിറ്റീവു സൂചനയാണ് അർച്ചനയുടെ ഈ തീരുമാനത്തിനു കൈയടി നല്കുന്നത്. എന്റെ ഭാവി തീരുമാനിക്കുന്നതു ഞാനാണെന്നാണ് അവളുടെ ധീരമായ പ്രഖ്യാപനം. ഒരു ജോത്സ്യനല്ല അക്കാര്യം തീരുമാനിക്കുന്നതെന്ന് അവൾ തുടർന്നു പറയുന്നു.

വിവാഹം മുടങ്ങിയതിന്റെ പേരിൽ കരഞ്ഞുംപിഴിഞ്ഞും വീട്ടിലിരിക്കാതെ അവൾ വിവാഹദിവസം ആടിപ്പാടുന്നു. ധീരമായ തീരുമാനങ്ങളെടുക്കുന്നു. ഇതു പുതിയ കാലത്തെ പെൺകുട്ടികളിൽ കാണുന്ന പ്രകടമായ മാറ്റത്തിന്റെ തെളിവാണ്.

കാര്യങ്ങളെ വൈകാരികമായോ ബാലിശമായോ സമീപിക്കുന്നതിനു പകരം യുക്തിസഹമായും വിവേകത്തോടെയും നോക്കിക്കാണുന്ന പെൺകുട്ടികളുടെ ലോകമാണ് ഇത്. അതിരുകടന്ന വൈകാരികതയിൽനിന്നും നിസ്സഹായതയിൽനിന്നും മോചനം നേടി സ്വന്തം കാലിൽ നില്ക്കാൻ കരുത്തു നേടിയ സ്ത്രീകൾ ഇന്നു കുറവൊന്നുമല്ല. വളരെ ശുഭോദർക്കമായ കാര്യമാണിത്.

സ്ത്രീക്കു പുരുഷനെക്കൂടാതെയും ജീവിക്കാൻ കഴിയുമെന്നും അല്ലെങ്കിൽ തന്റെ പാർട്ട്ണറെ തിരഞ്ഞെടുക്കാൻ തനിക്ക് അവകാശമുണ്ടെന്നും അവൾ തിരിച്ചറിഞ്ഞിരിക്കുന്നു. തനിക്കു ഭാരമാകുമെന്നു തോന്നുന്ന ബന്ധങ്ങളെ അറുത്തുമാറ്റാൻ അവൾ തെല്ലും മടിക്കുന്നുമില്ല.

സ്ത്രീയായതിന്റെ പേരിലോ സ്നേഹിച്ചുവെന്നതിന്റെ പേരിലോ വിവാഹപൂർവലൈംഗികതയുടെപേരിലോ ജീവിതകാലം മുഴുവൻ അവനെ സഹിച്ചുജീവിച്ചുകൊള്ളാമെന്ന തീരുമാനമൊന്നും ഇപ്പോഴത്തെ പെൺകുട്ടികൾക്കില്ല. ഉയരെ സിനിമയിലെ



പല്ലവിയെ ഓർക്കുന്നില്ലേ? തന്നെ ഇമോഷണലി ബ്ലാക്ക് മെയിൽ ചെയ്യുന്ന, തന്റെ വളർച്ചയ്ക്കു വിഘാതങ്ങൾ സൃഷ്ടിക്കുന്ന കാമുകനോട് അവൾ ചോദിക്കുന്നത് നിനക്കെന്റെ ജീവിതത്തിൽനിന്ന് ദയവായി ഒന്ന് ഒഴിഞ്ഞുമാറിപ്പോകാമോയെന്നാണ്.

എന്നിട്ടും വിടാതെ പിന്തുടരുന്ന അവനെ അവൾ അറുത്തുമാറ്റുകതന്നെ ചെയ്തു. അതിനു പിന്നീട് അവൾ വലിയ വിലകൊടുക്കേണ്ടി വന്നെങ്കിലും അവളുടെ തീരുമാനം ശരിയായിരുന്നുവെന്നുതന്നെ തെളിയിക്കപ്പെടുന്ന സന്ദർഭംകൂടിയായി അതു മാറുന്നുണ്ട്.

ചാരിത്ര്യമെന്ന സംഗതി സ്ത്രീക്കുമാത്രം ആവശ്യമുള്ളതാണെന്നാണ് ഇന്നും പുരുഷന്മാരുടെയെല്ലാം വിശ്വാസം. തനിക്ക് എവിടെയും പോകാം ഏതു ചെളിയിലും ചവിട്ടാം. പക്ഷേ, തന്റെ പെണ്ണ് സുചരിതയായിരിക്കണം. ഇതാണ് അവന്റെ മട്ട്.

ഇത്തരത്തിലുള്ള ആണഹന്തയുടെ, ആൺപക്ഷത്തിന്റെ നേർക്കായിരുന്നു ഷെയ്ൻ നിഗം നായകനായ ഇഷ്ക് സിനിമയിലെ നായിക തന്റെ നടുവിരൽ ഉയർത്തിക്കാട്ടിയത്. ചാരിത്ര്യശുദ്ധിയുടെ പേരിൽ ചോദ്യം ചെയ്യപ്പെടുമ്പോൾ ഭൂമി പിളർന്നുപോകുന്ന സീതാദേവിമാരുടെ കാലമൊക്കെ കഴിഞ്ഞു. അഗ്നിശുദ്ധി നടത്തി പതിവ്രത ചമയാനും അവൾക്കു മനസ്സില്ലാതെയായിരിക്കുന്നു. ഇഷ്കിലെ നായിക പറയുന്നത് അതാണ്.

വീരനായ നായകന്റെ കരത്തിന്റെ ചൂടറിയുമ്പോൾ അവനോടുള്ള ആരാധനമൂത്ത് പിന്നീടുള്ള കാലം മുഴുവൻ വിനീത ദാസിയായ ഭാര്യയായും പ്രണയിനിയായും (വാണിവിശ്വനാഥ് അവതരിപ്പിച്ച കഥാപാത്രങ്ങൾ) മാറുന്ന പെണ്ണുങ്ങളൊക്കെ കാലഹരണപ്പെട്ടുപോയി. 'എന്റെ വീട്ടിൽ താമസിച്ച് എനിക്കു വച്ചുവിളമ്പാനും എന്റെ മക്കളെ പെറ്റുപോറ്റാനും രാത്രിയിൽ എന്റെ സ്നേഹകാമങ്ങൾക്കു കീഴ്പ്പെടാനും ഇത്തിരി കള്ളടിച്ചു വന്ന് ഞാൻ വച്ചുതരുന്ന വീക്കുകൾ സന്തോഷത്തോടെ ഏറ്റുവാങ്ങാനും പിന്നെ ഞാൻ വടിയായി തെക്കേലെ മാവുവെട്ടി എന്നെ കത്തിക്കുമ്പോൾ വാവിട്ടുനിലവിളിക്കാനും എനിക്കൊരു പെണ്ണിനെ ആവശ്യമുണ്ട് (നരസിംഹം) എന്നു പറയുന്ന ഫ്യൂഡലിസ്റ്റ് നായകന്മാരോടു നീ പോ മോനേ ദിനേശാ എന്നു പറയാൻ കരുത്തുള്ളവരായി ഇന്നത്തെ സ്ത്രീകൾ മാറിയിരിക്കുന്നു. പുരുഷനോടു ബന്ധപ്പെടുത്തി മാത്രമല്ല തങ്ങൾ നിർവചിക്കപ്പെടേണ്ടതെന്ന തിരിച്ചറിവിലേക്ക് അവർ വളർന്നുകഴിഞ്ഞു.

ഭർത്താവിനെ തിരഞ്ഞെടുക്കുന്നതുമുതൽ ലൈംഗികതവരെയുള്ള കാര്യങ്ങളിൽ സ്വന്തം അഭിപ്രായം പറയാൻ കഴിവും സ്വാതന്ത്ര്യവും ഉള്ളവരാണ് ഇന്നത്തെ സ്ത്രീകൾ. ഭർത്താവിന്റെ ആട്ടും തുപ്പും സഹിച്ചു കഴിയുന്നതാണ് ഉത്തമഭാര്യയുടെ കടമയെന്നു തെറ്റായിധരിച്ച് അയാളുടെ പാദരക്ഷകൾപോലും സാരിത്തുമ്പുകൊണ്ട് തുടച്ചുകൊടുക്കുന്ന (പല്ലാവൂർ ദേവനാരായണൻ) കുടുംബിനിയിൽനിന്നും വീട്ടിലെ സകലമാന ജോലികളും പകലന്തിയോളം ചെയ്തുമടുത്ത് രാത്രിയിൽ ഏകപക്ഷീയമായ ലൈംഗികതാത്പര്യങ്ങൾക്കു മനസ്സില്ലാമനസ്സോടെ വഴങ്ങിക്കൊടുക്കുന്ന ബിന്ദുമാരിൽനിന്നും (വെറുതെ ഒരു ഭാര്യ) ഫോർപ്ലേയൊക്കെ ആവാം എന്ന് അഭിപ്രായം പറയുന്ന ഭാര്യമാരിലേക്ക് (ദ ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ) നമ്മുടെ സ്ത്രീകളും സമൂഹവും ദാമ്പത്യവ്യവസ്ഥയും മാറിയിരിക്കുന്നു. ഈ മാറ്റം സൃഷ്ടിച്ച ആഘാതം കുറച്ചൊന്നുമല്ല.

അറിഞ്ഞോ അറിയാതെയോ പുരുഷനിൽനിന്ന് ഒഴിവാക്കപ്പെടുന്ന സ്ത്രീകൾ തങ്ങളുടേതായ രീതിയിൽ ഇടം കണ്ടെത്തിയിരിക്കുന്ന ലോകംകൂടിയാണ് ഇത്. പുരുഷന്റെ അസാന്നിധ്യത്തിൽ സ്വന്തം സാധ്യതകളെ പ്രകാശിപ്പിക്കാൻ കഴിവുള്ളവരായി അവർ മാറുന്നു. തുഴ നഷ്ടപ്പെട്ട ജീവിതത്തോണി ഏതു പ്രതികൂലങ്ങൾക്കു നടുവിലും തീരത്തെത്തിക്കാൻ അവർ ആർജവം കാണിക്കുന്നു. വാടിപ്പോകുന്ന പെണ്ണിനു പകരം തീയിൽക്കുരുത്തുനില്ക്കുന്ന പുതിയ പെൺമുഖമായി സിനിമകളിലെ സ്ത്രീകഥാപാത്രങ്ങൾ അവതരിപ്പിക്കപ്പെടുന്നു.

ശ്രീനിവാസന്റെ ചിന്താവിഷ്ടയായ ശ്യാമളയും റോഷൻ ആൻഡ്രൂസിന്റെ ഹൗ ഓൾഡ് ആർ യുവും പോലെയുള്ള സിനിമകൾ വെട്ടിത്തുറന്നുകൊടുത്തത് വ്യത്യസ്തമായ ഒരു പാതയും വീക്ഷണവും അതിജീവനവും സ്ത്രീജീവിതവുമായിരുന്നു.

മാറിയ കാലത്തെ മാറിയ സ്ത്രീയെക്കുറിച്ച് ഇങ്ങനെ പോസിറ്റീവായിപ്പറയാൻ ഒരുപിടിയുണ്ടെങ്കിലും സ്ത്രീമഹത്ത്വം ഘോഷിക്കാനും, സ്ത്രീസ്വാതന്ത്ര്യം വെളിപ്പെടുത്താനും, അവനെക്കാൾ താൻ ഒട്ടും പിന്നിലല്ലെന്നു സ്ഥാപിച്ചെടുക്കാനുമുള്ള ചില സ്ത്രീശ്രമങ്ങൾ അപഹാസ്യവും നിന്ദ്യവും അപലപനീയവുമായിത്തീരുന്നുണ്ടെന്ന കാര്യവും പറയാതിരിക്കാനാവില്ല. അതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് ഫ്രീഡം ഫൈറ്റ് എന്ന ആന്തോളജിയിലെ ഗീതു അൺചെയിൻഡ് എന്ന ഹ്രസ്വസിനിമ.

ടോക്സിക് ആയ ചില ആൺ സൗഹൃദങ്ങളെ, അവ തനിക്ക് പിന്നീട് ഭാരമായി മാറുമെന്നു മനസ്സിലാക്കി ഗീതു വേണ്ടെന്നു വയ്ക്കുന്നുണ്ട്. അതവളുടെ സ്വാതന്ത്ര്യവും തിരഞ്ഞെടുപ്പും. അതിനെ അഭിനന്ദിക്കാതിരിക്കാനാവില്ല പക്ഷേ, വിവാഹത്തോളമെത്തുന്ന ഒരു ബന്ധത്തിൽ ആൺസുഹൃത്ത് തന്നെ ചോദ്യം ചെയ്യുകയും തിരുത്തുകയും ചെയ്യുമ്പോൾ അവൾ അവനെ നേരിടുന്നത് ഒരു തെറി വിളിച്ചുകൊണ്ടാണ്.

തെറിവിളിക്കുന്നത് ഏതു സാഹചര്യത്തിലും സംസ്കാരഹീനതയാണ്. ആരു വിളിച്ചാലും അത് അപലപനീയവുമാണ്. ഗീതുവിനോടു പക്ഷം ചേർന്നു ചിന്തിക്കുകയും അവളോട് അനുഭാവപൂർവം ഇടപെടുകയും ചെയ്യുന്ന പ്രേക്ഷകനെപ്പോലും അപ്രതീക്ഷിതമായി ഗീതു നടത്തുന്ന ഈ ആക്രമണം ഞെട്ടിച്ചുകളയുന്നുണ്ട്. പക്ഷേ, ഈ തെറിയെയും സ്ത്രീസ്വാതന്ത്ര്യപ്രഖ്യാപനമായി കണ്ടു കൈയടിക്കുന്നവരുണ്ടെന്നതാണ് ഒരു യാഥാർത്ഥ്യം, അതാണു ഖേദകരവും.

ക്ലബ് ഹൗസുകളിലെ സ്ത്രീകളുടെ തെറിവിളികളും അശ്ലീല സംഭാഷണങ്ങളും ഇന്ന് സോഷ്യൽ മീഡിയയിൽ വൈറലാണല്ലോ. പുരുഷന്മാരോട് അല്ലെങ്കിൽ ഒരു വിഭാഗം സ്ത്രീകളോടു മാത്രം പറയുമെന്നു വിചാരിച്ചിരുന്ന, സഭ്യതയുടെ അതിർവരമ്പുകൾ ലംഘിക്കുന്ന സംഭാഷണങ്ങളാണ് ഇന്ന് സ്ത്രീകൾ യാതൊരു മറയുമില്ലാതെ വിളിച്ചുകൂവുന്നത്.

തെറിവിളിച്ചു നേടേണ്ടതല്ല സ്ത്രീയുടെ സ്വാതന്ത്ര്യം. അവൾ അബലയും ചപലയുമാണെന്നത് പഴകിത്തേഞ്ഞ നിർവചനങ്ങളും വ്യാഖ്യാനങ്ങളുമാണ്. ഇന്ന് പുരുഷനൊപ്പമോ ചിലയിടങ്ങളിലെങ്കിലും പുരുഷനെക്കാളുമോ മികച്ച നിലയിൽ പ്രവർത്തിക്കാൻ കഴിവുള്ളവളും സ്വപ്രത്യയസ്ഥൈര്യത്തോടെ മുന്നോട്ടുപോകുന്നവളുമാണ് സ്ത്രീ.

സ്ത്രീകളെ മാനിക്കുന്ന പുരുഷന്മാരും പുരുഷന്മാരെ മാനിക്കുന്ന സ്ത്രീകളുമാണ് ഈ സമൂഹത്തിനും കാലത്തിനും ആവശ്യം. പരസ്പരം ആദരിച്ചും സ്നേഹിച്ചും മുന്നോട്ടുപോകേണ്ടതാണ് ആ ബന്ധം. അതിന് ഉലച്ചിലുണ്ടാക്കുന്ന ഒരുതരത്തിലുള്ള പെരുമാറ്റവും വാക്കും ഇരുഭാഗത്തുനിന്നുമുണ്ടാകരുത്. കൊടുക്കുന്നതാണല്ലോ തിരിച്ചുകിട്ടുന്നത്. പരസ്പരാദരവോടെ കൈകൾ കോർത്തുപോകുന്ന ആൺ - പെൺ സൗഹൃദങ്ങളുടെയും ബന്ധങ്ങളുടെയും കാലം നമുക്ക് ഇനിയെങ്കിലും ഉണ്ടാകട്ടെ. ■

Deepanalam Weekly
RNI No : 16998/68
Vol. 55 ■ No. 15 ■ Date of Publication 9 June 2022
■ Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

ഒരു കാലഘട്ടത്തിന്റെയും ഒരു തലമുറയുടെയും
പാലായിലെ ജനസമൂഹത്തിന്റെയും വിലപ്പെട്ട ചരിത്രരേഖ

## സാംസൺ പാലായുടെ
# ഒരു പാലാക്കാരന്റെ ഹൃദയത്തുടിപ്പുകൾ
(അനുഭവക്കുറിപ്പുകൾ)


സാംസൺ പാലാ



വില: 250 രൂപ
കോപ്പികൾക്ക്:
സാംസൺ പാലാ
(mob: 7559982102)
- സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
- അൽഫോൻസാ ബുക്സ്റ്റാൾ, പാലാ
- സിൻസിയർ ബുക്സ്, പാലാ

**ഈ പുസ്തകത്തെക്കുറിച്ച്**

വളരെ ഹൃദ്യവും സരസവുമായ വായനാനുഭവമാണ് സാംസൺ പാലായുടെ 'ഒരു പാലാക്കാരന്റെ ഹൃദയത്തുടിപ്പുകൾ' നൽകിയത്. ഒരു പാലാക്കാരനെന്ന നിലയിൽ അതെന്നെ നല്ല ഓർമ്മകളുടെ ഒരു ലോകത്തേക്കു നയിച്ചു. ഏതു വായനക്കാരനെയും പിടിച്ചിരുത്തുന്നവയാണ് അദ്ദേഹത്തിന്റെ ജീവിതകഥയും സംഭവബഹുലമായ സ്മരണകളും. പഴയ പാലായുടെയും ഇന്നത്തെ പാലായുടെയും ശ്രീ സാംസൺ നൽകുന്ന വിവരണങ്ങൾ തദ്ദേശചരിത്രരചനയുടെ ഒന്നാന്തരം ഉദാഹരണങ്ങളാണ്. ഇത്തരം മനുഷ്യാനുഭവങ്ങളാണ് യഥാർത്ഥ ചരിത്രം, രാജാവും രാജ്ഞിയും ഭരണകൂടങ്ങളും മറ്റുമല്ല എന്നതാണു വാസ്തവം. ഒരുവിധത്തിലുള്ള വ്യക്തിഗത സ്മരണകളിലാണ് ജീവിക്കപ്പെടുന്ന ജീവിതങ്ങളുടെ ആത്മാവ് നിറഞ്ഞുനിൽക്കുന്നത്. യാത്രാസ്നേഹി, ഫോട്ടോഗ്രാഫർ, സംഗീതപ്രേമി, ചിത്രകാരൻ, സഹൃദയൻ, ജീവിതസ്നേഹി എന്നെല്ലാമുള്ള വിശേഷണങ്ങൾക്ക് പൂർണമായും അർഹനാണ് ഈ ഓർമ്മക്കുറിപ്പുകളിലൂടെ ഉരുത്തിരിയുന്ന സാംസൺ പാലാ എന്ന വ്യക്തി. പരമ്പരാഗത രീതികളിൽനിന്ന് പലവിധത്തിലും വ്യത്യസ്തത പുലർത്തുന്ന ഒരു സർഗ്ഗാത്മകമായ ജീവിതരേഖയാണ് ഈ പുസ്തകം. ധാരാളം ചിത്രങ്ങൾ ഇതിനെ കൂടുതൽ ആകർഷകമാക്കുന്നു. ആസ്വാദ്യവും ലളിതവുമായ ആഖ്യാനം അതിന്റെ പാരായണപരത വർദ്ധിപ്പിക്കുന്നു.



സക്കറിയ (സാഹിത്യകാരൻ)

ഉടൻ പ്രസിദ്ധീകരിക്കുന്നു...

■ ലോകത്തിലെ എല്ലാ ഭൂഖണ്ഡങ്ങളിലൂടെയും സാംസൺ പാലാ നടത്തിയ അതിസാഹസികയാത്രയുടെ നേർക്കാഴ്ചകൾ! ■ ലോകാദ്ഭുതങ്ങളുടെ നാട്ടിലെ സഞ്ചാരകഥകൾ കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ വിജ്ഞാനപ്രദം!! ■ ദീപനാളത്തിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ പുസ്തകരൂപത്തിൽ ഉടൻ പുറത്തിറങ്ങുന്നു.

**ലോകാദ്ഭുതങ്ങളുടെ നാട്ടിലൂടെ**
പ്രസാധനം: ദീപനാളം പബ്ലിക്കേഷൻസ്, പാലാ

---

33 വർഷത്തെ സേവനപാരമ്പര്യം

# നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ Jn; അരുണാപുരം പി.ഒ., പാലാ
Govt. V.H.S.S. നു സമീപം പൊൻകുന്നം
Ph: 9495195739, 9495021259

ഉയർന്ന വിജയശതമാനം
ഹോസ്റ്റൽ സൗകര്യം

പരിചയസമ്പന്നരായ അധ്യാപകർ
വിദ്യാർത്ഥികൾക്കു ബസ് കൺസഷൻ

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities

6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A. - All subjects (M.G. University)
B.Com - Finance and Taxation, Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes

HINDI TTC
എസ്എസ്എൽസിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷംകൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.

---

# കൊട്ടത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ
- (ആനോ-റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

---




# ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2008 Certified Company
കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം
KTS PRODUCTS
www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org